No/303/2021/SRG/LSGD(CC)(6)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2022 ന് നടന്ന (ഓൺലൈൻ) യോഗത്തിന്റെ നടപടി കുറിപ്പ്

യോഗം ഉച്ചകഴിഞ്ഞ് 3.00 മണിക്ക് ആരംഭിച്ചു. ബഹു. തദ്ദേശസ്വയംഭരണ – എക്സൈസ് വകുപ്പുമന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

### 1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2021-22-ലെ വാർഷിക പദ്ധതി പുരോഗതി - അവലോകനം

10.02.22 വരെയുള്ള ആകെ പദ്ധതി ചെലവ് 47.02 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 48.40 ശതമാനം വരും. ഏറ്റവും കൂടുതൽ പദ്ധതി ചെലവ് ആലപ്പുഴ ജില്ലയിലും (54.54ശതമാനം) ഏറ്റവും കുറവ് കോഴിക്കോട് ജില്ലയിലുമാണ് (42.27 ശതമാനം). 90.87 കോടി രൂപയുടെ 4991 ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗ് ആയി ഉണ്ട്. മെയിന്റനൻസ് ഗ്രാന്റ് കൂടി ചേർത്താൽ ആകെ 123.26 കോടി രൂപയുടെ 6730 ബില്ലുകളാണ് ട്രഷറിയിൽ പെന്റിംഗ് ആയി ഉള്ളത്.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം (ശതമാനം)**

| ക്രമ നമ്പർ | തദ്ദേശഭരണ സ്ഥാപനം | ജനറൽ | SCP | TSP | CFC | Total |
|---|---|---|---|---|---|---|
| 1 | **ഗ്രാമ പഞ്ചായത്ത്** | 67.92 | 58.85 | 56.18 | 19.74 | 53.86 |
| 2 | **ബ്ലോക്ക് പഞ്ചായത്ത്** | 58.83 | 52.56 | 49.53 | 20.25 | 48.21 |
| 3 | **ജില്ലാ പഞ്ചായത്ത്** | 44.28 | 34.66 | 31.28 | 16.00 | 34.96 |
| 4 | **മുനിസിപ്പാലിറ്റി** | 80.90 | 35.65 | 19.00 | 16.13 | 45.57 |
| 5 | **കോർപ്പറേഷൻ** | 37.44 | 27.10 | 11.21 | 10.55 | 29.61 |
| 6 | **ആകെ** | 61.25 | 49.33 | 47.25 | 17.68 | 47.00 |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം (ശതമാനം)**

| | | |
|---|---|---|
| 1 | ആലപ്പുഴ | 54.54 |
| 2 | കൊല്ലം | 51.53 |
| 3 | കോട്ടയം | 50.09 |
| 4 | തൃശ്ശൂർ | 49.81 |
| 5 | വയനാട് | 48.68 |
| 6 | പാലക്കാട് | 47.18 |
| 7 | പത്തനംതിട്ട | 47.00 |

| | | |
|---|---|---|
| 8 | എറണാകുളം | 45.76 |
| 9 | തിരുവനന്തപുരം | 45.23 |
| 10 | കണ്ണൂർ | 45.17 |
| 11 | കാസർഗോഡ് | 44.84 |
| 12 | മലപ്പുറം | 44.54 |
| 13 | ഇടുക്കി | 44.08 |
| 14 | കോഴിക്കോട് | 42.27 |

### തദ്ദേശഭരണസ്ഥാപനം തിരിച്ച് പെന്റിംഗ് ബില്ലുകളുടെ എണ്ണവും തുകയും

| തദ്ദേശഭരണ സ്ഥാപനം | ബില്ലുകളുടെ എണ്ണം | തുക(കോടി) |
|---|---|---|
| 1) ഗ്രാമപഞ്ചായത്ത് | 4591 | 63.15 |
| 2) ബ്ലോക്ക് പഞ്ചായത്ത് | 921 | 13.61 |
| 3) ജില്ലാ പഞ്ചായത്ത് | 452 | 18.27 |
| 4) മുനിസിപ്പാലിറ്റി | 561 | 15.80 |
| 5) കോർപ്പറേഷൻ | 205 | 12.43 |
| **ആകെ** | **6730** | **123.26** |

**പുതിയ പ്രോജക്ടുകളുടേയും സ്പിൽ ഓവർ പ്രോജക്ടുകളുടേയും തരം തിരിച്ചുള്ള ചെലവ് താഴെ ചേർക്കുന്നു.**

| തദ്ദേശഭരണ സ്ഥാപനം | പദ്ധതി ചെലവ് (ശതമാനം) | | | | | |
|---|---|---|---|---|---|---|
| | പുതിയ പ്രോജക്ടുകൾ | കഴിഞ്ഞ CCക്കു ശേഷമുള്ള വർദ്ധനവ് | സ്പിൽ ഓവർ പ്രോജക്ടുകൾ | കഴിഞ്ഞ CCക്കു ശേഷമുള്ള വർദ്ധനവ് | ആകെ | കഴിഞ്ഞ CCക്കു ശേഷമുള്ള വർദ്ധനവ് |
| 1) ഗ്രാമപഞ്ചായത്ത് | 46.64 | 10.55 | 7.22 | 0.91 | 53.86 | 11.46 |
| 2) ബ്ലോക്ക് പഞ്ചായത്ത് | 41.31 | 8.18 | 6.9 | 0.74 | 48.21 | 8.92 |
| 3) ജില്ലാ പഞ്ചായത്ത് | 28.16 | 7.65 | 6.8 | 0.77 | 34.96 | 8.42 |
| 4) മുനിസിപ്പാലിറ്റി | 36.31 | 11.58 | 9.26 | 2.14 | 45.57 | 13.72 |
| 5) കോർപ്പറേഷൻ | 20.28 | 02.33 | 9.33 | 0 | 29.61 | 1.91 |
| **ആകെ** | **39.36** | **8.97** | **7.64** | **0.93** | **47** | **9.9** |

### മുൻ വർഷങ്ങളിൽ ജനുവരി 31 ലെ പദ്ധതി ചെലവ് (ശതമാനം)

| | |
|---|---|
| **2014-15** | 39.89 |
| **2015-16** | 37.78 |
| **2016-17** | 29.51 |
| **2017-18** | 54.38 |
| **2018-19** | 64.02 |
| **2019-20** | 46.17 |
| **2020-21** | 62.11 |
| **2021-22** | **47.02 (10.02.2022 വരെ)** |

## 1) വകുപ്പുതലം/ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി ചെലവിന്റെ വിവരം

| ക്രമ നമ്പർ | വകുപ്പ് തല / നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് | ശതമാനം |
|---|---|---|
| 1 | ആയുർവേദം | 86 |
| 2 | സാമൂഹ്യ നീതി / വനിതാ ശിശുവികസനം | 80 |
| 3 | ഹോമിയോ | 77 |
| 4 | നഗരസഭയിലെ സെക്രട്ടറി, നഗരസഭയിലെ മറ്റ് ഉദ്യോഗസ്ഥർ | 66 |
| 5 | ആരോഗ്യം | 69 |
| 6 | ഗ്രാമ- ജില്ലാ പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി തുടങ്ങിയവർ | 67 |
| 7 | ക്ഷീരവികസനം | 65 |
| 8 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, വി.ഇ.ഒ തുടങ്ങിയവർ | 65 |
| 9 | കൃഷി | 65 |

| ക്രമ നമ്പർ | വകുപ്പ് തല / നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് | ശതമാനം |
|---|---|---|
| 10 | വിദ്യാഭ്യാസം | 53 |
| 11 | പട്ടികജാതി വികസന വകുപ്പിലെ ഉദ്യോഗസ്ഥർ | 52 |
| 12 | മൃഗസംരക്ഷണം | 52 |
| 13 | പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥർ | 49 |
| 14 | തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം | 26 |
| 15 | വ്യവസായം | 22 |
| 16 | ഫിഷറീസ് | 21 |
| 17 | മണ്ണ് സംരക്ഷണം | 7 |
| 18 | ഖാദി, ഗ്രാമ വ്യവസായം | 6 |

## 2) ഏറ്റവും കുറവ് പദ്ധതിചെലവു വരുത്തിയ 10 ഗ്രാമപഞ്ചായത്തുകൾ (താഴെ നിന്നുള്ള ക്രമത്തിൽ)

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | ജില്ല | പദ്ധതി ചെലവ് (ശതമാനം) |
|---|---|---|---|
| 1 | കുട്ടമ്പുഴ | എറണാകുളം | 14.35 |
| 2 | ഇടമലക്കുടി | ഇടുക്കി | 18.15 |
| 3 | നെല്ലിയാമ്പതി | പാലക്കാട് | 19.19 |
| 4 | മൂന്നാർ | ഇടുക്കി | 22.07 |
| 5 | പാറക്കടവ് | എറണാകുളം | 27.42 |
| 6 | തണ്ണിത്തോട് | പത്തനംതിട്ട | 27.92 |
| 7 | മുതുകുളം | ആലപ്പുഴ | 27.98 |
| 8 | മംഗൽപാടി | കാസർഗോഡ് | 28.55 |
| 9 | ഷോളയൂർ | പാലക്കാട് | 28.67 |
| 10 | പുതൂർ | പാലക്കാട് | 28.96 |

3) ഏറ്റവും കുറവ് പദ്ധതിചെലവു വരുത്തിയ 10 ബ്ലോക്ക് പഞ്ചായത്തുകൾ (താഴെ നിന്നുള്ള ക്രമത്തിൽ)

| ക്രമ നമ്പർ | ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | ജില്ല | പദ്ധതി ചെലവ് (ശതമാനം) |
|---|---|---|---|
| 1 | വണ്ടൂർ | മലപ്പുറം | 19.02 |
| 2 | മണ്ണാർക്കാട് | പാലക്കാട് | 21.03 |
| 3 | അട്ടപ്പാടി | പാലക്കാട് | 23.01 |
| 4 | മഞ്ചേശ്വരം | കാസർഗോഡ് | 23.76 |
| 5 | ദേവികുളം | ഇടുക്കി | 26.90 |
| 6 | അഴുത | ഇടുക്കി | 27.42 |
| 7 | നിലമ്പൂർ | മലപ്പുറം | 27.61 |
| 8 | വടകര | കോഴിക്കോട് | 31.51 |
| 9 | കാളികാവ് | മലപ്പുറം | 32.09 |
| 10 | വാഴക്കുളം | എറണാകുളം | 32.92 |

4) ഏറ്റവും കുറവ് പദ്ധതിചെലവു വരുത്തിയ 10 മുനിസിപ്പാലിറ്റികൾ (താഴെ നിന്നുള്ള ക്രമത്തിൽ)

| ക്രമ നമ്പർ | മുനിസിപ്പാലിറ്റിയുടെ പേര് | ജില്ല | പദ്ധതി ചെലവ് (ശതമാനം) |
|---|---|---|---|
| 1 | മലപ്പുറം | മലപ്പുറം | 9.05 |
| 2 | പന്തളം | പത്തനംതിട്ട | 27.30 |
| 3 | പാനൂർ | കണ്ണൂർ | 28.35 |
| 4 | നീലേശ്വരം | കാസർഗോഡ് | 31.13 |
| 5 | കാഞ്ഞങ്ങാട് | കാസർഗോഡ് | 31.78 |
| 6 | പരപ്പനങ്ങാടി | മലപ്പുറം | 33.07 |
| 7 | വടകര | കോഴിക്കോട് | 34.31 |
| 8 | ചങ്ങനാശ്ശേരി | കോട്ടയം | 35.37 |
| 9 | മണ്ണാർക്കാട് | പാലക്കാട് | 35.77 |
| 10 | നിലമ്പൂർ | മലപ്പുറം | 36.07 |

5) ജില്ലാ പഞ്ചായത്തുകളുടെ പദ്ധതികളുടെ ചെലവ് (താഴെ നിന്നുള്ള ക്രമത്തിൽ)

| ക്രമ നമ്പർ | ജില്ലാ പഞ്ചായത്തിന്റെ പേര് | പദ്ധതി ചെലവ് (ശതമാനം) % |
|---|---|---|
| 1 | ഇടുക്കി | 20.14 |
| 2 | പത്തനംതിട്ട | 22.97 |
| 3 | കോഴിക്കോട് | 28.38 |
| 4 | മലപ്പുറം | 30.25 |
| 5 | കാസർഗോഡ് | 32.31 |
| 6 | കോട്ടയം | 32.63 |
| 7 | ആലപ്പുഴ | 32.74 |

| | | |
|---|---|---|
| 8 | കൊല്ലം | 36.85 |
| 9 | എറണാകുളം | 37.55 |
| 10 | തിരുവനന്തപുരം | 37.86 |
| 11 | വയനാട് | 38.02 |
| 12 | പാലക്കാട് | 41.91 |
| 13 | കണ്ണൂർ | 42.45 |
| 14 | തൃശ്ശൂർ | 44.48 |

**6) കോർപ്പറേഷനുകളുടെ പദ്ധതികളുടെ ചെലവ് (താഴെ നിന്നുള്ള ക്രമത്തിൽ)**

| ക്രമ നമ്പർ | കോർപ്പറേഷന്റെ പേര് | പദ്ധതി ചെലവ് (ശതമാനം) |
|---|---|---|
| 1 | കണ്ണൂർ | 23.20 |
| 2 | തൃശ്ശൂർ | 25.24 |
| 3 | തിരുവനന്തപുരം | 26.37 |
| 4 | കോഴിക്കോട് | 26.87 |
| 5 | കൊല്ലം | 35.65 |
| 6 | കൊച്ചി | 40.72 |

**7) ഏറ്റവും കൂടുതൽ പദ്ധതിചെലവു വരുത്തിയ 10 ഗ്രാമപഞ്ചായത്തുകൾ**

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | ജില്ല | പദ്ധതി ചെലവ് (ശതമാനം) |
|---|---|---|---|
| 1 | നെടുമുടി | ആലപ്പുഴ | 100+ |
| 2 | അഞ്ചുതെങ്ങ് | തിരുവനന്തപുരം | 91.09 |
| 3 | വട്ടവട | ഇടുക്കി | 85.59 |
| 4 | കോട്ടങ്ങൽ | പത്തനംതിട്ട | 85.48 |
| 5 | കൂതാളി | കോഴിക്കോട് | 85.29 |
| 6 | പൂമംഗലം | തൃശ്ശൂർ | 83.54 |
| 7 | തൃക്കൂർ | തൃശ്ശൂർ | 82.82 |
| 8 | കൊടകര | തൃശ്ശൂർ | 82.81 |
| 9 | ശാസ്താംകോട്ട | കൊല്ലം | 82.37 |
| 10 | വടവ്കോട്-പുത്തൻകുരിശ്ശ് | എറണാകുളം | 82.21 |

**8) ഏറ്റവും കൂടുതൽ പദ്ധതിചെലവു വരുത്തിയ 10 ബ്ലോക്ക് പഞ്ചായത്തുകൾ**

| ക്രമ നമ്പർ | ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | ജില്ല | പദ്ധതി ചെലവ് (ശതമാനം) |
|---|---|---|---|
| 1 | പാനൂർ | കണ്ണൂർ | 77.01 |
| 2 | ഇളംദേശം | ഇടുക്കി | 73.68 |
| 3 | ചെങ്ങന്നൂർ | ആലപ്പുഴ | 68.93 |
| 4 | പട്ടണക്കാട് | ആലപ്പുഴ | 67.92 |
| 5 | അന്തിക്കാട് | തൃശ്ശൂർ | 67.14 |

| | | | |
|---|---|---|---|
| 6 | നെടുമങ്ങാട് | തിരുവനന്തപുരം | 66.26 |
| 7 | വൈപ്പിൻ | എറണാകുളം | 65.61 |
| 8 | ചൊവ്വന്നൂർ | തൃശ്ശൂർ | 65.28 |
| 9 | വടവുകോട് | എറണാകുളം | 64.44 |
| 10 | വാഴൂർ | കോട്ടയം | 63.27 |

9) **ഏറ്റവും കൂടുതൽ പദ്ധതിചെലവു വരുത്തിയ 10 മുനിസിപ്പാലിറ്റികൾ**

| **ക്രമ നമ്പർ** | **മുനിസിപ്പാലിറ്റിയുടെ പേര്** | **ജില്ല** | **പദ്ധതി ചെലവ് (ശതമാനം)** |
|---|---|---|---|
| 1 | കോതമംഗലം | എറണാകുളം | 67.38 |
| 2 | കുന്നംകുളം | തൃശ്ശൂർ | 66.10 |
| 3 | ചാവക്കാട് | തൃശ്ശൂർ | 65.97 |
| 4 | ആന്തൂർ | കണ്ണൂർ | 65.70 |
| 5 | ഒറ്റപ്പാലം | പാലക്കാട് | 65.64 |
| 6 | തിരൂരങ്ങാടി | മലപ്പുറം | 62.66 |
| 7 | കൊടുങ്ങല്ലൂർ | തൃശ്ശൂർ | 61.80 |
| 8 | മുക്കം | കോഴിക്കോട് | 61.71 |
| 9 | ഗുരുവായൂർ | തൃശ്ശൂർ | 61.58 |
| 10 | മാവേലിക്കര | ആലപ്പുഴ | 61.58 |

## 2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1) 12.08.2020 -ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിലെ തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1. ഖണ്ഡിക 3.9

സ്ഥലം ലഭ്യമല്ലാത്തതിനാൽ തോട്ടം മേഖലയിലെ കുടുംബങ്ങളെ ഭവന നിർമ്മാണത്തിന് സഹായിക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സാധിക്കുന്നില്ല. നിലവിൽ ഇവരുടെ പാർപ്പിട സൗകര്യം വളരെ മോശമാണ്.

തോട്ടം മേഖലയിൽ ഭവന നിർമ്മാണത്തിന് സ്ഥലം കണ്ടെത്താൻ ബുദ്ധിമുട്ടുള്ള 37 ഗ്രാമപഞ്ചായത്തുകളാണ് ഉള്ളതെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ മേഖലയിലെ ഗ്രാമപഞ്ചായത്തുകളിൽ ഭവന നിർമ്മാണത്തിന് ഭൂമി കണ്ടെത്താൻ കഴിയാത്ത കുടുംബങ്ങളുടെ എണ്ണവും ഡയറക്ടർ നൽകിയിട്ടുണ്ട്.

## തോട്ടം മേഖലയിലെ ഭവന നിർമ്മാണം സംബന്ധിച്ച വിവരം

| ജില്ല | ഗ്രാമപഞ്ചായ ത്തിന്റെ പേര് | തോട്ടം മേഖലയിലെ ഭവന രഹിത ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| **തിരുവനന്തപുരം** | പെരിങ്ങമല | 48 |
| | വിതുര | 151 |
| **കൊല്ലം** | കുളത്തൂപ്പുഴ | 112 |
| | ഏരൂർ | 328 |
| | ആര്യൻകാവ് | 203 |
| **പത്തനംതിട്ട** | കൊടുമൺ | 2 |
| | സീതത്തോട് | 148 |
| | മലയാലപ്പുഴ | 168 |
| | അരുവാപ്പുലം | 32 |
| **ഇടുക്കി** | പള്ളിവാസൽ | 320 |
| | മൂന്നാർ | 4465 |
| | ദേവികുളം | 6551 |
| | ശാന്തൻ പാറ | 130 |
| | ചിന്നക്കനാൽ | 1801 |
| | ഉടുമ്പൻചോല | 114 |
| | പീരുമേട് | 925 |
| | ഏലപ്പാറ | 850 |
| | കുമളി | 130 |
| | വണ്ടിപ്പെരിയാർ | 553 |
| | വണ്ടൻമേട് | 73 |
| | ഉപ്പുതറ | 350 |
| | ചക്കുപള്ളം | 46 |
| **എറണാകുളം** | അയ്യമ്പുഴ | 68 |
| **തൃശ്ശൂർ** | ആതിരപ്പള്ളി | 678 |
| | മറ്റത്തൂർ | 21 |
| | വരന്തരപ്പിള്ളി | 221 |
| **വയനാട്** | വൈത്തിരി | 302 |
| | മേപ്പാടി | 481 |
| | മൂപ്പൈനാട് | 385 |
| | നെന്മേനി | 10 |
| | മുട്ടിൽ | 21 |
| | പൊഴുതന | 649 |
| | തിരുനെല്ലി | 3 |
| | തവിഞ്ഞാൽ | 66 |
| | തൊണ്ടൽ നാട് | 15 |
| **കാസറഗോഡ്** | മുളിയർ | 2 |
| | പനത്തടി | 15 |
| **ആകെ** | | **19080** |

ഏറ്റവും അധികം ഗുണഭോക്താക്കൾ ഉള്ളത് മൂന്നാർ, ദേവികുളം ഗ്രാമപഞ്ചായത്തുകളിലാണ് എന്ന 14.07.2021 ലെ യോഗം വിലയിരുത്തിയ പ്രകാരം ഈ പഞ്ചായത്തുകളുടെ പ്രശ്നം മുൻഗണന നൽകി പരിഹരിക്കണമെന്ന തീരുമാനിച്ചു. എസ്റ്റേറ്റ് പ്രദേശമാണ് ഇവിടെയങ്കിലും തോട്ടം വക അല്ലാത്ത സ്ഥലം ഇവിടെ ലഭ്യമാക്കാൻ കഴിയും. പഞ്ചായത്ത് ഡയറക്ടർ ശേഖരിച്ച ഈ ലിസ്റ്റ് റവന്യൂ വകുപ്പ് സെക്രട്ടറിക്ക് കൂടി തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നു നൽകണം. സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി റവന്യൂ വകുപ്പ് പരിശോധിക്കണമെന്ന് ആവശ്യപ്പെടാനും തീരുമാനിച്ചു.

ഈ വിഷയം ബഹു.മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനും തുടർന്ന് ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം നടപടി സ്വീകരിക്കാനും തീരുമാനിച്ചു. ഇതു സംബന്ധിച്ച് സെക്രട്ടറി തലത്തിൽ ഒരു യോഗം കൂടിയിട്ടുണ്ട്. വിശദാംശങ്ങൾ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**2.2. 14.09.2021 -ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ.**

**2.2. ഖണ്ഡിക 3.2**

ഐ.കെ.എം സുലേഖ, സാംഖ്യ സോഫ്റ്റ് വെയറിലൂടെ ഓരോ പ്രോജക്ടിന്റെയും സാമ്പത്തികനേട്ടം കൃത്യമായി അറിയാൻ കഴിയും. സാംഖ്യയിലൂടെ ട്രഷറിയിൽ നിന്നു ബില്ല് മാറുമ്പോൾ തന്നെ ചെലവ് രേഖപ്പെടുത്തുന്നതിനാലാണ് ഈ കൃത്യത ഉള്ളത്. എന്നാൽ ഭൗതിക നേട്ടം ഇതേ രീതിയിൽ അറിയാൻ കഴിയുന്നില്ല. ഭൗതികനേട്ടം രേഖപ്പെടുത്താൻ ഐ.കെ.എം ക്രമീകരണം ചെയ്തിട്ടുണ്ടെങ്കിലും നിർവ്വഹണ ഉദ്യോഗ സ്ഥർ ഇതു കൃത്യമായി ചെയ്യാറില്ല.

ഇതടക്കമുള്ള പ്രശ്നങ്ങൾ പരിഹരിച്ച് ഐ.കെ.എം സോഫ്റ്റ് വെയറിലൂടെ ഭൗതികനേട്ടത്തിന്റെ കണക്ക് കൃത്യമായി എടുക്കാൻ കഴിയുംവിധം ആവശ്യമായ ക്രമീകരണം ചെയ്യുന്നതിന് തീരുമാനിച്ചു. ഇതു സാധ്യമാക്കുന്നതിന് വിഷയങ്ങൾ വിശദമായി പഠിച്ച് റിപ്പോർട്ട് നൽകാൻ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മെമ്പർ (വികേന്ദ്രീകൃതാസൂത്രണം), പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, ഓഡിറ്റ് ഡയറക്ടർ, തദ്ദേശസ്വയം ഭരണവകുപ്പ് ചീഫ് എഞ്ചിനീയർ, ഡയറക്ടർ ജനറൽ സാമ്പത്തിക സ്ഥിതിവിവര കണക്ക് വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫ്, ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവർ അംഗങ്ങളായുള്ള കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ കമ്മിറ്റിയുടെ കൺവീനർ ആയിരിക്കും. ഇതിന്റെ ചെയർമാനായി സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മെമ്പറെ (വികേന്ദ്രീകൃതാസൂത്രണം) 02.12.2021 ലെ യോഗത്തിൽ നിശ്ചയിച്ചു. കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് ഒരു യോഗം 5.10.2021 ൽ ഓൺലൈനായി കൂടി. സ്വീകരിക്കേണ്ട നടപടികൾ വിശദമായി ചർച്ച ചെയ്തു. ചർച്ചയുടെയും യോഗത്തിൽ ഉയർന്നു വന്ന നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ സ്വീകരിച്ച നടപടികളും നടപ്പാക്കാനുദ്ദേശിക്കുന്ന കർമ്മ പരിപാടിയും അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുൻപ് നൽകണമെന്ന് യോഗം നിർദ്ദേശിച്ചു.

**റിപ്പോർട്ട്** :- ഇതുമായി ബന്ധപ്പെട്ട് അടുത്ത ആഴ്ച എസ്.ആർ.ജിയുമായി യോഗം കൂടാൻ തീരുമാനിച്ചിട്ടുണ്ടെന്ന് ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. ഇതു സംബ ന്ധിച്ച ആവശ്യമായ ക്രമീകരണം നടത്തുന്നതിന് തുടർ നടപടി സ്വീകരിക്കാൻ എസ്.ആർ.ജി ചെയർമാനേയും ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെയും ചുമതല പ്പെടുത്തി.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ്**
**2) ചെയർമാൻ, എസ്.ആർ.ജി**
**3) ഡയറക്ടർ, ഐ.കെ.എം**

## 2.2. ഖണ്ഡിക 3.7

തദ്ദേശഭരണസ്ഥാപനങ്ങൾ KSEB, KWA, GWD നിർമ്മിതികേന്ദ്ര പോലുള്ള സ്ഥാപനങ്ങൾ വഴി വിവിധ പ്രവർത്തികൾ ചെയ്യുന്നുണ്ട്. ഈ ഏജൻസികൾക്ക് തുക മുൻകൂറായി ഡിപ്പോസിറ്റ് ചെയ്താണ് പ്രവർത്തി നടപ്പാക്കുന്നത്. എന്നാൽ തുക ഡിപ്പോസിറ്റ് ചെയ്ത് കഴിഞ്ഞ് പലപ്പോഴും വർഷങ്ങൾ കഴിഞ്ഞാണ് പ്രവർത്തി പൂർത്തിയാക്കുന്നത്. ഇങ്ങനെ ഡിപ്പോസിറ്റ് ചെയ്ത തുക ഉപയോഗിക്കപ്പെടാതെ ഇത്തരം ഏജൻസികളിൽ കിടക്കുന്നത് നിയന്ത്രിക്കേണ്ടതുണ്ട്.

2017-18 മുതൽ പൂർത്തിയാക്കാത്ത ഡിപ്പോസിറ്റ് പ്രവർത്തികളുടെ വിശദാംശങ്ങൾ സംബന്ധിച്ച് ജില്ലാ പ്ലാനിംഗ് ഓഫീസർമാർ നൽകിയ റിപ്പോർട്ട് ക്രോഡീകരിച്ച് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫ് നൽകി. വിശദാംശം താഴെ ചേർക്കുന്നു. KSEB, KWA, GWD എന്നീ സ്ഥാപനമേധാവികളുടെ കൂടി സാന്നിധ്യത്തിൽ ഇത് യോഗം അവലോകനം ചെയ്തു.

ജില്ലകളിൽ നിന്നു ലഭിച്ച പ്രകാരമുള്ള വിശദാംശം താഴെ പറയും പ്രകാരമാണ്.

**പൂർത്തിയാക്കാത്ത ഡിപ്പോസിറ്റ് വർക്കുകളുടെ വിവരം – സംക്ഷിപ്തം**

| വകുപ്പിന്റെ പേര് | വർഷം | | | | | | | | | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | 2016-17 വരെ | | 2017-18 | | 2018-19 | | 2019-20 | | 2020-21 | | | |
| | എണ്ണം | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) |
| KSEB | 188 | 595.95 | 220 | 5216.59 | 207 | 1094.88 | 311 | 1080.77 | 399 | 2144.96 | 1325 | 10133.15 |
| KWA | 244 | 1778.98 | 239 | 2482.78 | 353 | 4131.74 | 352 | 2199.87 | 834 | 7075.21 | 2022 | 17668.59 |
| GWD | 56 | 395.91 | 71 | 323.18 | 118 | 466.38 | 112 | 520.46 | 280 | 1058.26 | 637 | 2764.20 |
| NIRMITHI KENDRA | 2 | 48.00 | 4 | 120.00 | 1 | 32.00 | 16 | 364.00 | 14 | 265.80 | 37 | 829.80 |
| Other Agencies | 22 | 141.59 | 29 | 1430.09 | 36 | 2396.59 | 52 | 1168.29 | 128 | 3049.89 | 267 | 8186.45 |
| **ആകെ** | 512 | 2960.43 | 563 | 9572.65 | 715 | 8121.59 | 843 | 5333.40 | 1655 | 13594.12 | 4288 | 39582.19 |

ജില്ലകളിൽ നിന്നും ലഭിച്ച വിവരങ്ങളും KWA, KSEB, GWD എന്നീ സ്ഥാപനങ്ങളുടെ മേധാവികൾ യോഗത്തിൽ അവതരിപ്പിച്ച വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ലെന്ന് യോഗം വിലയിരുത്തിയ പ്രകാരം കൃത്യമായ വിവരങ്ങൾ ശേഖരിക്കാൻ ഈ സ്ഥാപനങ്ങളുടെ മേധാവികളെ ചുമതലപ്പെടുത്തി. അതിനായി ആവശ്യമായ സഹായങ്ങൾ ചെയ്യാൻ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവരെ ചുമതലപ്പെടുത്തി. ഇതിന്റെ വിശദാംശം ശേഖരിച്ച് പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നീ വകുപ്പുമേധാവികൾ നൽകി. ഇത് KWA, KSEB, GWD മേധാവികൾക്കും

നൽകിയിട്ടുണ്ടെന്ന് യോഗത്തിൽ വകുപ്പ മേധാവികൾ അറിയിച്ചു. നൽകിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

## ബ്ലോക്ക് പഞ്ചായത്തുകളിലെ പൂർത്തിയാകാത്ത ഡിപ്പോസിറ്റ് പ്രവൃത്തികളുടെ വിവരം
## (ഗ്രാമവികസന കമ്മീഷണർ നൽകിയ പ്രകാരം)

**(തുക ലക്ഷം)**

| | 2016-17 | | 2017-18 | | 2018-19 | | 2019-20 | | 2020-21 | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| KSEB | 91 | 149.72 | 34 | 114.12 | 37 | 145.36 | 57 | 170.02 | 57 | 190.17 | 278 | 7693.93 |
| KWA | 198 | 793.25 | 117 | 768.70 | 137 | 704.41 | 122 | 664.73 | 218 | 1121.77 | 792 | 4062.87 |
| GWD | 6 | 60.39 | 13 | 160.65 | 29 | 194.07 | 41 | 223.63 | 58 | 244.78 | 147 | 883.52 |
| Nirmithi Kendra | 4 | 55.27 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 4 | 56.27 |
| Other Agencies | 5 | 28.04 | 7 | 142.37 | 6 | 26.25 | 10 | 51.96 | 17 | 99.92 | 45 | 348.58 |
| **ആകെ** | **304** | **1086.67** | **171** | **1185.84** | **207** | **1070.09** | **230** | **1110.37** | **350** | **1656.64** | **1264** | **6109.66** |

## നഗരസഭകളിലെ പൂർത്തിയാകാത്ത പ്രവൃത്തികളുടെ വിവരം
## (നഗരകാര്യ ഡയറക്ടർ നൽകിയ പ്രകാരം)

**(തുക ലക്ഷം)**

| | 2016-17 | | 2017-18 | | 2018-19 | | 2019-20 | | 2020-21 | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| KWA | 110 | 413.27 | 106 | 689.65 | 112 | 634.14 | 134 | 1244.5 | 207 | 4511.49 | 661 | 7161.21 |
| GWD | 12 | 62.20 | 30 | 156.06 | 21 | 91.14 | 18 | 69.32 | 25 | 103.75 | 101 | 362.13 |
| Nirmithi Kendra | 1 | 100 | 1 | 74 | 0 | 0 | 1 | 7.45 | 0 | 0 | 1 | 7.45 |
| KSEB | 60 | 368.17 | 82 | 496.57 | 83 | 249.25 | 83 | 529.09 | 147 | 553.29 | 407 | 2048.43 |
| Other Agencies | 4 | 281.21 | 12 | 63.99 | 11 | 175.57 | 13 | 114.4 | 22 | 376.36 | 55 | 403.42 |
| **ആകെ** | **187** | **1224.86** | **231** | **1480.28** | **227** | **1150.10** | **249** | **1961.77** | **401** | **5544.89** | **1225** | **9982.64** |

## ഗ്രാമപഞ്ചായത്തുകളിലേയും ജില്ലാപഞ്ചായത്തുകളിലേയും പൂർത്തിയാകാത്ത പ്രവൃത്തികളുടെ വിവരം (പഞ്ചായത്ത് ഡയറക്ടർ നൽകിയ പ്രകാരം) (2020-21 വർഷത്തെ ഒഴികെ)

(തുക ലക്ഷം)

| | 2016-17 | | 2017-18 | | 2018-19 | | 2019-20 | | ആകെ | |
|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| KSEB | 117 | 600.67 | 177 | 793.85 | 216 | 676.03 | 220 | 838.47 | 790 | 2909.03 |
| KWA | 194 | 1044.7 | 173 | 967.06 | 226 | 1041.33 | 200 | 1027.17 | 793 | 3519.53 |
| GWD | 40 | 155.52 | 61 | 286.62 | 52 | 288.99 | 68 | 666.857 | 221 | 1397.98 |
| Nirmithi Kendra | 3 | 11.22 | 1 | 2.5 | 1 | 2 | 2 | 29 | 7 | 44.73 |
| Other Agencies | 14 | 128.9 | 16 | 72.13 | 10 | 89.08 | 26 | 95.08 | 65 | 385.12 |
| **ആകെ** | **428** | **1941.01** | **428** | **2122.18** | **505** | **2097.43** | **516** | **2656.58** | **1876** | **8256.46** |

ഇത് KWA, KSEB യിലെ ഡിവിഷനിൽ നിന്നു ലഭിച്ച വിവരങ്ങളുമായി ഒത്തു നോക്കി അന്തിമ വിവരങ്ങൾ നൽകാൻ KWA, KSEB മേധാവികളെ ചുമതലപ്പെടുത്തി. 45 ദിവസത്തിനകം ഈ വിവരങ്ങൾ നൽകണമെന്ന് യോഗം നിർദ്ദേശിച്ചു. ഒപ്പം തദ്ദേശഭരണ സ്ഥാപനം തിരിച്ച വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ KWAക്കും KSEB ക്കും നൽകണം.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)പഞ്ചായത്ത് ഡയറക്ടർ**
**3) നഗരകാര്യ ഡയറക്ടർ**
**4) ഗ്രാമവികസന കമ്മീഷണർ**
**5)മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി**
**6) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള ഇലക്ട്രിസിറ്റി ബോർഡ്**

## 2.3 – 02.12.2021 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.3 ഖണ്ഡിക 3.2

തദ്ദേശഭരണസ്ഥാപനങ്ങൾ KWA, KSEB, GWD തുടങ്ങിയ ഏജൻസികൾ മുഖേന പ്രോജക്ടുകൾ ഡിപ്പോസിറ്റ് വർക്കായി നടപ്പാക്കാറുണ്ട്. ഇത്തരം പ്രോജക്ടുകൾ നടപ്പാക്കുന്നതിന് KWAയും KSEBയും കാലതാമസം വരുത്താറുണ്ട്. ഇതു തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നഷ്ടം വരുത്തും. അതിനാൽ ഇങ്ങനെയുള്ള ഡിപ്പോസിറ്റ് പ്രവർത്തികൾ പൂർത്തിയാക്കാൻ കാലതാമസം വരുകയാണെങ്കിൽ പലിശ തദ്ദേശ

ഭരണസ്ഥാപനങ്ങൾക്ക് നൽകുകയോ പലിശ തുക കൂടി ഡിപ്പോസിറ്റ് തുകയുടെ കൂടെ ചേർക്കുകയോ ചെയ്യണം. ഈ ഏജൻസികൾ ബാങ്കുകളിൽ ഡെപ്പോസിറ്റ് ചെയ്യുന്ന തുകയ്ക്ക് കിട്ടുന്ന പലിശ എത്രയാണോ ആ തുകയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടത്. ഇതിനായി KWA, KSEB തുടങ്ങിയ ഏജൻസികൾ പ്രത്യേകമായി കണക്ക് സൂക്ഷിക്കണം. ഇതിന്മേൽ സ്വീകരിച്ച നടപടി KWA MD, KSEB ചീഫ് എഞ്ചിനീയർ എന്നിവർ തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് ഉടനെ നൽകണം. വകുപ്പ് തലത്തിൽ ഈ വിഷയത്തിന്മേൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുമ്പ് നൽകാമെന്ന് KWA, KSEB മേധാവികൾ അറിയിച്ചിട്ടുണ്ട്.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി**
**3) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള ഇലക്ട്രിസിറ്റി ബോർഡ്**

## 2.4 – 18.12.2021 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.4 ഖണ്ഡിക 4.19

**കരുമല്ലൂർ ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.09.2021, 30.09.2021, എന്നീ തീയതികളിലെ കത്തുകളും കരുമല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.09.2021-ലെ A3-5349/21-ാം നമ്പർ കത്തും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.08.2021-ലെ 1(15) നമ്പർ തീരുമാനവും (SRG 564/21 - CC/397/21)**

***പ്രോ.നം - 99/22*** ***അടങ്കൽ - 5,36,000/- രൂപ***
*(CFC Tied Grant)*

***പേര് - വിവിധ വാർഡുകളിലെ തോട് വൃത്തിയാക്കൽ***

മഴക്കാല ശുചീകരണത്തിന്റെ ഭാഗമായി തോടുകളിലെയും നീർച്ചാലുകളിലെയും മാലിന്യം മാറ്റി നീരൊഴുക്ക് സുഗമമാക്കുന്നതിനായി ടെണ്ടർ/ ക്വട്ടേഷൻ ഇല്ലാതെ JCB, Hitachi, Floating JCB തുടങ്ങിയവ വാടകയ്ക്ക് എടുത്ത് പ്രവൃത്തി നടപ്പാക്കി. ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലനിന്നതിനാലാണ് ടെണ്ടർ/ക്വട്ടേഷൻ ചെയ്യാൻ കഴിയാത്തത് എന്ന് അറിയിച്ചുകൊണ്ട് ചെയ്ത പ്രവൃത്തിക്ക് സാധൂകരണം നൽകണമെന്നത് സംബന്ധിച്ച്. അസിസ്റ്റന്റ് എഞ്ചിനീയർ വാല്യുവേഷൻ നടത്തിയ പ്രകാരം ചെയ്ത പ്രവൃത്തിയുടെ ബിൽ തുക 5,00,248 രൂപയാണ്.

ടെണ്ടർ കൂടാതെ പ്രവൃത്തി ചെയ്തത് വീഴ്ചയാണ് എന്നു യോഗം വിലയിരുത്തി. ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്**:- 2018-ലെ പ്രളയം അതിരൂക്ഷമായി ബാധിച്ച സ്ഥലമായതിനാൽ മഴക്കാലത്തിന് മുൻപ് തോടുകളിലെയും പുഴകളിലെയും മാലിന്യം നീക്കം ചെയ്യേണ്ടത് അത്യാവശ്യ മായിരുന്നു. കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ധനകാര്യ കമ്മീഷൻ ടൈഡ് ഫണ്ടിൽ നിന്ന് 5,36,000/- രൂപ വകയിരുത്തിയിട്ടുള്ളതും ഈ പ്രവർത്തി direct execution വഴി പൂർത്തിയാക്കുന്നതിന് ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. ഈ പ്രവൃത്തിയുടെ നിർവഹണ ഉദ്യോഗസ്ഥൻ സെക്രട്ടറിയാണ്. ആയതിനാൽ ടെണ്ടർ വേണ്ട. എന്നാൽ ഓരോ പ്രവൃത്തിയുടേയും ബില്ലുകളും വൗച്ചറുകളും സെക്രട്ടറി സൂക്ഷിക്കേണ്ടതും ഈ ബിൽ തുക വാല്യുവേഷൻ തുകയുമായി ഒത്ത് ചേരുകയും വേണം.

**തീരുമാനം** :- ഈ പ്രവൃത്തിയുടെ ബില്ലുകളും വൗച്ചറുകളും വാല്യുവേഷൻ തുകയു മായി ഒത്തു ചേരണമെന്ന തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചി നീയറുടെ ശുപാർശ പാലിക്കണമെന്ന നിബന്ധനയോടെ സാധൂ കരണം നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

**2.4 ഖണ്ഡിക 4.38**

**വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.10.2021 -ലെ കത്തും വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.09.2021-ലെ 2(1) -ാം നമ്പർ തീരുമാനവും (SRG 651/21 - CC 422 /2021)**

**പ്രോ.നം. 153/21** ***അടങ്കൽ - 3,00,000/- രൂപ***

***(ധനകാര്യ കമ്മീഷൻ (Basic Grant)***

***പേര് :- ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് LED മിനി മാസ്റ്റ്***

മുകളിൽ പറഞ്ഞ പ്രോജക്ട് നടത്താൻ അക്രഡിറ്റഡ് ഏജൻസികളിൽ നിന്ന് അപേക്ഷ ക്ഷണിച്ച് യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി സെക്രട്ടറി കരാറിലേർപ്പെട്ടു. ഒപ്പം ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച പ്രോജക്ടിന്റെ അടങ്കൽ വർദ്ധിപ്പിക്കാൻ നടപടിയെടുത്തു. ഇതിനു ശേഷമാണ് വെറ്റിംഗിന് അയച്ചത്. ടെണ്ടർ നടത്താതെ പ്രവർത്തി ഏൽപ്പിക്കാവു ന്നതല്ല എന്ന കാരണത്താൽ വെറ്റിംഗ് ഓഫീസർ അനുമതി നിരസിച്ചു. എന്നാൽ ഏജൻസി പ്രവൃത്തി നടപ്പിലാക്കി. അടങ്കൽ തുക വർദ്ധിപ്പിക്കാൻ സുലേഖ സോഫ്റ്റ് വെയറിൽ നടപടിയെടുത്തതിനാൽ പ്രോജക്ട് സാങ്കേതികമായി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച സ്റ്റാറ്റസിലല്ല. ഈ സാഹചര്യത്തിൽ സ്പിൽഓവറാക്കാൻ കഴിയില്ല. അതിനാൽ ബിൽ തുക നൽകാനായി ഈ വർഷം പുതിയ പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

04.07.2019-ലെ 77/2019/ഫിൻ ഉത്തരവു പ്രകാരം യൂണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ഇലക്ട്രിക്കൽ പ്രവൃത്തികളുടെ PMC മാത്രമാണ്. അതിനാൽ ഈ ഏജൻസിയെ മിനിമാസ്റ്റ് മെയിന്റനൻസ് നേരിട്ട് ഏൽപ്പിച്ച നടപടിയിൽ വീഴ്ചയുണ്ട് എന്ന് യോഗം വിലയിരുത്തി. ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയപ്രകാരം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്** – 04.07.19 ലെ 77/2019/Fin ഉത്തരവു പ്രകാരം യൂണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ഇലക്ട്രിക്കൽ പ്രവൃത്തികളുടെ പി.എം.സി മാത്രമാണ് ഇവരെ മിനിമാസ്റ്റ് മെയിന്റനൻസ് നേരിട്ട് ഏൽപ്പിച്ച നടപടിയിൽ വീഴ്ച ഉണ്ട്. നടപടിക്രമങ്ങൾ പാലിക്കാതെ കരാറിൽ ഏർപ്പെട്ട സാഹചര്യം അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും കരാറുകാരന്റെ വീഴ്ച അല്ലാത്തതിനാൽ കരാറുകാരന് തുക അനുവദിക്കാവുന്നതാണെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചു.

**തീരുമാനം :-** 1) മാനദണ്ഡപ്രകാരം അർഹതപ്പെട്ട തുക കരാറുകാരനു നൽകുന്നതിനു അനുമതി നൽകുന്നു. ഇതിനായി പ്രോജക്ട സ്പിൽഓവറായി ഉൾപ്പെടുത്തുന്നതിനുള്ള സാങ്കേതിക സഹായം ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ നൽകണം.

2) മാനദണ്ഡം പാലിക്കാതെ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിനെ പ്രവർത്തി ഏല്പിച്ചത് വീഴ്ചയാണ്. ഉചിതമായ നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**
**3) പഞ്ചായത്ത് ഡയറക്ടർ**

**2.4 ഖണ്ഡിക 4.43**

**പാണവള്ളി ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.10.2021-ലെ കത്തും പാണാവള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20.10.2021-ലെ B - 123/21-ാം കത്തും പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 11.10.2021 തീയതിയിലെ 1(16)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 660/21 - CC 471 /2021)**

***പ്രോ.നം. 85/22*** ***അടങ്കൽ - 10,00,000/- രൂപ (തനത് ഫണ്ട്)***

***പേര് :- ഒടുക്കത്തറ - കാരളിപ്പണി ഭാഗത്ത് വെള്ളക്കെട്ട് ഒഴിവാക്കൽ***

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുമാരി അനാരിഹ പ്രമോദിന്റെ വീടിന് ചുറ്റുമുള്ള വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് വീടിനു ചുറ്റും സംരക്ഷണ ഭിത്തി പണിയാൻ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നു. വീടിനു ചുറ്റുമുള്ള വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് സംരക്ഷണ ഭിത്തി പണിത് മണ്ണിട്ടുയർത്തണമെന്ന് ബഹു. മുഖ്യമന്ത്രിക്ക് ഇവർ അപേക്ഷ

നൽകിയിട്ടുണ്ട് എന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരം വീട് ഇരിക്കുന്ന സ്ഥലം നിലം ആണ്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ച പ്രകാരം ഇതു പരിശോധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകി.

**തീരുമാനം :-** 1) ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് കൂടി പരിഗണിച്ച് അനുമതി നൽകുന്നു.

2) നിലം ആയതിനാൽ പ്രവൃത്തി നടത്തുന്നതിനാവശ്യമായ അനുമതി, ക്ഷമതയുള്ള അധികാരികളിൽ നിന്ന് നേടിയിരിക്കേണ്ടതാണ്. വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനം നടത്തുമ്പോൾ മറ്റു പ്രദേശങ്ങളിലെ വെള്ളത്തിന്റെ സ്വാഭാവിക ഒഴുക്കിനെ തടയുകയോ അതുമൂലം നാശനഷ്ടമുണ്ടാകാനോ ഇടവരരുത്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2.4 ഖണ്ഡിക 4.50**

**മങ്കട ബ്ലോക്ക് പഞ്ചായത്ത്**

**ബഹു. മങ്കട എം.എൽ.എ.യുടെ 15.11.2021-ലെ കത്തും മങ്കട ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 22.10.2021-ലെ 4(2)-ാം നമ്പർ തീരുമാനവും (SRG –772/21 - LSGD DD2/367/2021/LSGD)**

മങ്കട സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ രാത്രികാലത്ത് ഡോക്ടറുടെ സേവനം ലഭ്യമല്ല. ഇത് താലൂക്ക് ആശുപത്രിയായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ചിട്ടില്ല. സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കും വരെ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും രാത്രി കാലത്തേയ്ക്ക് ഒരു ഡോക്ടർ, ഒരു ഫാർമസിസ്റ്റ്, ഒരു ഹോസ്പിറ്റൽ അറ്റൻഡന്റ് എന്നിവരെ നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച് നടപടി ക്രമങ്ങൾ എന്തായി എന്ന് പരിശോധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് നൽകണം. അതുവരെ രാത്രികാലത്തേക്ക് താൽക്കാലിക നിയമനം നടത്തുന്നതിന് അനുമതി നൽകിയിരുന്നു.

**റിപ്പോർട്ട്**:- മങ്കട സാമൂഹ്യാരോഗ്യ കേന്ദ്രത്തെ താലൂക്കാശുപത്രിയായി ഉയർത്താൻ തീരുമാനിച്ചിട്ടില്ല എന്നു ആരോഗ്യ വകുപ്പ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു.

**തീരുമാനം :-** ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷ നിരസിക്കാൻ തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**2.4 ഖണ്ഡിക 4.69**

**4.69 CPRCS മുഖേന ലാപ് ടോപ് വാങ്ങൽ**

**പഞ്ചായത്ത് ഡയറക്ടറുടെ 01.12.2021-ലെ PAN/20909/2018-J1 (DP) നമ്പർ കത്ത് (SRG 841/21 – CC /404/21).**

കുട്ടികൾക്ക് നൽകുന്ന ലാപ് ടോപ്പുകൾ Procurement and Rate contract System (CPRCS) മുഖേന വാങ്ങണമെന്നാണ് നിർദ്ദേശം. ഐ.റ്റി.മിഷൻ ഡയറക്ടറുടെ ശുപാർശ അനുസരിച്ച് നിശ്ചയിച്ച സ്പെസിഫിക്കേഷൻ പ്രകാരമുള്ള മിഡ് ലെവൽ ലാപ് ടോപ് ആകണം വിദ്യാർത്ഥികൾക്ക് വേണ്ടി വാങ്ങേണ്ടതെന്നും വില IT മിഷൻ ഡയറക്ടർ ശുപാർശ പ്രകാരം നിശ്ചയിച്ച (ഉബുണ്ടു അധിഷ്ഠിതമായ ലാപ് ടോപിന് 22,895/- രൂപയും വിന്റോസ് ഹോം അധിഷ്ഠിതമായതിന് 27,722/- രൂപയും) വിലയായിരിക്കുമെന്നും ഉത്തരവായിരുന്നു.ലാപ് ടോപ് വിതരണക്കാരുമായുള്ള കരാർ അവസാനിച്ചതിനാൽ CPRCS – ൽ ലാപ് ടോപിന്റെ നിരക്ക് ലഭ്യമല്ല. കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.09.21 ലെ തീരുമാന പ്രകാരം CPRCS – മുഖേന ലാപ് ടോപ് ലഭിക്കാൻ ഒരു മാസത്തിലധികം താമസമുണ്ടായാൽ ഐ.റ്റി. മിഷനിൽ ഡിപ്പോസിറ്റ് ചെയ്ത തുക തിരികെ വാങ്ങി GEM പോർട്ടൽ മുഖേന വാങ്ങാൻ അനുമതി നൽകിയിരുന്നു.

നിലവിൽ CPRCS-ൽ ലാപ് ടോപ്പുകൾ മുകളിൽ പറഞ്ഞ നിരക്കിൽ ലഭ്യമല്ലാത്തതിനാൽ GEM, Tender, E-Tender മുഖേന വാങ്ങാൻ അനുമതി നൽകണമെന്ന ആവശ്യം 18.12.2021 ലെ യോഗം ചർച്ച ചെയ്തു.

1) ഐ.റ്റി. മിഷൻ ഡയറക്ടർ മുൻപ് നിശ്ചയിച്ച് തന്ന മിഡ് ലെവൽ സ്പെസിഫിക്കേഷൻ പ്രകാരം പുതിയ വില നിശ്ചയിച്ചു തരാൻ ഐ.റ്റി. മിഷൻ ഡയറക്ടറെ 18.12.2021 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ചുമതലപ്പെടുത്തി.
2) ഇങ്ങനെ നിശ്ചയിച്ചു തരുന്ന വിലയിൽ പരിമിതപ്പെടുത്തി നേരത്തെ നിശ്ചയിച്ച സ്പെസിഫിക്കേഷൻ പ്രകാരം GEM പോർട്ടൽ മുഖേന വാങ്ങാൻ 18.12.2021 ൽ അനുമതി നൽകിയിരുന്നു. തുടർന്ന് ഐ.റ്റി മിഷൻ ഡയറക്ടർ റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്** :- കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ച പ്രകാരം വില നിശ്ചയിച്ചു നൽകാൻ കൂടുതൽ സമയം വേണമെന്ന് ഐ.റ്റി മിഷൻ ഡയറക്ടർ അറിയിച്ചു.

ഇന്നത്തെ യോഗത്തിൽ ലാപ് ടോപിന്റെ പുതിയ സ്പെസിഫിക്കേഷൻ ഐ.റ്റി മിഷൻ ഡയറക്ടർ നൽകി.

**തീരുമാനം :-** ഐ.റ്റി.മിഷൻ വില നിശ്ചയിച്ചു തരാൻ വൈകുന്ന സാഹചര്യത്തിൽ ഇന്നത്തെ (10.02.2022 ലെ) യോഗത്തിന്റെ പരിഗണനയ്ക്ക് നൽകിയിരിക്കുന്ന സ്പെസിഫിക്കേഷൻ പ്രകാരം GEM പോർട്ടൽ മുഖേന വാങ്ങാൻ അനുമതി നൽകുന്നു. ഇതു സംബന്ധിച്ച് വിശദാംശം പൊതു തീരുമാനം ഖണ്ഡിക 3.7ൽ നൽകുന്നു.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)ഐ.റ്റി.മിഷൻ ഡയറക്ടർ**

## 2.5) 11.01.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.5 ഖണ്ഡിക 3.2

പട്ടികജാതി / പട്ടികവർഗ്ഗ/ മത്സ്യബന്ധന മേഖലയിലെ ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരമുള്ള ആദ്യ ഗഡു നൽകുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇതു പ്രകാരം ബന്ധപ്പെട്ട വകുപ്പുമേധാവികൾ സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു.

**പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ**

ആദ്യഗഡു തുക അടിയന്തിരമായി വിതരണം ചെയ്യുന്നതിനും ഗുണഭോക്താക്കളെ കണ്ടെത്തി എഗ്രിമെന്റ് വയ്ക്കുന്നതിനും ആവശ്യമായ സഹായങ്ങൾ ചെയ്യുന്നതിന് പട്ടികജാതി വികസന ഓഫീസർമാർക്കും എസ്.സി പ്രൊമോട്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ**

ലൈഫ് ഭവന നിർമ്മാണ പദ്ധതിയ്ക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് 2019-20 ൽ 64.46 കോടി രൂപ ലൈഫ് മിഷന് കൈമാറിയിരുന്നു. 2020-21 വർഷം 140 കോടി അനുവദിച്ച് നൽകിയിരുന്നെങ്കിലും സാമ്പത്തിക വർഷാവസാനം സർക്കാർ ഈ തുക തിരിച്ചെടുത്തു. 2021-22 വർഷം ഈ തുകയുടെ 25% തുകയായ 35 കോടി രൂപ 25.11.2021 ലെ 1017/21/ പജപവവിവ സർക്കാർ ഉത്തരവ് നമ്പർ പ്രകാരം ലൈഫ് മിഷന് അനുവദിച്ചു നൽകിയിട്ടുണ്ട്. ബാക്കി തുക അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ**

### 2.5 ഖണ്ഡിക 3.3

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ പദ്ധതി ചെലവ് കുറവാണ് എന്ന് യോഗം വിലയിരുത്തി. ധനകാര്യ കമ്മീഷൻ ഫണ്ട് ഉപയോഗിച്ചുള്ള സ്പിൽ ഓവർ പ്രോജക്ടുകളുടെ നിർവഹണം വേഗത്തിലാക്കണം. പൂർത്തിയായ പ്രോജക്ടുകളുടെ ബിൽ തുക നൽകുന്നതിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ അപ്പപ്പോൾ ഇടപെട്ടു പരിഹരിക്കാൻ വകുപ്പു മേധാവികൾ ശ്രദ്ധിക്കണം. ഏറ്റവും കൂടുതൽ തുക വിനിയോഗം വരുന്നത് എഞ്ചിനീയറിംഗ് വിഭാഗത്തിലെ പ്രോജക്ടുകളിലാണ്. ചീഫ് എഞ്ചിനീയർ നിർമ്മാണ പ്രവൃത്തികൾ പ്രത്യേകം മോണിറ്റർ ചെയ്യണം. പുതിയ പ്രോജക്ടുകളുടെ നിർവഹണത്തിന് ഇ ഗ്രാം സ്വരാജ് പോർട്ടലിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾക്ക് പഞ്ചായത്തു ഡയറക്ടർ സപ്പോർട്ട് സെൽ രൂപീകരിക്കുകയും പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ PFMS വഴി തുക മാറാൻ സാങ്കേതിക കാരണങ്ങളാൽ പലപ്പോഴും തടസ്സമുണ്ടാകുന്നുണ്ട്. ഇത്തരം അവസരങ്ങളിൽ തദ്ദേശഭരണസ്ഥാപനങ്ങളെ ഐ.കെ.എം ടെക്നിക്കൽ അസിസ്റ്റന്റുമാർ

സഹായിക്കണം. തദ്ദേശഭരണസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് ഇതുസംബന്ധിച്ച് ആവശ്യമായ പരിശീലനം അടിയന്തിരമായി ഐ.കെ.എം ടെക്നിക്കൽ അസിസ്റ്റന്റുമാർ നൽകണം. ഇതിനുള്ള നടപടി ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ സ്വീകരിക്കണം. കൂടാതെ കാലതാമസം ഒഴിവാക്കാൻ ബന്ധപ്പെട്ട ബാങ്കുമായി തദ്ദേശഭരണ സ്ഥാപനങ്ങൾ ഇടപെടണം. ഇത് വകുപ്പ് മേധാവികൾ പ്രത്യേകമായി മോണിറ്റർ ചെയ്യണം.

ഇതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറും നഗരകാര്യഡറക്ടറും റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**റിപ്പോർട്ട്** :-

**1) പഞ്ചായത്ത് ഡയറക്ടർ -** നോഡൽ ആഫീസറായ പഞ്ചായത്ത് ഡയറക്ടറുടെ നേതൃത്വത്തിൽ തദ്ദേശഭരണ വകുപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ്, ഐ.കെ.എം, എസ്.ആർ.ജി എന്നീ ഓഫീസുമായി ചേർന്ന് പരിശീലനത്തിനുള്ള മൊഡ്യൂൾ തയ്യാറാക്കി കിലയുടെ സഹായത്തോടെ സംസ്ഥാന തലത്തിൽ ജില്ലാതല മാസ്റ്റർ ട്രയിനർമാർക്ക് പരിശീലന നടപടി ആരംഭിച്ചിട്ടുണ്ട്. എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കും തദ്ദേശസ്വയംഭരണ മേധാവികൾക്കും സെക്രട്ടറിമാർക്കും ജില്ലാതലത്തിൽ വരെ പരിശീലനം നടത്തി.

**2) നഗരകാര്യ ഡയറക്ടർ** - കേന്ദ്ര ധനകാര്യകമ്മീഷൻ ഫണ്ടിന്റെ വിനിയോഗം പ്രത്യേകമായി മോണിറ്റർ ചെയ്യാനും ധനകാര്യകമ്മീഷൻ ഗ്രാന്റുപയോഗിച്ചുള്ള സ്പിൽഓവർ പ്രോജക്ടുകളുടെ നിർവ്വഹണം വേഗത്തിലാക്കാനും, പി.എഫ്.എം.എസ് വഴി ബന്ധപ്പെട്ട ധന ഇടപാടുകളിൽ കാലതാമസം ഒഴിവാക്കാൻ ബാങ്കുകളുമായി ബന്ധപ്പെട്ട് പ്രശ്നം അടിയന്തിരമായി പരിഹരിക്കാനും നഗരസഭാ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പി.എഫ്.എം.എസ് വഴി ഫണ്ടു മാറാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ ഐ.കെ.എം ടെക്നിക്കൽ അസിസ്റ്റന്റിന്റെ സഹായം തേടാനും നഗരസഭാ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം പ്രത്യേകമായി മോണിറ്റർ ചെയ്യുന്നതിനും മേൽ നിർദ്ദേശങ്ങൾ നഗരകാര്യസെക്രട്ടറിമാർ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താനും മേഖലാ ജോയിന്റ്ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) നഗരകാര്യ ഡയറക്ടർ**

## 2.5 ഖണ്ഡിക 3.4

ലൈഫ് ഗുണഭോക്താക്കളായ ഭൂരഹിത ഭവനരഹിതർക്ക് സ്ഥലം കണ്ടെത്തുന്നതിന് ചില പ്രദേശങ്ങളിൽ ബുദ്ധിമുട്ടുണ്ട്. തോട്ടം മേഖലയിൽ ഈ പ്രശ്നം വളരെ ഗൗരവമാണ്. ഭൂരഹിത ഭവന രഹിതരുടെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുന്നവർ ആവശ്യമായ ഭൂമി ആ തദ്ദേശഭരണസ്ഥാപനത്തിൽ ലഭിക്കാതിരിക്കുകയും എന്നാൽ അതേ ജില്ലയിൽ തന്നെ മറ്റൊരു തദ്ദേശഭരണ സ്ഥാപനത്തിൽ ലഭിക്കുകയും ചെയ്താൽ സ്ഥലം ലഭ്യമായ തദ്ദേശഭരണസ്ഥാപനത്തിൽ വീട് നിർമ്മിച്ച് നൽകാൻ ഗുണഭോക്താവിനെ തെരഞ്ഞെടുക്കുന്ന തദ്ദേശഭരണസ്ഥാപനത്തിൽ നിന്ന് ധന സഹായം നൽകാവുന്നതാണ്. ഇങ്ങനെ സ്ഥലം വാങ്ങുന്നത് അതത് ജില്ലയിൽ തന്നെ ആയിരിക്കണം. അതിനായി ഗുണഭോക്താവിന്റെ റേഷൻ കാർഡ് ഏതു തദ്ദേശഭരണ സ്ഥാപനത്തിലാണോ ഉള്ളത് ആ തദ്ദേശഭരണ സ്ഥാപനം (ഇപ്പോൾ സ്ഥിരമായി താമസിക്കുന്നത്) ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടപടി സ്വീകരിക്കുകയും അർഹതപ്പെട്ട വിഹിതം നൽകുകയും വേണം. ഇതിന്മേലുള്ള ഹഡ്കോ ലോൺ ഭാവിയിൽ ഇതേ തദ്ദേശഭരണ സ്ഥാപനം തിരികെ അടയ്ക്കേണ്ടതാണ്. ഭൂരഹിതരായ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകുന്നതിനും ഇതേ മാനദണ്ഡം പാലിക്കാവുന്നതാണ്.

ഭൂരഹിത – ഭവന രഹിത ലൈഫ് ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ച് നൽകാൻ ആവശ്യമായ ഭൂമി കണ്ടെത്താൻ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും പ്രത്യേക ഇടപെടൽ നടത്തണം. ''മനസ്സോടിത്തിരി മണ്ണ്'' ക്യാംപയിൻ വിജയിപ്പിക്കുന്നതിനും സുമനസ്സുകൾ, സന്നദ്ധ സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയുടെ സഹായം തേടുന്നതടക്കമുള്ള ഇടപെടൽ തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളടക്കമുള്ളവർ ചെയ്യണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 2.5 ഖണ്ഡിക 3.5

ഡി.ഡി.ഒ കോഡ് ലഭിക്കാത്ത നിർവ്വഹണ ഉദ്യോഗസ്ഥരുടെ ലിസ്റ്റ് ശേഖരിച്ച് ധനവകുപ്പിനു നൽകാൻ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവരെ ചുമതലപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് വിവരങ്ങൾ ധനവകുപ്പിനു നൽകി എന്ന് വകുപ്പുമേധാവികൾ യോഗത്തിൽ അറിയിച്ചിരുന്നു. അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിനു മുമ്പ് എത്ര പേരുടെ ലിസ്റ്റാണ് ധനവകുപ്പിന് നൽകിയത്, അതിൽ എത്ര പേർക്ക് ഡി.ഡി.ഒ കോഡ് ലഭിച്ചു എന്നീ വിവരങ്ങൾ വകുപ്പുമേധാവികൾ നൽകണം എന്ന് നിർദ്ദേശിച്ചിരുന്നു.

പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡറക്ടറും ഗ്രാമവികസന കമ്മീഷണറും റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**റിപ്പോർട്ട്:-**

1) പഞ്ചായത്ത് ഡയറക്ടർ 449 പേർക്ക് ഡി.ഡി.ഒ കോഡ് അനുവദിക്കണമെന്ന് ധനവകുപ്പിനോടാവശ്യപ്പെട്ടിട്ടുണ്ട്. ഇവരിൽ 241 പേർക്ക് ഡി.ഡി.ഒ കോഡ് ലഭിച്ചു. ഇനിയും 208 പേർക്ക് ഡി.ഡി.ഒ കോഡ് ലഭിക്കാനുണ്ട്.

2) ഗ്രാമവികസനകമ്മീഷണർ ആകെ നാലുപേർക്ക് ഡി.ഡി.ഒ കോഡ് അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഒരാൾക്ക് ഡി.ഡി.ഒ കോഡ് അനുവദിച്ചു.

3) നഗരകാര്യഡയറക്ടർ 40 പേർക്ക് ഡി.ഡി.ഒ കോഡ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഇതിൽ 3 പേർക്ക് ഡി.ഡി.ഒ കോഡ് ലഭിച്ചിട്ടുണ്ട്.

ഇനി ഡി.ഡി.ഒ കോഡ് ലഭിക്കാനുള്ളവരുടെ വിവരം അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് ശേഖരിച്ച് നടപടി പൂർത്തിയാക്കണം. ഡി.ഡി.ഒ കോഡ് നൽകുന്നതിനുള്ള കാലതാമസ മൊഴിവാക്കാണം. ഇതിനായി ട്രഷറി ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ യോഗം ചേരണം. ഇതിനാവശ്യമായ നടപടി സ്വീകരിക്കാൻ ധനവകുപ്പ് അഡീഷണൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഇ.ആർ.എ / ഇ.പി.എ) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) നഗരകാര്യ ഡയറക്ടർ**
**4) ഗ്രാമവികസന കമ്മീഷണർ**
**5) ധനവകുപ്പ്**

**2.5 ഖണ്ഡിക 4.3**

**വാമനപുരം ബ്ലോക്ക് പഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.11.2021 ലെ കത്തും വാമനപുരം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 26.10.2021 ലെ 2 (J) നമ്പർ തീരുമാനവും (SRG 709 /21 - CC /552/21)**

*പ്രോ.നം: 133/22*

*അടങ്കൽ - 50,00,000/- രൂപ*
*(വികസനഫണ്ട് ജനറൽ - 29,00,000/- രൂപ*
*തനതു ഫണ്ട് - 21,00,000/- രൂപ)*

***പേര് : കോവിഡ് പ്രതിരോധം - കല്ലറ സി.എച്ച്.സിയിൽ CFLTC പ്രവർത്തനങ്ങൾ***

ബ്ലോക്ക് പഞ്ചായത്തിന്റെ കല്ലറ സി.എച്ച്.സിയോടനുബന്ധിച്ച് CFLTC യുടെ പ്രവർത്തനത്തിനായി മുകളിൽ പറഞ്ഞ പ്രോജക്ട് പ്രകാരം 50.00 ലക്ഷം രൂപയോളം ചെലവഴിച്ചു. ഇനിയും തുക വേണ്ടി വരും. ഇതുവരെയുള്ള ചെലവിന്റെ ബില്ലുകളും വൗച്ചറുകളും ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് നൽകിയെങ്കിലും CFLTC യുടെ പ്രവർത്തനത്തിന്മേലുള്ള ചെലവ് റീഇംപേഴ്സ് ചെയ്തു തരാൻ കഴിയില്ല എന്നറിയിച്ചു. ഈ തുക റിഇംപേഴ്സ് ചെയ്തു ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്.

തദ്ദേശഭരണസ്ഥാപനങ്ങൾ ഇങ്ങനെ ചെലവഴിച്ചതും ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും റീ ഇംപേഴ്സ് ചെയ്തു ലഭിക്കാത്തതുമായ വിവരങ്ങൾ പ്രകാരം പഞ്ചായത്തു ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ ശേഖരിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകിയിട്ടുണ്ട്. ഇത് ക്രോഡീകരിച്ച് ചീഫ് സെക്രട്ടറിക്കു നൽകാൻ തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി / ഡി.എ) വകുപ്പ്**

**2.5 ഖണ്ഡിക 4.5**

**മലപ്പുറം ജില്ലാ പഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.11.2021 ലെ കത്തും മലപ്പുറം ജില്ലാ പഞ്ചായത്തു സെക്രട്ടറിയുടെ 05.11.2021 ലെ** J2-4800/- 15-ാം **നമ്പർ കത്തും (SRG 711 /21 -** CC **/530**/21)

*പ്രോ.നം: 1635/21* *അടങ്കൽ - 15,85,557/- രൂപ*
*(വികസനഫണ്ട് - ജനറൽ)*

***പേര് : വിജയഭേരി പദ്ധതി 2018-19***

എസ്.എസ്.എൽ.സി, പ്ലസ്ടു വിദ്യാർത്ഥികളുടെ പരീക്ഷാ പരിശീലനത്തിനായി ജില്ലാ പഞ്ചായത്ത് 2020-21 വർഷം വിജയ ഭേരി എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. ഇതിൽ അദ്ധ്യാപകരുടെ പരിശീലനത്തിന്റെ ഭാഗമായി 6,58,670/- രൂപയുടെ അച്ചടി ജോലികൾ ക്വട്ടേഷൻ വിളിച്ചു ചെയ്തു. ഇ-ടെണ്ടർ മുഖേന ചെയ്യേണ്ട പ്രവർത്തിയാണ് ഇത്. കൊവിഡ് സാഹചര്യത്തിലാണ് ഇപ്രകാരം ചെയ്തതെന്നറിയിച്ചിട്ടുണ്ട്. ഇ-ടെണ്ടറിനു പകരം ക്വട്ടേഷൻ ചെയ്തതിന് സാധൂകരണം നൽകണമെന്നും പ്രിന്റ് ചെയ്തതിന്റെ ബിൽ തുകയായ 6,58,670/- രൂപ പ്രസ്സിനു നൽകാൻ അനുമതി നൽകണമെന്നും സംബന്ധിച്ച്.

**തീരുമാനം:-** പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**

**2.5 ഖണ്ഡിക 4.12**

**തെങ്കര ഗ്രാമപഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.12.2021 ലെ കത്തും തെങ്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.11. 2021 ലെ 11(2)-ാം നമ്പർ തീരുമാനവും (SRG 5 /22-** CC **/688**/21)

*പ്രോ.നം: 235/22* *അടങ്കൽ - 30,00,000/- രൂപ*
*(സി.എഫ്.സി ബെയ്സിക് ഗ്രാന്റ്)*

***പേര് : പി.എച്ച്.സി കെട്ടിടത്തിന് വിഹിതം നൽകൽ***

തെങ്കര ഗ്രാമപഞ്ചായത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കെട്ടിടം പണിയാൻ ഉദ്ദേശിക്കുന്നു. ഇതിനായി ആകെ ചെലവ് 140.89 ലക്ഷം രൂപയാകും. ഇതിനായി 110.89 ലക്ഷം രൂപ **NHM** അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുകയായ 30.00 ലക്ഷം രൂപ ഗ്രാമപഞ്ചായത്ത് വകയിരുത്തിയിട്ടുണ്ട്. ഈ തുകകൂടി **NHM**- ന് കൈമാറി പ്രവർത്തി **NHM** മുഖേന നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

ഇതു സംബന്ധിച്ച ഫയൽ ധനവകുപ്പിൽ വന്നിട്ടുണ്ടെന്നും ഉടനെ അനുമതി നൽകാമെന്നും ധനകാര്യവകുപ്പിന്റെ പ്രതിനിധി അറിയിച്ചു.

**തീരുമാനം:-** തുക NHM- ന് ഡിപ്പോസിറ്റ് ചെയ്യാൻ അനുമതി നൽകുന്നു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) ധനവകുപ്പ**

**2.5 ഖണ്ഡിക 4.15**

**ആയുഷ് മിഷൻ**

**ദേശീയ ആയുഷ് മിഷൻ സ്റ്റേറ്റ് ഡയറക്ടറുടെ 03.09.2021 ലെ NAM/ADMIN/1143/2019/ SPMSU നമ്പർ കത്ത്. (SRG 732 /19 – LSGD – DB2/159/2021 – LSGD)**

കേന്ദ്രസർക്കാർ ദേശീയ ആയുഷ് മിഷനിലൂടെ 12,500 **Ayush Health Wellness Centre (HWC)** സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. കേരളത്തിൽ 600 **HWC** സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആയുർവേദ, ഹോമിയോ ഡിസ്പെൻസറികളാണ് **Ayush HWC** ആയി മാറ്റുന്നത്. ഗർഭിണികളായ സ്ത്രീകളുടെ ആരോഗ്യ പരിപാലനം അതുവഴി സുഖ പ്രസവം, കുട്ടികളുടെ ആരോഗ്യം, വൃദ്ധരുടെ പരിപാലനം (ആരോഗ്യമുള്ള വാർദ്ധക്യം) ഇവയാണ് പ്രധാന ലക്ഷ്യങ്ങളായി ചൂണ്ടികാണിച്ചിരിക്കുന്നത്. തദ്ദേശഭരണ സ്ഥാപന ങ്ങൾ മുഖേനയാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്. സാമ്പത്തിക സഹായവും മനുഷ്യ വിഭവവും കേന്ദ്രസർക്കാർ നൽകും. ഈ പദ്ധതിയിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കണമെന്ന ആവശ്യം സംബന്ധിച്ച്.

തദ്ദേശഭരണസ്ഥാപനങ്ങൾ ഇതിനാവശ്യമായ പങ്കാളിത്തം ഉറപ്പാക്കണമെന്നു നിർദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച് കാലതാമസം കൂടാതെ ഉത്തരവിറക്കണം. ഒപ്പം പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഇതുൾപ്പെടുത്തുകയും ചെയ്യണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**

**2.5 ഖണ്ഡിക 4.22**

**മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.11.2021 ലെ കത്ത്** (SRG 798/21 – CC /590/21)

ഗ്രാമപഞ്ചായത്തു വക ശ്മശാനത്തിൽ ഗ്യാസിഫയർ സ്ഥാപിക്കുന്നതിനായി 2013-14 ൽ ഒരു പ്രോജക്ട് ഏറ്റെടുത്തിരുന്നു. ക്രിമിറ്റോറിയം കെട്ടിടം, ഗ്യാസ് ചൂള

പ്രവർത്തിപ്പിക്കാനുള്ള അനുബന്ധ ഉപകരണങ്ങൾ ഉൾപ്പെടെ ടെണ്ടർ നടപടിയിലൂടെ കോസ്റ്റ് ഫോർഡിനെയാണ് ഏല്പിച്ചത്. ആകെ എസ്റ്റിമേറ്റ് തുക 39,55,000/- രൂപ. നിർമ്മാണ പുരോഗതിയനുസരിച്ച് മൂന്നു ഗഡുക്കളായി 22,82,000/- രൂപ കോസ്റ്റ് ഫോർഡിന് നൽകി. കെട്ടിടംപണി 90 ശതമാനം പൂർത്തീകരിച്ചു. മലിനീകരണ നിയന്ത്രണ ബോർഡിന്റെ നവീകരിച്ച സ്പെസിഫിക്കേഷൻ പ്രകാരം എസ്റ്റിമേറ്റു പുതുക്കണമെന്നും പുതുക്കിയ എസ്റ്റിമേറ്റ് 55,80,000/- രൂപയാണെന്നും കോസ്റ്റ് ഫോർഡ് അറിയിച്ചിട്ടുണ്ട്. സ്പിൽ ഓവറായി ഇപ്പോൾ ഈ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടില്ല. കോസ്റ്റ് ഫോർഡിനു നൽകിയ തുക കുറച്ച് പുതുക്കിയ എസ്റ്റിമേറ്റു പ്രകാരം ബാക്കി തുകയായ 32,98,000/- രൂപ കൂടി ഉൾപ്പെടുത്തി പ്രോജക്ട് സ്പിൽ ഓവറായി എടുക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഇതിനായി സി.എഫ്.സി റൈറ്റഡ് ഗ്രാന്റ് ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

**തീരുമാനം:-** ഏഴു വർഷത്തിലധികം കാലതാമസമുണ്ടായിട്ടുണ്ട് എന്ന് യോഗം നിരീക്ഷിച്ചു. എഗ്രിമെന്റ് കാലാവധി, ഇതുവരെ നടന്ന നിർമ്മാണ പ്രവർത്തികൾ, അവ ഏത് വർഷമാണ് നടത്തിയത് തുടങ്ങിയവ പരിശോധിച്ച് റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**

**2.5 ഖണ്ഡിക 4.54**

**കണ്ണൂർ ജില്ലാ പഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 07.10.2021 ലെ** M- 3265/11-ാം **നമ്പർ കത്ത്**

(**SRG** 44/ 22)

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ സുവർണ്ണധാര കുടിവെള്ള പദ്ധതിയുടെ ഭാഗമായി 2011- 12 വർഷം ആരംഭിച്ച് നടപ്പിലാക്കിയതാണ് കാട്ടാമ്പള്ളിച്ചിറ കുടിവെള്ള പദ്ധതി (പ്രോ.നം. 302/12 അടങ്കൽ 9,20,000/- രൂപ വികസനഫണ്ട് 8,28,000/- രൂപ + ഗുണഭോക്തൃ വിഹിതം 92,000/- രൂപ). പ്രവർത്തി ചെയ്യിപ്പിച്ചത് സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ (**SEUF**) – കണ്ണൂർ മുഖേനയാണ്. ഈ പദ്ധതിയിൽ രണ്ടു വാട്ടർ ടാങ്ക് ഉണ്ട്. അതിൽ ഒന്ന് കല്യാശ്ശേരി ഗ്രാമപഞ്ചായത്തിലെ ഇരിണാവ് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ സ്ഥലത്താണ്. ഇതിനായി ആരോഗ്യ വകുപ്പിന്റെ അനുമതി ലഭിക്കാൻ വൈകിയതിനാൽ 2018 ലാണ് പ്രവർത്തി പൂർത്തീകരിച്ചത്. **SEUF** നുവേണ്ടി ഗുണഭോക്തൃ സമിതിയാണ് പ്രവർത്തി ചെയ്തത്. 2013 ലെ ഡി.എസ്.ആർ പ്രകാരമുള്ള തുകയാണ് **SEUF** ന് അനുവദിച്ചത്. അതിനാൽ കൺവീനർക്കു നഷ്ടമുണ്ടായി. ഈ സാഹചര്യത്തിൽ 2016 ൽ നിലനിന്നിരുന്ന ഡി.എസ്.ആർ പ്രകാരം റേറ്റ് പുതുക്കി അധിക തുക അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ പരിശോധിച്ച്

റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി യിരുന്ന പ്രകാരം റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്** – 2016 ന് മുമ്പ് കരാറിൽ ഏർപ്പെട്ട പ്രവർത്തി ആയതിനാൽ 2016 ൽ നിലവിൽവന്ന ഡി.എസ്.ആർ അനുവദിക്കാവുന്നതല്ല എന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചു.

**തീരുമാനം:-** ഗുണഭോക്തൃ സമിതിയാണ് പ്രവൃത്തി ചെയ്തതെന്നും 2018 ലാണ് പൂർത്തീകരിച്ചതെന്നും കാണുന്നു. പദ്ധതി പ്രവർത്തനക്ഷമമാണോ, ആയതിന്റെ നിരക്ക് കാലാനുസൃതമാണോ എന്നത് ഉൾപ്പെടെ വിശദമായ റിപ്പോർട്ട് ചീഫ് എഞ്ചിനീയർ സമർപ്പിക്കണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കാവുന്നതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

**2.5 ഖണ്ഡിക 4.67**

**മാവേലി സ്റ്റോറുകൾക്ക് കെട്ടിടം - നടത്തിപ്പ്**
**പഞ്ചായത്ത് ഡയറക്ടറുടെ 08.01.2022-ലെ കത്ത്** ( SRG - 55/22)

സപ്ലൈകോ മാവേലി സ്റ്റോറുകളുടെ വാടകയും നടത്തിപ്പും സംബന്ധിച്ച് ബഹു. തദ്ദേശസ്വയംഭരണ - എക്സൈസ് വകുപ്പ മന്ത്രിയും ബഹു.ഭക്ഷ്യ പൊതു വിതരണ വകുപ്പമന്ത്രിയുമായി 05.01.2022-ന നടന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ മാവേലി സ്റ്റോറുകളുടെ വാടകയും നടത്തിപ്പും സംബന്ധിച്ച് താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു. ഇതിന് കോഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരം നൽകണമെന്നു സംബന്ധിച്ച്.

സംസ്ഥാനത്ത് സപ്ലൈകോയ്ക്ക് നിലവിൽ 843 മാവേലി സ്റ്റോറുകളാണ് ഉള്ളത്. അവയിൽ ബഹു.ഭൂരിപക്ഷവും ഗ്രാമീണ മേഖലയിലാണ് പ്രവർത്തിക്കുന്നത്. കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഉത്തരവ് പ്രകാരം സപ്ലൈകോ മാവേലി സ്റ്റോറുകളുടെ വാടക തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഇതിന് കാലാവധി നിശ്ചയിച്ചിരിക്കുന്നതിനാൽ മാവേലി സ്റ്റോറുകളുടെ നടത്തിപ്പിന് ബുദ്ധിമുട്ട് നേരിടുന്നു എന്ന് സപ്ലൈകോ അറിയിച്ചിട്ടുണ്ട്.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ - ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം 04.02.2013 -ലെ 301/2013/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് 5 വർഷത്തെ വാടകരഹിത കെട്ടിടവും രണ്ടാമത് ആരംഭിക്കുന്ന മാവേലിസ്റ്റോറുകൾക്ക് അതു പ്രവർത്തിക്കുന്ന കാലത്തേക്ക് വാടകരഹിത കെട്ടിടവും കൂടാതെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും ഫർണിഷിങ്ങിനുമായി ഒരു ലക്ഷം രൂപയും തദ്ദേശഭരണസ്ഥാപനങ്ങൾ ചെലവഴിക്കാമെന്ന് ഉത്തരവായിരുന്നു. എന്നാൽ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 22.02.2019-ലെ 386/2019/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം

രണ്ടാമതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് 5 വർഷംവരെ മാത്രം വാടകരഹിതമായി കെട്ടിടം നല്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നല്കി. രണ്ടിലധികം മാവേലിസ്റ്റോറുകൾക്ക് വാടകരഹിതമായി കെട്ടിടം നൽകേണ്ടതില്ല എന്നും ഉത്തരവായിട്ടുണ്ട്. കൂടാതെ അനുബന്ധ ഉപകരണങ്ങൾക്കും കമ്പ്യൂട്ടർ ഫർണിഷിങ്ങിനുമായി ഒരു ലക്ഷം രൂപ ബന്ധപ്പെട്ട തദ്ദേശ ഭരണസ്ഥാപനങ്ങൾക്കു ചെലവഴിക്കാമെന്നും ഉത്തരവുണ്ട്. 05.01.2022 ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ ഉത്തരവുകൾ ഭേദഗതി ചെയ്യണമെന്നും മാവേലി സ്റ്റോറുകളുടെ പ്രവർത്തനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൂടി സഹകരണത്തോടെ ചിട്ടപ്പെടുത്തണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു. ഈ വിഷയം യോഗത്തിൽ ചർച്ച ചെയ്യുകയും പഞ്ചായത്തു ഡയറക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം തീരുമാനമെടുക്കുകയും ചെയ്തു.

**തീരുമാനം: -**

1. വാടകരഹിത കെട്ടിടം തദ്ദേശഭരണ സ്ഥാപനം സപ്ലൈകോയുടെ മാവേലി സ്റ്റോറുകൾക്ക് നൽകിയ കേസുകളിൽ അവ പ്രവർത്തിക്കുന്ന കാലമത്രയും കാലപരിധിയില്ലാതെ വാടക തുടർന്നും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം (ഗ്രാമപഞ്ചായത്ത് / നഗരസഭ) തന്നെ നൽകണം.
2. മാവേലിസ്റ്റോറുകളുടെ വാടക മാത്രമായിരിക്കും മേൽപറഞ്ഞപ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനത്തിനു (ഗ്രാമപഞ്ചായത്ത് / നഗരസഭ) നൽകുന്നതിനുള്ള അനുവാദം ഉണ്ടായിരിക്കുക. സപ്ലൈക്കോയുടെ സൂപ്പർമാർക്കറ്റ് ഉൾപ്പെടുന്ന മറ്റ് സ്ഥാപനങ്ങൾക്ക് ഇത് ബാധകമല്ല .
3. പ്രസ്തുത മാവേലിസ്റ്റോറുകൾ പ്രവർത്തിക്കുന്ന സ്ഥലം, കെട്ടിടത്തിന്റെ വാടക, കെട്ടിടമാറ്റം, പ്രവർത്തനം മെച്ചപ്പെടുത്തുന്ന കാര്യങ്ങൾ, പുതുതായി ആരംഭിക്കുന്ന മാവേലിസ്റ്റോറുകളുടെ കെട്ടിടം തെരഞ്ഞെടുക്കൽ തുടങ്ങിയവ മോണിറ്റർ ചെയ്യുന്നതിനും ഗ്രാമപഞ്ചായത്തുകൾ/നഗരസഭകൾ എന്നിവയുടെ പ്രതിനിധികൾ കൂടി ഉൾപ്പെടുന്ന കമ്മിറ്റികൾ രൂപീകരിക്കുന്നതാണ്.
4. സപ്ലൈക്കോയുമായി ഇത്തരം കാര്യങ്ങൾ കൂട്ടായി ചർച്ച ചെയ്ത് ഉറപ്പുവരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് / നഗരസഭ ചെയർമാൻ / മേയർ അദ്ധ്യക്ഷനും സപ്ലൈക്കോയുടെ ബന്ധപ്പെട്ട ഡിപ്പോ മാനേജർ കൺവീനറും പൊതു വിതരണ സമ്പ്രദായം എന്ന വിഷയം കൈകാര്യം ചെയ്യുന്ന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സൺ, മാവേലിസ്റ്റോർ പ്രവർത്തിക്കുന്ന വാർഡിന്റെ അംഗം/ അംഗങ്ങൾ സപ്ലൈകോയുടെ ബന്ധപ്പെട്ട ജൂനിയർ മാനേജർ, മാവേലി സ്റ്റോറിന്റെ മാനേജർ/ മാനേജർമാർ, സി.ഡി.എസ് ചെയർപേഴ്സൺ എന്നിവരുൾപ്പെട്ട ഗ്രാമപഞ്ചായത്തുതല / നഗരസഭാതല സമിതി രൂപീകരിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണസ്ഥാപനം വാടക നൽകുന്ന മാവേലി

സ്റ്റോറുകളുടെ പ്രവർത്തനം ഇവർ നിർബന്ധമായും നിരീക്ഷിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമുള്ള ഇടപെടൽ നടത്തേണ്ടതാണ്.

5. തദ്ദേശസ്വയംഭരണസ്ഥാപനം വാടക നൽകി പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകളിൽ ഗ്രാമ പഞ്ചായത്തുകളുടെ/ നഗരസഭയുടെ നേതൃത്വത്തിലോ, നേരിട്ടോ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളും ഗ്രാമ പഞ്ചായത്തുകളിലെ/ നഗരസഭകളിലെ കുടുംബശ്രീ യൂണിറ്റുകൾ / സംരംഭങ്ങൾ, ഫാർമർ പ്രൊഡ്യൂസേഴ്സ് കമ്പനി എന്നിവരുടെ, ഉൽപ്പന്നങ്ങളും മാവേലിസ്റ്റോർ വഴി വില്പന നടത്തുന്നതിനു സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.
6. ഗ്രാമപഞ്ചായത്തുകൾ/നഗരസഭകൾ വാടക നൽകി പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകളിൽ താൽക്കാലിക ജീവനക്കാരെ നിയോഗിക്കുമ്പോൾ ഗ്രാമപഞ്ചായത്ത്/ നഗരസഭയിലെ കുടുംബശ്രീ/ സിഡിഎസ് മുഖേനയുള്ള അപേക്ഷകർക്ക് മുൻഗണന നൽകേണ്ടതാണ്.
7. തദ്ദേശസ്വയംഭരണ സ്ഥാപനം വാടക നൽകുന്ന മാവേലി സ്റ്റോറുകളുടെ വാടക തുടർന്ന് നൽകുന്നതിന് ഗ്രാമപഞ്ചായത്തിന് / നഗരസഭയ്ക്ക് സാധിക്കാതെ വരുന്ന അവസരത്തിൽ മുകളിൽ പറഞ്ഞ മോണിട്ടറിംഗ് കമ്മിറ്റിയിൽ ഗ്രാമപഞ്ചായത്തിന്റെ / നഗരസഭയുടെ തീരുമാനം അറിയിച്ച് ചർച്ച ചെയ്ത് വാടക ബാധ്യതയിൽ നിന്നും ഗ്രാമ പഞ്ചായത്തിനെ / നഗരസഭയെ ഒഴിവാക്കാവുന്നതാണ്. തുടർന്ന് പ്രസ്തുത മാവേലിസ്റ്റോർ തുടരണമോ എന്നത് പൂർണ്ണമായും സപ്ലൈക്കോയുടെ തീരുമാനമായിരിക്കും. അപ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനം വാടക നൽകാതെ പ്രവർത്തിക്കുന്ന മാവേലിസ്റ്റോറുകളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തുകളുടെ / നഗരസഭകളുടെ അധികാരം കേരള പഞ്ചായത്ത് രാജ് പട്ടിക മൂന്നിലും നഗരപാലിക പട്ടിക ഒന്നിലും പറയുന്നത് മാത്രമായി മാറുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനം വാടക നൽകിവരുന്ന മാവേലി സ്റ്റോറിന്റെ പ്രവർത്തനം നിർത്തി വയ്ക്കാൻ സപ്ലൈകോ ഏകപക്ഷീയമായി തീരുമാനിക്കാൻ പാടില്ല. ഇത് പഞ്ചായത്തതല / നഗരസഭാതല സമിതിയിൽ മുൻകൂട്ടി ചർച്ച ചെയ്യേണ്ടതുമാണ്.
8. ഇതു സംബന്ധിച്ച ഉത്തരവ്, ബന്ധപ്പെട്ട മന്ത്രിതലയോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 3. പൊതുവിഷയം

**3.1 വാർഷിക പദ്ധതി ഭേദഗതി :-** നടപ്പ വർഷത്തെ മെയിന്റനൻസ് ഫണ്ട് വിഹിതവും വികസന ഫണ്ടിലെ പൊതുവിഭാഗം സാധാരണ വിഹിതവും പുതുക്കിയതിന് അനുസൃതമായി വാർഷിക പദ്ധതി പരിഷ്കരിച്ച് സമർപ്പിക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക്

നിർദ്ദേശം നൽകിയിരുന്നു. ഫെബ്രുവരി 1 വരെ 1167 തദ്ദേശഭരണസ്ഥാപനങ്ങൾ പദ്ധതി പരിഷ്കരിച്ച് സമർപ്പിച്ചു. ബാക്കിയുള്ള 33 സ്ഥാപനങ്ങളിൽ 24 തദ്ദേശഭരണസ്ഥാപനങ്ങൾ ഫെബ്രുവരി 11 –നകം തന്നെ ഭേദഗതി നടപടികൾ പൂർത്തിയാക്കും. അവശേഷിക്കുന്നത് നെയ്യാറ്റിൻകര, ആലപ്പുഴ, കോതമംഗലം, ചെങ്ങന്നൂർ, കായംകുളം, ചേർത്തല, പെരുമ്പാവൂർ, ചിറ്റൂർ തത്തമംഗലം, പാലക്കാട് എന്നീ ഒൻപതു മുനിസിപ്പാലിറ്റികളാണ്.

മുകളിൽ പറഞ്ഞ മുനിസിപ്പാലിറ്റികൾക്ക് പദ്ധതി ക്രമപ്പെടുത്തുന്നതിന് പുതുക്കിയ ബഡ്ജറ്റ് വിഹിതത്തിൽ കുറവുണ്ടായതടക്കമുള്ള കാരണങ്ങളാൽ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ഉദാഹരണത്തിന് കോതമംഗലം മുനിസിപ്പാലിറ്റിയുടെ പൊതുവിഭാഗം സാധാരണവിഹിതം ബജറ്റ് പ്രകാരം 409.50 ലക്ഷം രൂപയായിരുന്നു. ഇപ്പോൾ അത് 305.11 ലക്ഷം രൂപയായി കുറവ് ചെയ്തു. എന്നാൽ ഇതിനകം 303.34 ലക്ഷം രൂപ ചെലവഴിച്ചു. ബാക്കിയുള്ളത് 1.77 ലക്ഷം രൂപയാണ്. ഏറ്റെടുത്ത പ്രോജക്ടുകളിൽ വിനിയോഗിക്കാൻ ബാക്കിയുള്ളതിൽ കൂടുതലും വനിതാ ഘടക പദ്ധതിയിലെ പ്രോജക്ടുകളാണ്. മേഖലാ വിഭജനത്തിൽ ഇളവ് അനുവദിച്ചാൽ മാത്രമേ ഈ നഗരസഭകൾക്ക് വാർഷിക പദ്ധതി ക്രമപ്പെടുത്താൻ കഴിയൂ എന്ന് യോഗം വിലയിരുത്തി.

ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ 9 മുനിസിപ്പാലിറ്റികളുടെ കണക്കുകൾ പരിശോധിച്ച് ആവശ്യമെങ്കിൽ മേഖലാ വിഭജനത്തിന് ഇളവ് അനുവദിക്കുന്നതിന് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി. എന്നാൽ വനിതാ ഘടക പദ്ധതി, വൃദ്ധർ, പാലിയേറ്റീവ് രോഗികൾ, കുട്ടികൾ, ട്രാൻസ് ജെന്റർ തുടങ്ങിയവർക്ക് വേണ്ടി നിർബന്ധമായി വകയിരുത്തേണ്ട തുകയിൽ ഈ വർഷം എത്രയാണോ കുറവ് വരുത്തുന്നത് അതിനു തുല്യമായ തുക അടുത്ത വർഷം വകയിരുത്തേണ്ടതാണ്. ഇത് മുനിസിപ്പാലിറ്റികളുടെ സെക്രട്ടറിമാർ സാക്ഷ്യപ്പെടുത്തുകയും അടുത്ത വർഷം ഈ തുക വകയിരുത്തുകയും ചെയ്യണം.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**
**3)ഐ.കെ.എം**

**3.2** കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി വിഷയങ്ങൾ നൽകുന്നതിന് ഐ.കെ.എം. പ്രത്യേക പോർട്ടൽ സജ്ജീകരിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ജില്ലാ ആസൂത്രണസമിതി മുഖേന വിഷയങ്ങൾ നൽകുന്ന രീതിയിലാണ് ഇത് ക്രമപ്പെടുത്തിയിരിക്കുന്നത്. 13.08.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ മൂന്നു വർഷമായി ഈ രീതിയാണ് തുടരുന്നത്. ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റായ ജില്ലാ പ്ലാനിംഗ് ഓഫീസർ മുഖേന വിഷയങ്ങൾ നൽകുന്നതിനാൽ ജില്ലാതലത്തിൽ (ഡി.പി.സി, ജില്ലാതല അപ്പലേറ്റ് കമ്മിറ്റി, നൂതന പ്രോജക്ടുകൾക്ക വേണ്ടിയുള്ള ജില്ലാതല കമ്മിറ്റി തുടങ്ങിയവ) തീരുമാനമെടുക്കേണ്ട വിഷയങ്ങളിന്മേൽ അവിടെ തന്നെ തീരുമാനമെടുക്കാൻ കഴിഞ്ഞു. ഒപ്പം പരിശോധനാ റിപ്പോർട്ടുകൾ, ജില്ലാ ആസൂത്രണസമിതിയുടെ ശുപാർശകൾ

എന്നിവയും ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് അനുബന്ധമായി ചേർക്കാൻ കഴിയും. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന വിഷയങ്ങൾ കൃത്യമായി track ചെയ്യാനും സൗകര്യമുണ്ട്. ഐ.കെ.എം. ഏർപ്പെടുത്തിയ ഈ സൗകര്യം കാലതാമസം ഒഴിവാക്കാനും കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രവർത്തനം ചിട്ടപ്പെടുത്താനും സഹായ കരമായി.

ഐ.കെ.എം. പോർട്ടൽവഴി നൽകുന്ന ഈ രീതി കുറ്റമറ്റതാക്കി തുടരാൻ യോഗം തീരുമാനിച്ചു. ജില്ലാ ആസൂത്രണ സമിതി പരിഹരിക്കേണ്ട വിഷയങ്ങൾ, ജില്ലാതല അപ്പലേറ്റ് കമ്മിറ്റി പരിഹരിക്കേണ്ട വിഷയങ്ങൾ, നൂതന പ്രോജക്ടുകൾക്കു വേണ്ടിയുള്ള ജില്ലാതല കമ്മിറ്റി പരിഗണിക്കേണ്ട വിഷയങ്ങൾ തുടങ്ങിയവ ജില്ലാതലത്തിൽ തന്നെ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ജില്ലാ പ്ലാനിംഗ് ഓഫിസർമാർക്ക് നിർദ്ദേശം നൽകുന്നു. ഒപ്പം കോഓർഡിനേഷൻ കമ്മിറ്റിക്കു നൽകുന്ന വിഷയങ്ങളിൽ ആവശ്യമായ വിവരങ്ങൾ എല്ലാം തന്നെ ഉണ്ട് എന്ന് ഉറപ്പുവരുത്തി ജില്ലാ പ്ലാനിംഗ് ഓഫീസർമാരുടെ പരിശോധന കുറിപ്പ് കൃത്യമായി രേഖപ്പെടുത്തി വേണം കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന് നൽകേണ്ടത്. എന്നാൽ വകുപ്പുമേധാവികൾ അതതു വകുപ്പുകളുടെ വിഷയങ്ങൾ അജണ്ട കുറിപ്പു തയ്യാറാക്കാനായി എസ്.ആർ.ജിയിലേക്ക് നേരിട്ടു നൽകേണ്ടതാണ്. തദ്ദേശസ്വയം ഭരണ വകുപ്പിൽ പരിശോധന നടത്തി വരുന്ന ഫയലുകളും കോഓർഡിനേഷൻ കമ്മിറ്റി അജണ്ടയിൽ ഉൾപ്പെടുത്തേണ്ടതാണ്.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**

**3.3.** കോഓർഡിനേഷൻ കമ്മിറ്റിയുടെ അജണ്ട കുറിപ്പ് രണ്ടു ദിവസം മുൻപ് അംഗങ്ങൾക്ക് ലഭ്യമാക്കുന്ന ഇപ്പോഴത്തെ രീതി തുടരണം. അജണ്ട അന്തിമമാക്കുന്നതിന് 2 ദിവസം മുൻപെങ്കിലും വിഷയങ്ങൾ വിശദാംശം സഹിതം നൽകണം.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**

**3.4.** ഓഡിറ്റ് കുറിപ്പിന്മേലുള്ള വിഷയത്തിന്മേൽ സാധൂകരണം, അംഗീകാരം എന്നിവ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുന്നതല്ല. ഇങ്ങനെയുള്ള വിഷയങ്ങൾ അജണ്ടയിൽ ഉൾപ്പെടുത്തേണ്ടതില്ല. അവ ബന്ധപ്പെട്ട വകുപ്പുമേധാവികൾ പരിശോധിച്ച് ആവശ്യമായ തുടർ നടപടിക്ക് തദ്ദേശസ്വയംഭരണവകുപ്പിന് നൽകേണ്ടതാണ്.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**

**3.5.** ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരടക്കം ചില നിർവ്വഹണ ഉദ്യോഗസ്ഥരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്ന അവസരങ്ങളിൽ എംപ്ലോയ്മെന്റ് എക്സ് ചേഞ്ചിൽ നിന്ന് ആളുകളെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കാറുണ്ട്. ഇവർക്ക് മാനദണ്ഡപ്രകാരം ഡി.ഡി.ഒ കോഡ് അനുവദിക്കാവുന്നതല്ല. ഈ

സാഹചര്യത്തിൽ പദ്ധതി നിർവ്വഹണം സുഗമമാക്കുന്നതിന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ (ഡി.ഡി.ഒ കോഡ് ഉണ്ടായിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥൻ) തൊട്ടുതാഴെയുള്ള ഉദ്യോഗസ്ഥന് താൽക്കാലിക ഡി.ഡി.ഒ കോഡ് (Temporary DDO Code) അനുവദിക്കുന്നതാണ്. ഇങ്ങനെ Temporary DDO Code ആവശ്യമുള്ള അവസരങ്ങളിൽ ബന്ധപ്പെട്ട വകുപ്പ മേധാവികൾ വിശദ വിവരങ്ങൾ ക്രോഡീകരിച്ച് ധനവകുപ്പിനു നൽകേണ്ടതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഇ.ഡബ്ളിയു.എ/ഇ.ആർ.എ/ഇ.പി.എ/ഇ.പി.ബി) വകുപ്പ്**
**2) ധനവകുപ്പ്**
**3) പഞ്ചായത്ത് ഡയറക്ടർ**
**4) നഗരകാര്യഡയറക്ടർ**
**5) ഗ്രാമവികസന കമ്മീഷണർ**
**6) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**

**3.6.** തദ്ദേശഭരണസ്ഥാപനങ്ങൾ വിവിധ പ്രവർത്തികൾ KWA, KSEB, GWD മുഖേന ഡിപ്പോസിറ്റ് പ്രവർത്തികളായി ചെയ്യുന്നുണ്ട്. ഈ തുക മുകളിൽ പറഞ്ഞ ഏജൻസികൾക്ക് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഡിപ്പോസിറ്റ് ചെയ്യാവൂ. ഇങ്ങനെ തുക ഡിപ്പോസിറ്റ് ചെയ്യുന്ന അവസരത്തിൽ തന്നെ തദ്ദേശഭരണസ്ഥാപനം ഈ ഏജൻസിയുമായി മാനദണ്ഡ പ്രകാരമുള്ള കരാറിൽ ഏർപ്പെടേണ്ടതാണ്. KWA, KSEB, GWD തുടങ്ങിയ ഏജൻസികൾ തയ്യാറാക്കി നൽകുന്ന എസ്റ്റിമേറ്റ് കൂടാതെയോ ഈ ഏജൻസികളുടെ രേഖാമൂലമുള്ള അറിയിപ്പ് കൂടാതെയോ വർഷാവസാനം തുക ഡെപ്പോസിറ്റ് ചെയ്യാവുന്നതല്ല. ഇതു പാലിക്കാതെ തുക ഡെപ്പോസിറ്റ് ചെയ്താൽ ഇത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്. ഒപ്പം തന്നെ ഇത്തരം പ്രവർത്തികളുടെ എസ്റ്റിമേറ്റ് KWA, KSEB, GWD തുടങ്ങിയ ഏജൻസികൾ കാലതാമസം കൂടാതെ തയ്യാറാക്കി നൽകേണ്ടതാണ്. തദ്ദേശഭരണസ്ഥാപനതലത്തിൽ ഈ പ്രവർത്തികളുടെ നിർവ്വഹണം പ്രത്യേകമായി അവലോകനം ചെയ്യണം. പൂർത്തിയായ പ്രവർത്തികളുടെ Utilisation Certificate കാലതാമസം കൂടാതെ ഈ ഏജൻസികൾ ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനത്തിനു നൽകണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി**
**3) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്**
**4) ഡയറക്ടർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്**

**3.7** പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും മത്സ്യതൊഴിലാളി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും ആസൂത്രണ മാർഗ്ഗരേഖ പ്രകാരം ലാപ് ടോപ് താഴെ പറയുന്ന സ്പെസിഫിക്കേഷൻ പ്രകാരം വാങ്ങി നൽകാവുന്നതാണ്. ഇതിന്റെ വില ഐ.റ്റി മിഷൻ നിശ്ചയിച്ച നൽകാത്ത സാഹചര്യത്തിൽ ഈ സ്പെസിഫിക്കേഷൻ പ്രകാരം GEM പോർട്ടലിൽ നിന്നു ലാപ് ടോപ് വാങ്ങി നൽകാവുന്നതാണ്.

തദ്ദേശഭരണസ്ഥാപനങ്ങൾക്കും തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട മറ്റ് സ്ഥാപനങ്ങൾക്കും അവരുടെ ആവശ്യങ്ങൾക്കുള്ള ലാപ് ടോപ്, കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, അനുബന്ധ സാമഗ്രികൾ എന്നിവ GEM വഴി വാങ്ങാവുന്നതാണ്.

**ലാപ് ടോപിന്റെ സ്പെസിഫിക്കേഷൻ**

| Sl. No | TECHNICAL SPECIFICATION OF LAPTOPS FOR LSGD | | |
|---|---|---|---|
| 1 | Processor | Intel | AMD |
| | | I3, 11th generation or higher | Ryzen 5000 Series or higher |
| 2 | Chipset | OEM Compatible | |
| 3 | Motherboard | OEM Compatible | |
| 4 | Memory | 4 GB DDR4 RAM<br>Expandable up to at least 16 GB | |
| 5 | Hard Disk Drive | 512 GB SSD | |
| 6 | Display | 14” Antiglare HD LED Backlit Display | |
| 7 | Display Size | 14” | |
| 8 | Wirless connectivity | Integrated wireless b/g/n, Integrated Bluetooth | |
| 9 | Speaker | Integrated Stereo Speaker | |
| 10 | Keyboard | Integrated Stereo Keyboard with Touch Pad | |
| 11 | Camera | Inegrated HD Camera | |
| 12 | Audio | Integrated | |
| 13 | Expansion Port | 3 USB Port (at least two number of USB 3.0 and One number of Type C)<br>10/100/1000 Ethernet Card HDMI,<br>1 HeadPhone / microphone combo | |
| 14 | Power Supply | 230 V, 50HZ AC Supply with rechargeable Battery pack comprising of Li - Polymer battery / Li - Ion Polymer battery | |
| 15 | Battery Backup | 2 HD videos should run simultaneously for 2 hours on battery | |
| 16 | Mouse | Optical Scroll mouse, Backpack | |
| 17 | Carry case | Backpack to be provided | |
| 18 | Weight | Weight less than or equal to 1.8 kg | |
| 19 | Warranty | 3 year comprehensive onsite OEM Warranty including battery and charger | |
| 20 | Certification | ROHS Compliance & BIS for Product | |
| 21 | Operating system | Ubundu (Version : 20) | |

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**3.8.** ജലജീവൻ പദ്ധതിയിൽ ഗ്രാമപഞ്ചായത്തുകൾ 15 ശതമാനം വിഹിതം നൽകണം. ചില ഗ്രാമപഞ്ചായത്തുകൾ 5.00 കോടി രൂപ വരെ നൽകേണ്ടതുണ്ട് എന്ന് യോഗത്തിൽ പരാമർശമുണ്ടായി. ഇതേപോലെ വളരെയധികം തുക കണ്ടെത്തേണ്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവരം പഞ്ചായത്തു ഡയറക്ടർ ശേഖരിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് നൽകണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**

**3.9.** നിലവിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ സി.സി.റ്റി.വി ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കാവുന്നതാണ്. ആവശ്യമായ സ്ഥലങ്ങളിൽ തദ്ദേശവാസികൾ / റസിഡന്റ്സ് അസോസിയേഷൻ/ വ്യാപാരസ്ഥാപനങ്ങൾ എന്നിവരുടെ സാമ്പത്തിക പങ്കാളിത്തത്തോടെ (ഗുണഭോക്തൃ വിഹിതം) സി.സി.റ്റി.വി സ്ഥാപിക്കാൻ അനുമതി നൽകുന്നതിന്റെ ഭാഗമായി ഇതു സംബന്ധിച്ച വിശദാംശങ്ങൾ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുമായി ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

എങ്ങനെയുള്ള പൊതു സ്ഥലങ്ങളിലാണ് ഇത് സ്ഥാപിക്കേണ്ടത്, കമ്മ്യൂണിറ്റി സർവലൻസിനായി ഓരോ സ്ഥലത്തും അനുയോജ്യമായ സ്പെസിഫിക്കേഷൻ ഏതാകണം, പോലീസ് സ്റ്റേഷൻ അടക്കം സാഹചര്യമനുസരിച്ച് എവിടെയൊക്കെ മോണിറ്റർ ചെയ്യണം, വിവരങ്ങളുടെ ബാക്ക് അപ് എങ്ങനെ, ഡാറ്റ എത്ര നാളത്തേക്ക് സൂക്ഷിക്കണം, ആന്വൽ മെയിന്റനൻസ് എപ്രകാരമാകണം, ഗുണഭോക്തൃ വിഹിതം (തദ്ദേശവാസികൾ, റസിഡന്റ്സ് അസോസിയേഷൻ, വ്യാപാരസ്ഥാപനങ്ങൾ എന്നിവരുടെ വിഹിതം എത്ര ശതമാനം വേണം) തുടങ്ങിയവ സംബന്ധിച്ച് മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**
**3) ഡയറക്ടർ ജനറൽ, കില**

**3.10.** സംസ്ഥാനത്തെ ചില നഗരസഭകളിൽ (ഉദാ:- പാലക്കാട്, തിരൂർ, കൊയിലാണ്ടി) പട്ടികവർഗ്ഗ കുടുംബങ്ങൾ ഇല്ല എന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തു. എന്നാൽ ഈ നഗരസഭകൾക്ക് അനുബന്ധം IV പ്രകാരം റ്റി.എസ്.പി വിഹിതം അനുവദിച്ചിട്ടുണ്ട്. എന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തു. ഈ നഗരസഭകൾക്ക് 2021 -22 വർഷം അനുവദിച്ച തുക താഴെ പറയും പ്രകാരമാണ്.

| നഗരസഭയുടെ പേര് | റ്റി.എസ്.പി വിഹിതം |
|---|---|
| പാലക്കാട് മുനിസിപ്പാലിറ്റി | 1,30,000/- രൂപ |
| തിരൂർ മുനിസിപ്പാലിറ്റി | 21,25,000/- രൂപ |
| കൊയിലാണ്ടി | 5,19,000/- രൂപ |

ഈ നഗരസഭകൾക്ക് റ്റി.എസ്.പി വിഹിതം ചെലവഴിക്കാൻ സാധിക്കുന്നില്ല എന്ന് നഗരകാര്യ ഡയറക്ടർ അറിയിച്ചു. പട്ടികവർഗ്ഗ ജനസംഖ്യ ഇല്ലാത്തതും റ്റി.എസ്.പി വിഹിതം ഈ വർഷം അനുവദിച്ചിട്ടുള്ളതുമായ നഗരസഭകളുടെ വിശദാംശം ശേഖരിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുമ്പ് നഗരകാര്യ ഡയറക്ടർ നൽകണം. ഇത് ധനവകുപ്പിന് കൈമാറേണ്ടതായതിനാൽ കൃത്യത വരുത്തണം. ഇതിനായി ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ റിപ്പോർട്ട് / ശുപാർശ കൂടി അവലംബിക്കണം. അതുപോലെ പട്ടികവർഗ്ഗ കുടുംബങ്ങൾ വളരെ കുറവുള്ള നഗരസഭകളിൽ ജനസംഖ്യാനുപാതമല്ലാതെ കൂടുതൽ റ്റി.എസ്.പി വിഹിതം അനുവദിച്ചിട്ടുണ്ടെങ്കിൽ ഈ വിവരവും നൽകണം. ഇങ്ങനെയുള്ള (രണ്ടാമത്തെ ഗണത്തിൽപ്പെട്ട) നഗരസഭയിലെ പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം അനുവദിച്ച തുക എത്ര എന്നിവ സഹിതം വേണം നൽകേണ്ടത്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2) നഗരകാര്യ ഡയറക്ടർ**

**3.11.** നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും ലഭിക്കുന്ന റ്റി.എസ്.പി വിഹിതം ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ ചെലവഴിക്കാൻ ബുദ്ധിമുട്ട് നേരിടുന്നതായി നഗരകാര്യഡയറക്ടർ യോഗത്തിൽ അറിയിച്ചു. ഇത്തരം പ്രദേശങ്ങളിൽ നടപ്പാക്കാൻ അനുയോജ്യമായ പ്രോജക്ടുകൾ/നൂതന പ്രോജക്ടുകൾ കണ്ടെത്തി നടപ്പാക്കാൻ 14.07.2021 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശം നൽകിയിരുന്നതാണ്. താഴെ പറയുന്ന നിർദ്ദേശങ്ങൾ പ്രത്യേകിച്ച് ഒന്നും രണ്ടും നടപ്പാക്കാൻ ആവശ്യമായ നടപടി നഗരകാര്യ ഡയറക്ടർ സ്വീകരിക്കണം.

i) പട്ടികവർഗ വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസം പല കാരണങ്ങൾകൊണ്ട് വലിയ വെല്ലുവിളികൾ നേരിടുന്നു. ഇതിലൊന്നാണ് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ അപര്യാപ്തത. ആയതിനാൽ നഗരപ്രദേശങ്ങളിലെ കോളേജ് ക്യാമ്പസുകൾക്കുള്ളിലോ സമീപ പ്രദേശത്തോ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ സൗകര്യങ്ങൾ പട്ടികവർഗ്ഗ വികസനവകുപ്പുമായി ചേർന്ന് തദ്ദേശഭരണസ്ഥാപനങ്ങളുടെ ടി.എസ്.പി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കാവുന്നതാണ്.

ii) നഗരപ്രദേശങ്ങളിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് താമസിക്കുന്നതിനുള്ള സൗകര്യം (Stay homes / hostels) നിർമ്മിക്കാവു

ന്നതാണ്. ഇതിനായി അതതു ജില്ലകളിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളുടെയും ടി.എസ്.പി ഫണ്ട് (പ്രത്യേകിച്ച് ചെലവഴിക്കാൻ ബുദ്ധിമുട്ടുള്ള സാഹചര്യ ങ്ങളിൽ) വിനിയോഗിക്കാവുന്നതാണ്.

iii) പട്ടികവർഗ്ഗമേഖലയിലെ വനവിഭവങ്ങൾ ശേഖരിച്ച് നഗരപ്രദേശങ്ങളിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനത്തിനുള്ള സൗകര്യങ്ങൾ ഒരുക്കാവുന്നതാണ്. വനവിഭവങ്ങൾ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നേരിട്ട് ഇടനിലക്കാരില്ലാതെ വിൽക്കാൻ സഹായിക്കുന്ന വിധം ജില്ലയിൽ സ്ഥിരം കേന്ദ്രം / സഞ്ചരിക്കുന്ന വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കാവുന്നതാണ്.

iv) പട്ടികവർഗ്ഗജനവിഭാഗങ്ങൾ കൂടുതലുള്ള ജില്ലകളിൽ നൈപുണ്യ വികസന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കാവുന്നതാണ്. മറ്റു വകുപ്പുകളുടെ ഫണ്ടുമായി ഇത് സംയോജിപ്പി ക്കാവുന്നതാണ്.

ഇവ പതിനാലാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിൽ കൂടി ഉൾപ്പെടുത്തേണ്ട താണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2) ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്**
**3) നഗരകാര്യ ഡയറക്ടർ**
**4) എസ്.ആർ.ജി**

**3.12.** നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി നൽകുന്നതിന് വിള ഇൻഷ്വറൻസ് തുക മുൻകൂറായി അടയ്ക്കണമെന്നുണ്ട്. എന്നാൽ 25 സെന്റിൽ താഴെ നെൽകൃഷി ചെയ്യുന്നവർക്ക് കൃഷി വകുപ്പിൽ നിന്ന് വിള ഇൻഷ്വറൻസ് അനുവദിക്കുന്നില്ലാത്ത സാഹചര്യം ഉണ്ടാവാറുണ്ട്. ഈ സാഹചര്യത്തിൽ 25 സെന്റിൽ താഴെ നെൽകൃഷി ചെയ്യുന്ന കർഷകർക്ക് (വിള ഇൻഷ്വറൻസിൽ ഉൾപ്പെടുത്താനായി കൃഷി വകുപ്പ് നിശ്ചയിച്ചിരിക്കുന്ന വിസ്തീർണ്ണം എത്രയാണോ അത്) സ്ഥലത്തിന്റെ വിസ്തീർണ്ണ മനുസരിച്ച് ആനുപാതിക നിരക്കിൽ കൂലി ചെലവ് സബ്സിഡി നൽകാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**3.13.** പല തദ്ദേശഭരണസ്ഥാപനങ്ങളും വിവിധ പ്രവൃത്തികളുടെ നിർവഹണത്തിനായി അക്രഡിറ്റഡ് ഏജൻസികളെ പ്രവൃത്തി ഏൽപ്പിക്കാറുണ്ട്. ധനവകുപ്പിന്റെ ഉത്തരവിലെ ബിഡ്ഡിംഗ് / ലിമിറ്റഡ് ടെണ്ടർ പോലുള്ള നടപടി ക്രമങ്ങൾ പാലിച്ചല്ല പലപ്പോഴും ഇത്തരം ഏജൻസികളെ തെരഞ്ഞെടുക്കുന്നതെന്ന് യോഗം നിരീക്ഷിച്ചു. ഇതു ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും വീഴ്ചയാണ്. മുൻ കോഓർഡിനേഷൻ കമ്മിറ്റികളിൽ നിർദ്ദേശിച്ചതുപോലെ പി.എം.സി, നോൺ പി.എം.സികൾ മുഖേന പ്രവർത്തികൾ നിർവ്വഹണം നടത്തുമ്പോൾ ധനവകുപ്പിന്റെ ഉത്തരവു പ്രകാരം പാലിക്കേണ്ട നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്. ഒപ്പം ധനവകുപ്പിന്റെ ഉത്തരവു പ്രകാരം പി.എം.സി, നോൺ പി.എം.സി അംഗീകാരം ഏതു തരം പ്രവർത്തികൾക്കാണെന്ന് പരിശോധിച്ച് അത്തരം പ്രവർത്തികളുടെ നിർവ്വഹണത്തിനു

മാത്രമേ ഈ ഏജൻസികളെ തെരഞ്ഞെടുക്കാവൂ. ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ഉത്തരവാദിത്തമാണ്. ഇത് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ കൂടി ഉൾപ്പെടുത്താൻ യോഗം തീരുമാനിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) എസ്.ആർ.ജി**

**3.14.** തദ്ദേശഭരണസ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം- ത്തിന് നൽകുന്ന തുകയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങളെ അറിയിക്കാറില്ല എന്ന് യോഗം വിലയിരുത്തി. എസ്.എസ്.കെ പദ്ധതി പ്രകാരം ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ എന്താണെന്ന് അതതു തദ്ദേശഭരണസ്ഥാപനങ്ങളെ അറിയിക്കണം. എസ്.എസ്.കെ വിഹിതവും തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കുന്നത് സംബന്ധിച്ച് Utilisation Certificate സമഗ്രശിക്ഷാ കേരളത്തിൽ നിന്നു നല്കണം.

കുടിശ്ശികയുള്ള എസ്.എസ്.കെ വിഹിതം അതതു തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ വർഷം തന്നെ നൽകണം. ഇതു സംബന്ധിച്ച് അതതു വകുപ്പ് മേധാവികൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കത്തയയ്ക്കണം. ഓരോ തദ്ദേശഭരണസ്ഥാപനവും ഈ വർഷം ഇതിനു നൽകേണ്ട വിഹിതം എത്രയാണെന്ന് ബന്ധപ്പെട്ട വകുപ്പ മേധാവികൾക്ക് എസ്.എസ്.കെ. പ്രോജക്ട് ഡയറക്ടർ നൽകണം. ഓരോ വർഷവും തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തേണ്ട വിഹിതം എത്രയാണെന്ന് എസ്.എസ്.കെ അറിയിക്കണം. ഒപ്പം നടപ്പാക്കുന്ന പരിപാടികൾ ഏതൊക്കെയാണെന്നും അറിയിക്കണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) നഗരകാര്യഡയറക്ടർ**
**3) എസ്.എസ്.കെ പ്രോജക്ട് ഡയറക്ടർ**

**3.15.** ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് ഒരു ക്ലർക്കിന്റെ സേവനം ലഭ്യമാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും ഗ്രാമപഞ്ചായത്ത് ഓഫീസുകളിലെ ജോലിഭാരം കാരണം ചുരുക്കം ചില അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഓഫീസുകളിൽ മാത്രമാണ് ക്ലർക്കുമാരെ ഗ്രാമപഞ്ചായത്തിൽ നിന്ന് നൽകിയിട്ടുള്ളു. ഈ സാഹചര്യത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്കു ഗ്രാമപഞ്ചായത്തിൽ നിന്നു ക്ലാർക്കുമാരെ നൽകിയിട്ടില്ലാത്ത സ്ഥലങ്ങളിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ദിവസവേതനാടിസ്ഥാനത്തിൽ ഒരു ക്ലാർക്കിനെ നിയമിക്കാവുന്നതാണ്. ഇതിനായി തനതുഫണ്ടുപയോഗിക്കേണ്ടതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

**3.16.** കേന്ദ്രസർക്കാർ ദേശീയ ആയുഷ് മിഷനിലൂടെ 12,500 **Ayush Health Wellness Centre (HWC)** സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കേരളത്തിൽ 600 **HWC** സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആയുർവേദ, ഹോമിയോ ഡിസ്പെൻസറികളാണ് **Ayush HWC** ആയി മാറ്റുന്നത്. ഗർണിണികളായ സ്ത്രീകളുടെ ആരോഗ്യ പരിപാലനം അതുവഴി സുഖ പ്രസവം, കുട്ടികളുടെ ആരോഗ്യം, വൃദ്ധരുടെ പരിപാലനം (ആരോഗ്യമുള്ള വാർദ്ധക്യം) ഇവയാണ് പ്രധാന ലക്ഷ്യങ്ങൾ. തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കുന്ന ഈ പദ്ധതിയ്ക്ക് സാമ്പത്തിക സഹായവും മനുഷ്യ വിഭവവും കേന്ദ്രസർക്കാർ നൽകും. ഈ പദ്ധതിയിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തവും സഹകരണവും ഉറപ്പാക്കേണ്ടതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) എസ്.ആർ.ജി**

**3.17.** തൊഴിൽ സംരംഭങ്ങൾ വായ്പാ ബന്ധിത പ്രോജക്ടായാണ് ആരംഭിക്കുന്നതെങ്കിൽ ധനസഹായതുക ബാക്ക് എൻഡഡ് ആയി ബാങ്കിലേക്ക് നൽകണമെന്നാണ് മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്നത്. ഇങ്ങനെ നൽകുന്ന സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകേണ്ടതെന്നും ബാങ്കിന്റെ സ്വന്തം അക്കൗണ്ടിലേക്കല്ലെന്നും നിർദ്ദേശിക്കുന്നു. പുതിയ മാർഗ്ഗരേഖയിൽ ''ബാക്ക് എൻഡഡ്'' എന്ന വാക്ക് ഒഴിവാക്കേണ്ടതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**3.18.** കരകൗശലമടക്കമുള്ള പരമ്പരാഗത തൊഴിലാളികൾ, വയറിംഗ് - പ്ലംബിംഗ് തൊഴിലാളികൾ, കാർപ്പെന്റർ, മേസ്തിരി തുടങ്ങിയവർക്ക് ആവശ്യമായ ടൂൾകിറ്റ് വാങ്ങി നൽകാവുന്നതാണ്. ഇതു സംബന്ധിച്ച് നൽകാവുന്ന സബ്സിഡി നിരക്ക് പതിനാലാം പഞ്ചവത്സരപദ്ധതി പുതിയ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തേണ്ടതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) എസ്.ആർ.ജി**

## 4. പ്രത്യേക വിഷയം

====================

### 4.1 ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്

| | |
|---|---|
| **ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 06.12.2021, 19.01.2022 എന്നീ** | |
| **തീയതികളിലെ** | **1674/2021-ാം** |
| **നമ്പർ കത്തും അനുബന്ധ രേഖകളും** | **(SRG 10/22 – LSGD – DD1 /245/2021-LSGD)** |

***പ്രോ.നം: 116/22*** ***അടങ്കൽ - 12,00,000/-***
***(IAY പദ്ധതിയിലെ ചെലവഴിക്കാത്ത വിഹിതം)***

***പേര് : ലൈഫ് പദ്ധതി – ഭൂമി വാങ്ങൽ***

**PMAY** ആവാസ് പ്ലസ് / ലൈഫ് ഭവന പദ്ധതിയിൽ ഭൂരഹിതരായുള്ള ആറു ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകാനാണ് പ്രോജക്ട്. ഇതിനായി **IAY** പദ്ധതിയിൽ

ചെലവഴിക്കപ്പെടാതെ ഹരിപ്പാട് കാനറാ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുകയിൽ നിന്നും 12.00 ലക്ഷം രൂപ ഉപയോഗിക്കാൻ അനുമതി നല്കണമെന്നത് സംബന്ധിച്ച്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ച പ്രകാരം 4,19,27,272/- രൂപയാണ് ബാങ്കിൽ മിച്ചമുള്ള തുക.

**ഗുണഭോക്താക്കളുടെ വിവരം**

| ക്രമ നമ്പർ | ഗുണഭോക്താക്കളുടെ വിവരം | PMAY ID Number | ഗ്രാമപഞ്ചായത്ത് |
|---|---|---|---|
| 1 | ശ്രീമതി സുഭദ്രാമ്മ | KL1062717 | കാർത്തികപള്ളി |
| 2 | ശ്രീമതി തങ്കമ്മ | KL 1108687 | പള്ളിപ്പാട് |
| 3 | ശ്രീമതി ഓമന | KL1004839 | തൃക്കുന്നപ്പുഴ |
| 4 | ശ്രീമതി ഉഷ | KL1108413 | വീയപുരം |
| 5 | ശ്രീമതി ജാനകി | KL1114397 | വീയപുരം |
| 6 | ശ്രീമതി ബിന്ദു | Survey Code Id No LF0784697/3/477/1 | കരുവാറ്റ |

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി/ഡി.ബി) വകുപ്പ്**

**4.2 പിറവന്തൂർ ഗ്രാമപഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.01.2020 ലെ കത്ത് (SRG 105/22 – CC / 45/2022)**

പിറവന്തൂർ ഗ്രാമപഞ്ചായത്തിൽ വീട് അറ്റകുറ്റപ്പണിക്ക് താഴെ പറയുന്ന 3 പ്രോജക്ടുകൾ ഈ വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

***പ്രോ.നം: 47/22*** ***അടങ്കൽ - 8,40,000/- രൂപ ( വികസനഫണ്ട് ജനറൽ)***

***പ്രോ.നം: 49/22*** ***അടങ്കൽ - 17,00,000/- രൂപ ( എസ്.സി.പി)***

***പ്രോ.നം: 39/22*** ***അടങ്കൽ - 4,00,000/- രൂപ ( റ്റി.എസ്.പി)***

വീട് അറ്റകുറ്റപ്പണിക്കുള്ള ഗുണഭോക്താക്കളിൽ പകുതിയിലധികം പേർക്കും അൺഓതറൈസ്ഡ് (UA) ബിൽഡിംഗ് നമ്പറാണുള്ളത്. പഞ്ചായത്തിന്റെ പകുതിയോളം ഭാഗം വനമേഖലയുമായി ചേർന്നാണ്. പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗക്കാരും ധാരാളമുണ്ട്. വനം പുറമ്പോക്കിലും കനാൽ പുറമ്പോക്കിലും താമസിക്കുന്നവർക്ക് UA നമ്പർ മാത്രമുള്ളതിനാൽ വീട്ടു അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകാൻ കഴിയില്ല. ഇവർക്കു കൂടി വീട്ടുമെയിന്റനൻസിനു ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** വീട്ടു അറ്റകുറ്റപ്പണിക്കായതിനാൽ പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

### 4.3 കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.01.2022 ലെ കത്തുകൾ (4 എണ്ണം), കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.12.2021 ലെ** C3/4569/21-ാം **നമ്പർ കത്തും, കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.12.21 ലെ 2(1)-ാം നമ്പർ തീരുമാനവും തദ്ദേശസ്വയംഭരണവകുപ്പ് എറണാകുളം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 08.12.2021 ലെ** DB3 **ജനറൽ** / 2020-21-ാം **നമ്പർ കത്തും റിപ്പോർട്ടും (SRG 48/22- CC- 709/2021, SRG 47/22- CC- 710/2021, SRG 51/22 – CC/ 706/2021, SRG 52/22 – CC / 705/ 2021).**

താഴെപറയുന്ന അഞ്ചുറോഡു പുനരുദ്ധാരണ പ്രവർത്തികൾ BM & BC നിലവാരത്തിൽ നടത്തുന്നതിന് പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. തനതുഫണ്ടുപയോഗിച്ചുള്ള ഈ പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

| ക്രമ നമ്പർ | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ (തനത് ഫണ്ട്) |
|---|---|---|---|
| 1 | 148/22 | മേച്ചേരി മുകൾ മലയിടം തുരുത്ത് റോഡ് പുനരുദ്ധാരണം വാർഡ് 4 (BM & BC) | 45,51,107/- രൂപ |
| 2 | 149/22 | ആശാൻ പടി താമരച്ചാൽ റോഡ് പുനരുദ്ധാരണം വാർഡ് 17 (BM & BC) | 95,43,900/- രൂപ |
| 3 | 35/22 | തക് ദീസ് ആശുപത്രി എടത്തിക്കാട് റോഡ് പുനരുദ്ധാരണം – വാർഡ് 1 (BM & BC) | 61,77,215/- രൂപ |
| 4 | 23/22 | വച്ചേരിപ്പാറ പൊയ്യം കുന്നം റോഡ് പുനരുദ്ധാരണം – വാർഡ് 12 (BM & BC) | 39,33,055/- രൂപ |

**തീരുമാനം :-** ഇതിന്മേൽ താഴെ പറയുന്ന വിശദാംശങ്ങൾ ശേഖരിച്ച് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറേയും പഞ്ചായത്ത് ഡയറക്ടറേയും ചുമതലപ്പെടുത്തി.

1) BM & BC നിലവാരത്തിൽ ഈ റോഡു പണിയുന്നതിന്റെ ആവശ്യകതയും ട്രാഫിക് സെൻസസും പരിശോധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നൽകണം. ഒപ്പം റോഡിന്റെ നീളം, വീതി എന്നിവയും നൽകണം.
2) തനതുഫണ്ടായി ആകെ 2.42 കോടി രൂപയാണ് നാല് പ്രവർത്തികൾക്കായി വകയിരുത്തിയിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിന്റെ ലഭ്യത, ഗ്രാമപഞ്ചാ

യത്തിന്റെ മറ്റ ചുമതലകൾ ഭംഗിയായി നിറവേറ്റിയതിനു ശേഷമാണോ ഇത്രയും തുക BM & BC റോഡുകൾക്കായി ഉപയോഗിക്കുന്നത് തുടങ്ങിയവ സംബന്ധിച്ച് പരിശോധിച്ച് പഞ്ചായത്തു ഡയറക്ടറർ റിപ്പോർട്ട് നൽകണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

### 4.4 കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.01.2022 ലെ കത്തും കിഴക്കമ്പലം ഗ്രാമപഞ്ചായത്തു ഭരണസമിതിയുടെ 27.12.21 ലെ 2(1)-ാം നമ്പർ തീരുമാനവും തദ്ദേശസ്വയംഭരണ വകുപ്പ് എറണാകുളം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 18.12.21 ലെ DB3/ജനറൽ / 2020-21-ാം നമ്പർ കത്തും റിപ്പോർട്ടും (SRG 49/21- CC- 708/2021)**

*പ്രോ.നം: 147/22* *അടങ്കൽ - 25,11,113/- രൂപ*
*(മെയിന്റനൻസ് ഗ്രാന്റ് - റോഡ്)*

*പേര് :- മാളിയേക്കൽപ്പടി പഴങ്ങനാട് റോഡ് പുനരുദ്ധാരണം വാർഡ് 16 – (BM & BC)*

മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിച്ചുകൊണ്ടു BM & BC നിലവാരത്തിൽ മാളിയേക്കൽപ്പടി പഴങ്ങനാട്ടു റോഡ് പുനരുദ്ധാരണത്തിനുള്ള പ്രോജക്റ്റിന് അനുമതി നൽകണമെന്നതുസംബന്ധിച്ച്.

**തീരുമാനം:-** BM & BC നിലവാരത്തിൽ റോഡ് നിർമ്മാണം / പുനരുദ്ധാരണത്തിന് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല. അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

### 4.5 കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.01.2022 ലെ കത്തും കിഴക്കമ്പലം ഗ്രാമപഞ്ചായത്തു ഭരണസമിതിയുടെ 27.12.21 ലെ 2(1)-ാം നമ്പർ തീരുമാനവും തദ്ദേശസ്വയംഭരണ വകുപ്പ് എറണാകുളം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 18.12.2021 DB3/ജനറൽ / 2020-21-ാം നമ്പർ കത്തും റിപ്പോർട്ടും (SRG 50/22 - CC- 707/2021)**

*പ്രോ.നം: 140/22* *അടങ്കൽ - 67,42,380/- രൂപ*
*(മെയിന്റനൻസ് ഫണ്ട് – റോഡ് – 47,13,900/- രൂപ*
*തനത് ഫണ്ട് – 20,28,480/- രൂപ)*

*പേര് :- തൈക്കാവ് ചൂരക്കോട്ടു റോഡ് പുനരുദ്ധാരണം സെക്കന്റ് റീച്ച് വാർഡ് 5 (BM & BC)*

മെയിന്റനൻസ് ഗ്രാന്റും (റോഡ്) തനതുഫണ്ടും ഉപോഗിച്ചുകൊണ്ട് *BM & BC* നിലവാരത്തിൽ തൈക്കാവ് ചൂരക്കോട് റോഡ് പുനരുദ്ധാരണത്തിനുള്ള ഈ പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉൾപ്പെടുത്തി BM & BC നിലവാരത്തിൽ റോഡ് പുനരുദ്ധാരണത്തിന് (നിർമ്മാണ ത്തിന്) ഉപയോഗിക്കാവുന്നതല്ല. അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.6 <u>ഉള്ളിയേരി ഗ്രാമപഞ്ചായത്ത്</u>**

**<u>കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.01.2022 ലെ കത്തും ഉള്ളിയേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.12.2021 ലെ 245/2021(1)-ാം നമ്പർ തീരുമാനവും</u>**

***പ്രോ.നം: 94/22*** ***അടങ്കൽ - 9,50,000/- രൂപ***

***(മെയിന്റനൻസ് ഗ്രാന്റ് റോഡ് – 7,78,000/-***

***തനതുഫണ്ട് – 1,72,000/-)***

***പേര് :- കുന്നാട്ട്താഴെ കിഴക്കേക്കര റോഡ് – വാർഡ് 8***

ഗ്രാമപഞ്ചായത്തിലെ കുന്നാട്ട്താഴെ കിഴക്കേക്കര റോഡ് ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാണ്. ഇതിന്റെ നിർമ്മാണ പ്രവർത്തിക്കായി പ്രോജക്ട ഈ വർഷം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡായതിനാൽ തുക ഇറിഗേഷൻ വകുപ്പിനു ഡിപ്പോസിറ്റ് ചെയ്തു പ്രവർത്തി നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പുതിയ പ്രവൃത്തി ആയതിനാൽ മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉൾപ്പെടുത്തിയുള്ള പ്രോജക്ടിന് അനുമതി നിരസിച്ചു. അനുവദനീയ ഫണ്ട് ഉപയോഗിച്ച് ചെയ്യുന്നതിന് തടസ്സമില്ല.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.7 <u>ഓമല്ലൂർ ഗ്രാമപഞ്ചായത്ത്</u>**

**<u>പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.01.2022 ലെ കത്തും ഓമല്ലൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.12.2021 ലെ 1(3)-ാം നമ്പർ തീരുമാനവും (SRG 28/22 - CC- 712/2021)</u>**

***പ്രോ.നം: 195/22*** ***അടങ്കൽ - 30,000/- രൂപ***

***(നിർമ്മൽ അവാർഡ് തുക)***

***പേര് :- ഓമല്ലൂർ മാർക്കറ്റിൽ സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കൽ***

ഓമല്ലൂർ ഗ്രാമപഞ്ചായത്ത് കെട്ടിടത്തിനു സമീപമുള്ള ഒരേക്കർ സ്ഥലത്താണ് പച്ചക്കറി – മത്സ്യമാർക്കറ്റ് ഉള്ളത്. ബുധൻ, ശനി ദിവസങ്ങളിൽ മാത്രമാണ് മാർക്കറ്റ്

പ്രവർത്തിക്കുന്നത്. മാർക്കറ്റിൽ ഒഴിഞ്ഞ സ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് പതിവാണ്. ഇത് നിക്ഷേപിക്കുന്നവരെ കണ്ടെത്തുന്നതിന് സി.സി.റ്റി.വി സ്ഥാപിക്കാനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇതിനു സമീപത്തുള്ള കടഉടമസ്ഥരുടെ കൂടി സഹകരണം ഉറപ്പാക്കി മോണിറ്ററിംഗ് പോലീസ് സ്റ്റേഷനുമായി ബന്ധിപ്പിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.8 ആലപ്പുഴ ജില്ലാ പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.01.2022 ലെ കത്തും ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 21.12.2021 ലെ കത്തും (SRG 80/22 – CC / 689/21)**

*പ്രോ.നം: 36/22* *അടങ്കൽ - 5,00,000/- രൂപ*
*(വികസനഫണ്ട് – ജനറൽ)*

***പേര് :- ജില്ലാ പഞ്ചായത്തിൽ സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കൽ***

ജില്ലാ പഞ്ചായത്ത് കെട്ടിട സമുച്ചയത്തിൽ സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കാൻ പ്രോജക്ട തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി പി.ഡബ്ളിയു.ഡി ഇലക്ട്രോണിക്സ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ആകെ ചെലവ് 10,32,679/- രൂപയാണ്. ഈ പ്രോജക്ട് PWD–ക്ക് തുക ഡെപ്പോസിറ്റ് ചെയ്ത് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** PWD ഇലക്ട്രോണിക്സ് വിഭാഗത്തിന് തുക ഡെപ്പോസിറ്റ് ചെയ്യുമ്പോൾ കാലതാമസമൊഴിവാക്കാൻ ഇടപെടണമെന്ന നിർദ്ദേശത്തോടെ അനുമതി നൽകുന്നു. എസ്റ്റിമേറ്റ് പ്രകാരം അടങ്കൽ വർദ്ധിപ്പിക്കുന്നത് പരിഗണിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.9 എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.01.2022 ലെ കത്തും എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.12.21 ലെ 18-ാം നമ്പർ തീരുമാനവും (SRG 29/2022 – CC /699/2021)**

*പ്രോ.നം: 241/22* *അടങ്കൽ - 5,75,900/- രൂപ*
*(എസ്.സി.പി)*

***പേര് :- എസ്.സി ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ***

പട്ടികജാതി വിഭാഗത്തിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിനുള്ള ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.10 എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.01.2022 ലെ കത്തും എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.12.22 ലെ 18-ാം നമ്പർ തീരുമാനവും**

(SRG 31/2022 – CC /698/2021)

*പ്രോ.നം: 231/22* *അടങ്കൽ - 2,00,000/- രൂപ*

*(വികസനഫണ്ട് – ജനറൽ)*

***പേര് :- ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ***

പൊതുവിഭാഗത്തിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിനുള്ള ഈ പ്രോജക്ട നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.11 എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.01.2022 ലെ കത്തും എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.11.21 ലെ 1 (11)-ാം നമ്പർ തീരുമാനവും**

(SRG 30/2022 – CC /693/2021)

*പ്രോ.നം: 179/22* *അടങ്കൽ - 5,00,000/- രൂപ*

*(വികസനഫണ്ട് – ജനറൽ - 2,00,000/- രൂപ*
*ലോൺ - 3,00,000/- രൂപ)*

***പേര് :- ആട് പ്രജനന യൂണിറ്റ് – വനിതാ ഗ്രൂപ്പ് സംരംഭം***

ആട്ടുപ്രജനന യൂണിറ്റ് എന്ന ഈ പ്രോജക്ട ഗ്രാമപഞ്ചായത്ത് നടപ്പാക്കാനുദ്ദേശിക്കുന്നു. മാർഗ്ഗരേഖയിൽ ഇത്തരം പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തും നഗരസഭകളും നടപ്പാക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതിനാൽ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :-** അനുമതി നൽകുന്നു. മാർഗ്ഗരേഖയിലെ മറ്റു മാനദണ്ഡങ്ങൾ പാലിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.12 ബേഡഡുക്ക ഗ്രാമപഞ്ചായത്ത്

**ബേഡഡുക്ക ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11.01.2020 ലെ കത്തും അനുബന്ധ രേഖകളും** (SRG 140/2022)

*പ്രോ.നം: 88/22* *അടങ്കൽ - 5,00,000/- രൂപ*

*(വികസനഫണ്ട് – ജനറൽ )*

***പേര് :- യു.പി സ്കൂളിലെ കുട്ടികൾക്ക് ആട്ടു വിതരണം***

ഗ്രാമപഞ്ചായത്തിലെ മുഴുവൻ യു.പി. സ്കൂളുകളിലെയും തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് സൗജന്യമായി ആട്ടു വിതരണം ചെയ്യാനാണ് പ്രോജക്ട്. ഒരു കുട്ടിക്ക് ഓരോ

പെണ്ണാടിനെ നൽകുകയും പ്രസവശേഷം ഉണ്ടാകുന്ന ആദ്യത്തെ പെണ്ണാടിനെ സ്കൂളിനു തന്നെ തിരിച്ചു നൽകുകയും പി.റ്റി.എ കണ്ടെത്തുന്ന നിർദ്ധന കുട്ടികൾക്ക് അതിനെ വിതരണം ചെയ്യാനുമാണ് ലക്ഷ്യം. ഒരാടിനു പ്രതീക്ഷിക്കുന്ന വില 10,000/- രൂപയാണ്. 100 ശതമാനം സബ്സിഡി നിരക്കിൽ പെണ്ണാടിനെ നൽകാൻ അനുമതി നൽകണ മെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.13 കയർഫെഡ്**

**കയർഫെഡ് മാനേജിംഗ് ഡയറക്ടറുടെ 09.04.2021 ലെ** CF/QCo/COCOCFERT /2021-22/6511-ാം **നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2020 ലെ (ഖണ്ഡിക 4.22) യോഗ തീരുമാനവും (SRG 117/22 – LSGD – DA1/216/2020 - LSGD)**

താഴെ പറയുന്നവ കയർഫെഡ് ഉല്പാദിപ്പിക്കുന്നുണ്ട്.

i. **കൊക്കോ ഗ്രീൻ** - എയ്റോബിക് കമ്പോസിറ്റിംഗ് സംവിധാനത്തിൽ മീഡിയമായി ഉപയോഗിക്കുന്ന കൊക്കോ ഗ്രീൻ ചകിരിച്ചോറിൽ ഇനോകുലം ചേർത്താണ് തയ്യാറാക്കുന്നത്. ജി.എസ്.റ്റി കൂടാതെ ഒരു കിലോഗ്രാമിന് 12 രൂപയാണ് വില. ഇതിന്റെ ഉപയോഗം സംബന്ധിച്ച് ആവശ്യമെങ്കിൽ കയർഫെഡ് പരിശീലനം നൽകും.

ii. **കയർപിത്ത് കമ്പോസ്റ്റ്** – കൊക്കോഫെർട്ട് – കാർഷിക വിളകൾക്ക് വളരാൻ കൊക്കോഫെർട്ട് അനുകൂലമായ സാഹചര്യമൊരുക്കുന്നുണ്ട്. ഇത് മണ്ണിന്റെ ഈർപ്പം നിലനിർത്താൻ സഹായിക്കുന്നു. ജി.എസ്.റ്റി കൂടാതെ ഒരു കിലോഗ്രാമിന് 12 രൂപയാണ് വില.

മുകളിൽ പറഞ്ഞ ഉല്പന്നങ്ങൾ ടെണ്ടർ / ക്വട്ടേഷൻ കൂടാതെ കയർ ഫെഡിൽ നിന്ന് നേരിട്ടുവാങ്ങാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പ്ലാസ്റ്റിക് നിർമ്മിത ഗ്രോബാഗിനുപകരം കൊക്കോപോട്ട് (പ്രകൃതി സൗഹൃദ ചെടിച്ചട്ടി) ഉപയോഗിക്കുന്നതിന് 21.10.2020 ലെ കോഓർഡിനേഷൻ കമ്മിറ്റി (ഖണ്ഡിക 4.22) അനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കൊക്കോ പോട്ടിന്റെ ഉല്പാദനം ആരംഭിച്ച് അഞ്ചു വർഷം പൂർത്തിയാകുന്നതു വരെ ടെണ്ടർ കൂടാതെ കയർഫെഡിൽ നിന്നു വാങ്ങാൻ സർക്കാർ ഉത്തരവു **(GO.No. 52/2022/** തസ്വഭവ – തീയതി 10.01.22) നൽകിയിട്ടുണ്ട്. ഈ ഉത്തരവിലെ മാനദണ്ഡം മുകളിൽ പറഞ്ഞവക്ക് കൂടി പാലിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

### 4.14 ഏറിയാട് ഗ്രാമപഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.01.2022 ലെ കത്തും ഏറിയാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02.12.2020 ലെ കത്തും അനുബന്ധ രേഖകളും (SRG 32/2022 – CC/ 1044/20)**

*പ്രോ.നം: 227/22* — *അടങ്കൽ - 82,200/- രൂപ*

*(പഴയ നമ്പർ 126/21)* — *(റ്റി.എസ്.പി ഫണ്ട് – 32,200/- രൂപ*

*തനതു ഫണ്ട് – 50,000/- രൂപ )*

***പേര് :- ദുരന്ത നിവാരണ സേനാ പ്രവർത്തനം – വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള സൗകര്യം ഒരുക്കൽ***

ഏറിയാട് ഗ്രാമപഞ്ചായത്ത് 2020-21 വർഷം വെള്ളക്കെട്ട് ഒഴിവാക്കുന്നതിന്റെ ഭാഗമായി തറ മണ്ണിട്ടുയർത്തുന്നതിന് ഒരു പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഇതു നടപ്പാക്കിയില്ല. സ്പിൽഓവർ ആയി ഉൾപ്പെടുത്തിയിട്ടില്ല. ഇല്ലത്തു പറമ്പിൽ ഗോപി എന്ന വ്യക്തിയുടെ വീടിന്റെ തറ പൊക്കത്തിൽ മണ്ണിട്ട ഉയർത്തി വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായിരുന്നു പ്രോജക്ട്. ഈ ആവശ്യത്തിന് മുകളിൽ പറഞ്ഞ പ്രകാരം പുതിയ പ്രോജക്ട ഉൾപ്പെടുത്തിയിട്ടുണ്ട്. ഏറിയാട് ഗ്രാമപഞ്ചായത്തിൽ ഒരു പട്ടികവർഗ്ഗ കുടുംബം മാത്രമാണ് ഉള്ളത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

### 4.15 ഹരിപ്പാട് നഗരസഭ

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.11.2021 ലെ കത്തും ഹരിപ്പാട് നഗരസഭാ സെക്രട്ടറിയുടെ 29.11.2021 ലെ കത്തും ഹരിപ്പാട് മുനിസിപ്പൽ ചെയർമാന്റെ 18.01.2022 ലെ കത്തും (SRG 801/21 – CC /620/21, SRG 68/22)**

*പ്രോ.നം: 123/22* — *അടങ്കൽ - 8,00,000/- രൂപ*

*(വികസനഫണ്ട് – ജനറൽ)*

***പേര് :- ഭവന പരിസരം മണ്ണിട്ടുയർത്തൽ***

സംസ്ഥാനത്ത് 2018-ൽ ഉണ്ടായ മഹാപ്രളയത്തിൽ ഹരിപ്പാട് നഗരസഭയിൽ 1, 8, 9, 11, 12 എന്നീ വാർഡുകളിൽ താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ വീടുകളിൽ വെള്ളം കയറി. ഒപ്പം വീടിന്റെ അടിത്തറയുടെ ചുറ്റുമുള്ള മണ്ണ് ഒലിച്ചു പോവുകയും ചെയ്തു. ഇവർക്കായി ഭവന പരിസരം മണ്ണിട്ടുയർത്തുന്നതിന് 2019-20 ൽ പ്രോജക്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇത് ഈ വർഷം സ്പിൽ ഓവറായി തുടരുന്നു. പ്രവർത്തി പൂർത്തീകരിച്ചു. അതതു കുടുംബം പ്രവർത്തി ചെയ്തു ബന്ധപ്പെട്ട എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിലാണ് തുക നൽകുന്നത്. ഒരു ഗുണഭോക്താവിന്

പരമാവധി 25,000/- രൂപ നൽകും. ഈ പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പ്രളയദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം ലഭിച്ചിട്ടില്ലെന്ന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു. ഒപ്പം ജലത്തിന്റെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുത്തി മറ്റു കെടുതി ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

### 4.16 മലപ്പുറം ജില്ലാപഞ്ചായത്ത്

**മലപ്പുറം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 12.01.2022 ലെ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 24.11.2021 ലെ** G2-4800/15-ാം **നമ്പർ കത്തും (SRG 88/22** – CC/607/2021))

***പ്രോ.നം:*** *499/22* ***അടങ്കൽ -*** *10,00,000/-* ***രൂപ***
***(തനതു ഫണ്ട്)***

***പേര് :- ഉദ്യോഗഭേരി 2021-22***

ജില്ലയിലെ അഭ്യസ്തവിദ്യരായ എല്ലാ വിഭാഗത്തിലുമുള്ള യുവതി യുവാക്കൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലി ലഭ്യമാക്കുന്നതിന് പരിശീലനം നൽകുന്നതിനാണ് ഉദ്യോഗഭേരി എന്ന പേരിലുള്ള ഈ പ്രോജക്ട്. 15 ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ 15 സെന്ററുകളിലായാണ് പ്രോജക്ടു നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഒരു സെന്ററിന് 1.79 ലക്ഷം രൂപ വച്ച് ആകെ 26.85 ലക്ഷം രൂപയും മറ്റു ചെലവുകൾക്കായി 1.15 ലക്ഷം രൂപയും അടക്കം ആകെ 28.00 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. മാർഗ്ഗരേഖ പ്രകാരം ഇത്തരം പരിശീലനം നൽകാവുന്നത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ്. എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും പരിശീലനം നൽകുന്നതിന് പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** മാർഗ്ഗരേഖയിൽ പറയും പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്ത വിദ്യരായ യുവതി യുവാക്കൾക്ക് പരിശീലനം നൽകാൻ അനുമതി നൽകുന്നു. ഇങ്ങനെ നൽകുന്ന പരിശീലനം പ്രൊഫഷണൽ ഏജൻസി / വിദഗ്ധർ മുഖേന തന്നെ നൽകേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.17 മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.01.2022 ലെ കത്തുകളും (2 എണ്ണം) മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 27.11.2021 ലെ 23-ാം തീരുമാനവും (SRG 134/22 – CC / 15/2022)**

*പ്രോ.നം: 134/22* *അടങ്കൽ - 2,57,067/- രൂപ (എസ്.സി.പി)*

***പേര് :- മാർഗ്ഗദീപം – പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി പരിശീലനം***

പട്ടികജാതി വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി പരിശീലനത്തിനു വേണ്ടി പ്രോജക്ട നടപ്പ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദൂരസ്ഥലങ്ങളിൽ പോയി പരിശീലനം നേടുന്നതിനു പകരം നിലവിൽ സജ്ജമാക്കിയിട്ടുള്ള പരിശീലന കേന്ദ്രത്തിൽവച്ച് മാർഗ്ഗദീപം എന്ന ഒരു പി.എസ്.സി പരിശീലന പരിപാടി ഉദ്ദേശിക്കുന്നു. ഈ വർഷം ഇതിനായുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. തുടർന്നുള്ള എല്ലാ വർഷവും ഇത്തരം പരിശീലനം സംഘടിപ്പിക്കാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** എത്ര പേർക്ക് പരിശീലനം നൽകുന്നു എന്നതടക്കമുള്ള വിശദാംശം നൽകിയിട്ടില്ല. ഇതു സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് ബ്ലോക്ക് പഞ്ചായത്തിൽ തയ്യാറാക്കണമെന്ന നിബന്ധനയോടെ ഈ വർഷത്തേക്ക് അനുമതി നൽകുന്നു. പി.എസ്.സി പരിശീലനത്തിൽ പ്രാഗത്ഭ്യം തെളിയിച്ചവരെ പരിശീലകരായി നിശ്ചയിക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.18 തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.01.2022 ലെ കത്തും തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.11.2021 ലെ 1(4)-ാം നമ്പർ തീരുമാനവും (SRG 36/22** – CC/16/2022)

*പ്രോ.നം: 251/21* *അടങ്കൽ - 18,09,600/- രൂപ*

*(സി.എഫ്.സി ടൈഡ് ഗ്രാന്റ് – 15,00,000/- രൂപ*

*തനത് ഫണ്ട് – 3360/- രൂപ*

*ഗുണഭോക്തൃ വിഹിതം – 3,06,240/- രൂപ)*

***പേര് :- ക്ലീൻ തിരുവേഗപ്പുറ – എല്ലാ വീടുകൾക്കും ബയോ കമ്പോസ്റ്റ് ബിൻ.***

മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി എല്ലാ വീടുകൾക്കും ബയോ കമ്പോസ്റ്റ് ബിൻ നൽകാനുള്ള ഈ പ്രോജക്ട് അക്രഡിറ്റഡ് ഏജൻസിയായ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC) മുഖേന നടപ്പാക്കി. 3,93,300/- രൂപ ഇതിനകം നൽകി. എന്നാൽ IRTCയെ തെരഞ്ഞെടുത്തത് ടെണ്ടർ / ബിഡ്ഡിംഗ് കൂടാതെയാണ്. ഈ പിശക്

താമസിച്ചാണ് കണ്ടെത്തിയത്. അതിനാൽ IRTC യെ തെരഞ്ഞെടുത്ത നടപടിക്ക് സാധൂകരണം നൽകി ബാക്കി തുക കൂടി നൽകാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം :-** 1) സാധൂകരണം നൽകി അനുമതി നൽകുന്നു.

2) ഇത്തരം വീഴ്ചകൾ ഇനി ആവർത്തിക്കരുതെന്ന് കർശന നിർദ്ദേശം നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡബ്ളിയു. എം) വകുപ്പ്**

**4.19 അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.10.2021 ലെ കത്തുകളും (2 എണ്ണം) അയ്യംപുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 04.06.2021 ലെ 1(5)-ാം നമ്പർ തീരുമാനവും (SRG 135/22 – CC/439/2021)**

*പ്രോ.നം: 117/22* — *അടങ്കൽ - 3,00,000/- രൂപ (സി.എഫ്.സി റ്റൈഡ് ഗ്രാന്റ്)*

***പേര് :- പ്ലാന്റേഷൻ പത്താം ബ്ലോക്കിൽ അഴുക്കുചാൽ നിർമ്മാണവും അനുബന്ധ പ്രവർത്തനങ്ങളും***

പ്ലാന്റേഷൻ കോർപ്പറേഷൻ മേഖലയിലെ തൊഴിലാളികളുടെ ലയങ്ങളോട് ചേർന്നുള്ള അഴുക്കുചാൽ നന്നാക്കുന്നതിനാണ് പ്രോജക്ട്. ഇവിടെ മലയോര മേഖല ആയതിനാൽ മഴക്കാലത്ത് കുത്തിയൊലിച്ച് വരുന്ന മഴവെള്ളം ഒഴുക്കിവിടേണ്ടത് ഈ ചാലിലൂടെയാണ്. പ്ലാന്റേഷൻ കോർപ്പറേഷൻ വക സ്ഥലമായതിനാൽ ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം :-** തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടി ആയതിനാൽ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡബ്ളിയു. എം) വകുപ്പ്**

**4.20 വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.01.2022 ലെ കത്തും വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 27.12.2021 ലെ 9(3)-ാം നമ്പർ തീരുമാനവും (SRG 85/22 – CC/24/2022)**

*പ്രോ.നം: 149/2016* — *അടങ്കൽ - 4,00,000/- രൂപ (സി.എഫ്.സി റൈഡ് ഗ്രാന്റ്)*

***പേര് :- മമ്പാട് ജി.എച്ച്.എസ്.എസ്, എം.ഇ.എസ് എച്ച്.എസ്.എസ് എന്നിവിടങ്ങളിൽ ഇൻസിനേറ്റർ സ്ഥാപിക്കൽ***

മമ്പാട് ഗവണ്മെന്റ് ഹയർസെക്കണ്ടറി സ്കൂൾ, മമ്പാട് എം.ഇ.എസ് ഹയർസെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിൽ നാപ്കിൻ ഡിസ്പോസൽ ഇൻസിനറേറ്റർ സ്ഥാപി

ക്കാൻ പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ മമ്പാട് എം.ഇ.എസ് ഹയർ സെക്കണ്ടറി സ്കൂൾ എയ്ഡഡ് സ്കൂളാണ്. ഈ സ്കൂളിൽ കൂടി ഇൻസിനേറ്റർ സ്ഥാപിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-**

1) കുട്ടികൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുമെന്നതിനാൽ മുകളിൽ പറഞ്ഞ എയ്ഡഡ് സ്കൂളിലും നാപ്കിൻ ഇൻസിനേറ്റർ സ്ഥാപിക്കാൻ അനുമതി നൽകുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് മേഖലയിലെ എല്ലാ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലും ഹൈസ്കൂളുകളിലും ഇവ സ്ഥാപിച്ചതിനു ശേഷമേ എയ്ഡഡ് സ്കൂളുകളെ പരിഗണിക്കാവൂ എന്നു നിർദ്ദേശിക്കുന്നു.
2) ഇൻസിനേറ്ററിന്റെ വില സംബന്ധിച്ച് ശുചിത്വമിഷന്റെ നിരക്ക് പാലിക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.21 പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്ത്**

**കൊല്ലംജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.12.2022 ലെ കത്തും പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 04.12.2021 ലെ 21(1)-ാം നമ്പർ തീരുമാനവും (SRG 106/22 – CC / 679/2021)**

പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്ത് ഭൂമിശാസ്ത്രപരമായി താഴ്ന്ന പ്രദേശം ഉൾപ്പെട്ടതാണ്. മഴക്കാലത്ത് കല്ലടയാറ്റിൽ നിന്നും പ്രളയജലം കയറുന്നതിനാൽ ഭൂരിഭാഗം പ്രദേശത്തും നിലവിലുള്ള കക്കൂസുകൾ പ്രയോജനപ്രദമല്ല. പ്രളയത്തിൽ വെള്ളം കയറി നശിക്കാത്തതും ശുചിത്വം ഉറപ്പുവരുത്തുന്നതുമായ മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിലേതിനു സമാനമായ പ്രത്യേക രൂപകല്പന ചെയ്ത കക്കൂസ് ഇവിടേയും സ്ഥാപിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-**

1) ഇതിനാവശ്യമായ തുക എവിടെ നിന്ന് കണ്ടെത്തുന്നു, എത്ര ഗുണഭോക്താക്കൾക്കാണ് സഹായം നൽകുന്നത്, ശുചിത്വ മിഷൻ വിഹിതമുണ്ടോ, സാങ്കേതിക വിശദാംശം തുടങ്ങിയവ ഉൾപ്പെടുത്തി ശുചിത്വമിഷൻ ഡയറക്ടറുടെ അഭിപ്രായം സഹിതം നൽകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.22 കെൽട്രോൺ (കുറ്റിപ്പുറം) മാനേജിംഗ് ഡയറക്ടറുടെ കത്തും (ലഭിച്ചത് 14.09.2017) ഇതിന്മേൽ 03.10.2017 ൽ കൂടിയ കോഓർഡിനേഷൻ കമ്മിറ്റി യോഗം എടുത്ത തീരുമാനവും (ഖണ്ഡിക 4.17) തുടർന്നുള്ള സർക്കാർ ഉത്തരവും സീനിയർ ഓഡിറ്റ് ഓഫീസറുടെ (LBA Party III) 29.02.2020 ലെ ഓഡിറ്റ് കുറിപ്പും (നം.8) (SRG 12/22-LSGD – DA1 / 798/2017-LSGD).**

ഭിന്നശേഷി വിഭാഗക്കാർക്കായി ശ്രവണസഹായി, സഞ്ചാര സഹായ ഉപകരണങ്ങൾ എന്നിവ കെൽട്രോൺ നിർമ്മിക്കുന്നുണ്ട്. കൂടാതെ കെൽട്രോൺ ഭിന്നശേഷി വിഭാഗക്കാർക്ക് ഉപയോഗിക്കത്തക്കരീതിയിൽ സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിച്ച് നൽകുന്നുമുണ്ട്. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകുന്നതിനുള്ള അംഗീകൃത ഏജൻസിയായി കെൽട്രോണിനെ പരിഗണിച്ച് ഉത്തരവുണ്ടാകണമെന്ന് കെൽട്രോൺ മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. ഇത് 03.10.2017 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ പരിഗണനാ വിഷയമായി ഉൾപ്പെടുത്തിയിരുന്നു.

2.12.2016 ലെ 3299/2016/തസ്വഭവ ഉത്തരവു പ്രകാരം സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന സാധനങ്ങൾ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് വേണമെങ്കിൽ ടെണ്ടർ കൂടാതെ വാങ്ങാൻ ഇളവു നൽകിയിരുന്നു. ഇത് പരിഗണിച്ച് കെൽട്രോൺ സ്വയം നിർമ്മിക്കുന്ന ഉല്പന്നങ്ങൾ ടെണ്ടർ കൂടാതെ വാങ്ങാൻ 3.10.2017 ൽ കൂടിയ കോഓർഡിനേഷൻ കമ്മിറ്റി യോഗം അനുമതി നൽകി. ഇതോടൊപ്പം ഭിന്നശേഷി വിഭാഗക്കാർക്ക് ഉപയോഗിക്കത്തക്ക രീതിയിൽ കെൽട്രോണിൽ നിന്ന് മാറ്റങ്ങളോടെ സൈഡ് വീൽ ഘടിപ്പിച്ചു നൽകുന്ന സ്കൂട്ടർ വാങ്ങാനും ഇതേ യോഗത്തിൽ പ്രത്യേക അനുമതി നൽകി. തുടർന്ന് ഇതിന്മേൽ 01.11.2017 – ൽ 3521/2017/ തസ്വഭവ നമ്പരായി സർക്കാർ ഉത്തരവ് ഇറക്കി.

ഇതു സംബന്ധിച്ച് സീനിയർ ഓഡിറ്റ് ഓഫീസർ (LBA Party III) താഴെ പറയുന്ന കാര്യങ്ങൾ ചൂണ്ടിക്കാണിച്ചു കൊണ്ട് വിശദീകരണം ആവശ്യപ്പെട്ടിരിക്കുന്നു.

i. കെൽട്രോൺ ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ നിർമ്മാണ മേഖലയിലുള്ള ഒരു സ്ഥാപനമാണ്. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ ഉല്പാദിപ്പിക്കുന്നില്ല. കെൽട്രോണിന്റെ വെബ്സൈറ്റിലും സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടറിന്റെ നിർമ്മാണം സംബന്ധിച്ച് പരാമർശമില്ല.

ii. ഇന്ത്യയിൽ വിൽക്കുന്നതിനായി എല്ലാ പുതിയ വാഹനങ്ങളും പരിശോധിച്ച് സർട്ടിഫൈ ചെയ്യേണ്ടത് Automotive Research Association of India (ARAI) ആണ്. മോട്ടോർ വെഹിക്കിൾ നിയമപ്രകാരം അംഗീകരിച്ച രൂപകല്പനയിൽ (Design) നിന്ന് മാറ്റം പാടില്ല. ARAI – യോ മോട്ടോർ വെഹിക്കിൾ വകുപ്പോ സ്കൂട്ടറിൽ മുകളിൽ പറഞ്ഞ മാറ്റം വരുത്താൻ കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്നു വ്യക്തമാക്കണം.

iii. 03.10.2017 ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലിറങ്ങിയ 01.11.2017 ലെ 3521/2017/LSGD ഉത്തരവു പ്രകാരം സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന ഉല്പന്നങ്ങൾ മാത്രമാണ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ നേരിട്ടു വാങ്ങാവുന്നത്. കെൽട്രോൺ സ്വന്തമായി സ്കൂട്ടർ ഉല്പാദിപ്പിക്കുന്നില്ല. മറിച്ച് സ്കൂട്ടറിൽ അധികമായി ഉപകരണങ്ങൾ (സൈഡ് വീൽ) ഘടിപ്പിക്കുന്നതു മാത്രമേ ഉള്ളൂ.

ഇങ്ങനെ കെൽട്രോണിന് പ്രത്യേക പരിഗണന നൽകാനുള്ള സാഹചര്യം വിശദീകരിക്കണമെന്ന് ഓഡിറ്റ് വിഭാഗത്തിന്റെ കുറിപ്പിന് മറുപടി സംബന്ധിച്ച്.

**തീരുമാനം :-** മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ കൂടി അഭിപ്രായം തേടി വകുപ്പുതലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.23 കാഞ്ഞിരപ്പള്ളി നിയമസഭ മണ്ഡലത്തിലെ കങ്ങഴ, നെടുങ്കുന്നം, കറുകച്ചാൽ ഗ്രാമപഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതി**

**ബഹു.ഗവ.ചീഫ് വിപ്പിന്റെ 15.12.2021 ലെ 418/**GCW/2021-**ാം നമ്പർ കത്തും പഞ്ചായത്ത് ഡയറക്ടറുടെ 07.01.2021 ലെ** PAN/16244/2021-J6 (DP) **നമ്പർ കത്തും, കങ്ങഴ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 31.12.2021 ലെ 2(1)-ാം നമ്പർ തീരുമാനവും, നെടുങ്കുന്നം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06.12.2021 ലെ 8(2)-ാം നമ്പർ തീരുമാനവും (SRG 116/22 – LSGD – FM3/259/2021 - LSGD**)

കാഞ്ഞിരപ്പള്ളി നിയമസഭാ മണ്ഡലത്തിലെ കങ്ങഴ, നെടുങ്കുന്നം, കറുകച്ചാൽ ഗ്രാമപഞ്ചായത്തുകളിൽ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 140.00 കോടി രൂപയുടെ കുടിവെള്ള പദ്ധതി നടപ്പാക്കുന്നുണ്ട്. ഈ പദ്ധതിയ്ക്കായി ട്രീറ്റ് മെന്റ് പ്ലാന്റ്, വാട്ടർ ടാങ്ക് എന്നിവ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം അതത് ഗ്രാമപഞ്ചായത്തുകൾ കണ്ടെത്തി നൽകണം.

i. കങ്ങഴ ഗ്രാമപഞ്ചായത്ത് സ്ഥലം വാങ്ങലിനായി രണ്ടു പ്രോജക്ടുകളിലായി 18.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ജലനിധി പദ്ധതിക്കായി ലഭിച്ച തുകയിൽ പലിശ ഇനത്തിൽ 6,10,000/- രൂപ എസ്.ബി.ഐ പത്തനാട് ശാഖയിൽ ബാക്കി ഉണ്ട്. തനതുഫണ്ട് തികയാത്തതിനാൽ ഈ തുക കൂടി (6.10 ലക്ഷം രൂപ) കുടിവെള്ള പദ്ധതിക്ക് സ്ഥലം വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

ii. നെടുങ്കുന്നം ഗ്രാമപഞ്ചായത്ത് 2015-16, 2016-17, 2017-18 വർഷങ്ങളിൽ ജലനിധി പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്ത് 67,63,587/- രൂപ CFC ഫണ്ടിൽ നിന്നു നൽകിയിരുന്നു. ഈ തുക ചെലവഴിക്കാതെ മിച്ചമുണ്ട്. കൂടാതെ 2013-14, 2014-15 വർഷങ്ങളിലായി ഗ്രാമപഞ്ചായത്ത് കൊട്ടുങ്ങാലൂർചിറ മിനി വാട്ടർ സപ്ലൈ സ്കീമിനായി 11.00 ലക്ഷം രൂപ (വികസനഫണ്ട്) KWA യിൽ

ഡിപ്പോസിറ്റ് ചെയ്തിരുന്നു. ഈ തുക തിരികെ ലഭിക്കും. ഇതു കൂടി ചേർത്ത് ട്രീറ്റ്മെന്റ് പ്ലാന്റിനും ടാങ്കിനുമായി സ്ഥലം വാങ്ങാൻ ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**4.24 എടക്കാട് ബ്ലോക്ക് പഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.01.2022 ലെ കത്തും എടക്കാട്ടു ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 29.09.2021 ലെ 2/2(2) / 21-22-ാാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG 53/22 – CC /22/2022)**

*പ്രോ.നം: 127/2019* *അടങ്കൽ - 17,24,080/- രൂപ*

*(വികസനഫണ്ട് – ജനറൽ)*

***പേര് :- പഴയ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിട കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന കെട്ടിടം വ്യവസായ സംരംഭത്തിനു വിട്ടു നൽകൽ.***

പഴയ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടം നിലനിന്നിരുന്ന കോമ്പൗണ്ടിൽ 2018-19 വർഷം RRF നു വേണ്ടി 17,24,080/- രൂപ വകയിരുത്തി കെട്ടിടം നിർമ്മിച്ചിരുന്നു. എന്നാൽ പ്രദേശ വാസികളുടെ പ്രതിഷേധം കാരണം ഇവിടെ RRF കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞില്ല. അതിനാൽ ഈ കെട്ടിടം വ്യവസായ സംരംഭം തുടങ്ങുന്നതടക്കമുള്ള മറ്റു ആവശ്യങ്ങൾക്ക് വിട്ടുകൊടുത്തു കൊണ്ട് RRF നു വേണ്ടി മറ്റൊരു സ്ഥലത്ത് കെട്ടിടം പണിയാൻ ഉദ്ദേശിക്കുന്നു. ഇതിനായി 42.00 ലക്ഷം രൂപ (പ്രോ.നം 75/22 വിഹിതം – സി.എഫ്.സി റ്റൈഡ് ഗ്രാന്റ് 21,94,480/- രൂപ, ശുചിത്വമിഷൻ വിഹിതം 16,00,000/- രൂപ, തനത് ഫണ്ട് 4,05,000/- രൂപ) വകയിരുത്തിയിട്ടുണ്ട്. RRF നായി പണിത കെട്ടിടം വ്യവസായ സംരംഭമടക്കം മറ്റാവശ്യത്തിനായി വിട്ടു നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** RRF ന് വേറെ കെട്ടിടം പണിത് പ്രവർത്തനം ആരംഭിച്ചതിനു ശേഷം മാത്രമേ ഈ കെട്ടിടം മറ്റ് ആവശ്യത്തിനു വിട്ടു നൽകാവൂ എന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.25 എറണാകുളം ജില്ലാ പഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.01.2022 ലെ കത്തുകളും (2 എണ്ണം) എറണാകുളം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 23.11.2021 ലെ 5/1/2-ാം നമ്പർ തീരുമാനവും (SRG 33/2022 – CC/ 673/2021)**

*പ്രോ.നം: 195/22*
*(പഴയ നമ്പർ 126/21)*

*അടങ്കൽ - 2,05,00,000/- രൂപ*
*(എസ്.സി.പി – 49,20,000/- രൂപ*
*ലോൺ – 1,55,80,000/- രൂപ )*

***പേര് :- ജീവരഥം – പട്ടികജാതി യുവജനങ്ങൾക്ക് ഇ-ഓട്ടോ***

പട്ടികജാതി വിഭാഗത്തിലെ യുവജനങ്ങൾക്ക് ഇ-ഓട്ടോ വാങ്ങി നൽകാൻ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം പട്ടികജാതി വിഭാഗത്തിനു നൽകാവുന്ന സബ്സിഡി 60,000/- രൂപയാണ്. 82 ഗുണഭോക്താക്കൾക്ക് നൽകാനാണ് ഉദ്ദേശിക്കുന്നത്. ഇതിനു പകരം സബ്സിഡി തുക 1.00 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്നാവശ്യം സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.26 നൊച്ചാട് ഗ്രാമപഞ്ചായത്ത്

**ബഹു. പേരാമ്പ്ര എം.എൽ.എയുടെ 19.01.2022 ലെ 12/2021-ാം നമ്പർ കത്തും നൊച്ചാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.12.2021 ലെ കത്തും നൊച്ചാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.12.2021 ലെ 09.01.2021-ാം നമ്പർ തീരുമാനവും (SRG 73/22)**

കോഴിക്കോട് സർവ്വകലാശാലയുടെ റീജിയണൽ സെന്റർ നൊച്ചാട് ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്നതിന്റെ പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. റീജിയണൽ സെന്റർ ആരംഭിക്കണമെങ്കിൽ 5 ഏക്കർ സ്ഥലം സർവ്വകലാശാലയ്ക്ക് സൗജന്യമായി ലഭ്യമാക്കണം. ഇതിനായി പന്നിയും കൊടമല പ്രദേശത്ത് ഭൂമി കണ്ടെത്തിയിട്ടുണ്ട്. സ്ഥലത്തിന് ഏകദേശം ഒരു കോടി രൂപ ആകും. ഫണ്ട് കണ്ടെത്തുന്നതിനായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിനകം 60.00 ലക്ഷം രൂപ സംഭാവനയായി ലഭിച്ചു. ഭൂമി വാങ്ങുന്നതിനായി 10.00 ലക്ഷം രൂപ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നു നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

### 4.27 കോഴിക്കോട് ജില്ലാ പഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.01.2021 ലെ കത്തും കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 09.12.2021 ലെ P10 – 3928/2021-ാം നമ്പർ കത്തും (SRG 37/22 – CC 1/2022))**

*പ്രോ.നം: 111/22* *അടങ്കൽ - 20,06,000/-- രൂപ*

*(വികസനഫണ്ട് – ജനറൽ )*

***പേര് :- കോഴിക്കോട് ജില്ലയിലെ നെൽവയലുകളും ജലസേചന സൗകര്യങ്ങളും- ഒരു സമഗ്ര പഠനം.***

കോഴിക്കോട് ജില്ലയിലെ നെൽവയലുകളും ജലസേചന സൗകര്യങ്ങളും സംബന്ധിച്ച് സമഗ്രമായ പഠനം സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് (CWRDM) മുഖേന നടത്തുവാൻ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി ആകെ ചെലവ് 20.06 ലക്ഷം രൂപയാണ്. അഡ്വാൻസായി ഇതിന്റെ 40 ശതമാനം തുക CWRDM ന് നൽകണം. ഈ തുക **CWRDM** ന് കൈമാറാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-**

1) ഏതു വികസനപരിപാടിയുടെ ഭാഗമായാണ് ഈ പഠനം വിഭാവനം ചെയ്തിരിക്കുന്നതെന്ന് അറിയിച്ചിട്ടില്ല.
2) പഠനത്തിനു മാത്രമായി വികസനഫണ്ടുപയോഗിക്കാവുന്നതല്ല.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

### 4.28 തൊടുപുഴ മുനിസിപ്പാലിറ്റി

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.01.2022 ലെ കത്തും തൊടുപുഴ നഗരസഭ കൗൺസിലിന്റെ 02.12.2021 ലെ 8-ാം നമ്പർ തീരുമാനവും തൊടുപുഴ കൃഷി ഓഫീസറുടെ 18.11.2021 ലെ കത്തും (SRG 42/22 – CC 675/21)**

*പ്രോ.നം: 19/22* *അടങ്കൽ - 8,80,000/-- രൂപ*

*(വികസനഫണ്ട് – 4,40,000/- രൂപ*

*ഗുണഭോക്തൃ വിഹിതം – 4,40,000/- രൂപ)*

***പേര് :- നെൽകൃഷി കൂലിച്ചെലവ് സബ്സിഡി***

നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി നൽകുന്നതിന് വിള ഇൻഷ്വറൻസ് തുക മുൻകൂറായി അടയ്ക്കണമെന്നുണ്ട്. എന്നാൽ 25 സെന്റിൽ താഴെ നെൽകൃഷി ചെയ്യുന്നവർക്ക് കൃഷി വകുപ്പിൽ നിന്ന് വിള ഇൻഷ്വറൻസ് അനുവദിക്കുന്നില്ല. നഗരസഭയിൽ 25 സെന്റിൽ താഴെയുള്ള പത്തോളം പേർ നെൽകൃഷി ചെയ്യുന്നുണ്ട്. ഇവർക്ക് നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി നൽകാൻ കഴിയുന്നില്ല. അതിനാൽ

നെൽകൃഷി ചെയ്തിട്ടുള്ള എല്ലാ കർഷകർക്കും കൂലി ചെലവ് സബ്സിഡി നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഒരു ഹെക്ടർ സ്ഥലത്തിനു പരമാവധി 22,000/- രൂപയാണ് നൽകാവുന്നത്. (ഒരു വർഷം രണ്ടു പ്രാവശ്യം) ഇതിന് ആനുപാതികമായി സബ്സിഡി നൽകാൻ അനുമതി നൽകുന്നു. (പൊതുവിഷയം ഖണ്ഡിക 3.12 ബാധകമാണ്)

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.29 ക്ഷീരവികസനം – പാലിനു സബ്സിഡി

**ബഹു.മൃഗസംരക്ഷണം – ക്ഷീരവികസനം വകുപ്പ് മന്ത്രിയുടെ 13.01.2022 ലെ 23/2022/Min/AH & DD നമ്പർ കത്ത് (SRG 74/22)**

നിലവിൽ ഒരു ലിറ്റർ പാലിന് തദ്ദേശഭരണസ്ഥാപനങ്ങൾ 3 രൂപയും ക്ഷീരവികസന വകുപ്പ് ഒരു രൂപയും ചേർത്ത് ആകെ 4 രൂപയാണ് നൽകുന്നത്. ക്ഷീര വികസന വകുപ്പിന് മതിയായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ വർഷം മുഴുവൻ വകുപ്പിന്റെ തുക (ഒരു ലിറ്റർ പാലിന് ഒരു രൂപ) നൽകാൻ കഴിയുന്നില്ല. അതിനാൽ തദ്ദേശഭരണസ്ഥാപനങ്ങൾ ഉല്പാദന മേഖലയ്ക്ക് വകയിരുത്തുന്ന തുകയിൽ നിന്ന് ഒരു ലിറ്റർ പാലിന് 4 രൂപ ക്രമത്തിൽ വർഷം മുഴുവൻ നൽകാൻ തദ്ദേശഭരണസ്ഥാപന ങ്ങൾക്ക് നിർദ്ദേശംനൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** വകുപ്പിൽ നിന്ന് പാലിന് നൽകുന്ന സബ്സിഡി കുറവായതു കൊണ്ടാണ് തദ്ദേശഭരണസ്ഥാപനങ്ങളും സബ്സിഡി നൽകാൻ തുടങ്ങിയത്. വകുപ്പ് പൂർണ്ണമായും ഇതിൽ നിന്ന് മാറിയിട്ട് ചുമതല തദ്ദേശഭരണസ്ഥാപനങ്ങളെ മാത്രം ഏല്പിച്ചാൽ ആവശ്യമായ വിഹിതം കണ്ടെത്താൻ തദ്ദേശഭരണ സ്ഥാപനങ്ങൾ കഴിയില്ല. ഇപ്പോൾ തന്നെ 3 രൂപ നിരക്കിൽ സബ്സിഡി മുടക്കം കൂടാതെ നൽകാൻ ബുദ്ധിമുട്ടാണ്. ഈ സാഹചര്യത്തിൽ സബ്സിഡി നിരക്ക് വർദ്ധിപ്പിക്കാൻ കഴിയില്ല. എന്ന് യോഗം വിലയിരുത്തി. അതിനാൽ തദ്ദേസഭര ണസ്ഥാപനങ്ങൾ നൽകുന്ന ആകെ സബ്സിഡി ഒരു ലിറ്റർ പാലിന് 3 രൂപയായി തന്നെ തുടരാൻ തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.30 കോട്ടയം ജില്ലാ പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.01.2022 ലെ കത്തും കോട്ടയം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 10.12.2021 ലെ 2(4)-ാം നമ്പർ തീരുമാനവും (SRG 100/22** – CC /54/22)

*പ്രോ.നം: 254/22* *അടങ്കൽ - 60,00,000/- രൂപ*

*(വികസനഫണ്ട് – ജനറൽ)*

***പേര് :- കോട്ടയം ജില്ലയിലെ പാടശേഖരങ്ങൾക്ക് വെർട്ടിക്കൽ ആക്സിസ് ഫ്ലോ പമ്പ് വാങ്ങൽ***

കോട്ടയം ജില്ലയിലെ വിവിധ പാടശേഖരങ്ങൾക്ക് പെട്ടി – പറയ്ക്ക് പകരം ആക്സിൽ ഫ്ലോ പമ്പ് സ്ഥാപിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം പെട്ടി – പറ സ്ഥാപിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പെട്ടി പറയ്ക്ക് പകരം ജില്ലാ പഞ്ചായത്ത് മുഖേന ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.31 തിരുവനന്തപുരം കോർപ്പറേഷൻ

**തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയുടെ 10.01.2022 ലെ CS-1/2022-ാം നമ്പർ കത്ത് (SRG 143/22)**

തിരുവനന്തപുരം കോർപ്പറേഷൻ തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. ഈ സംരംഭങ്ങൾക്ക് നൽകുന്ന സബ്സിഡി ബാങ്കിലേക്ക് ബാക്ക്എൻഡഡ് സബ്സിഡി ആയി നൽകണമെന്നാണ് മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്നത്. സബ്സിഡി ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കാണ് നൽകേണ്ടതെന്നും ബാങ്കിലേക്ക് സബ്സിഡി നൽകുന്നത് പാർക്കു ചെയ്യുന്നതിനു കാരണമാകുമെന്നും ചൂണ്ടികാട്ടി ജില്ലാ ട്രഷറി ബിൽ പാസാക്കുന്നില്ല എന്ന് സെക്രട്ടറി അറിയിച്ചിരിക്കുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :-**

1) സബ്സിഡി തുക നൽകേണ്ടത് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്കാണെന്നും ബാങ്കിന്റെ സ്വന്തം അക്കൗണ്ടിലേക്കല്ലെന്നും വ്യക്തമാക്കുന്നു. ഇത് ഒരിക്കലും ഫണ്ട് പാർക്കു ചെയ്യുന്നതിനു വഴി വയ്ക്കില്ല എന്നു യോഗം വിലയിരുത്തി. ഈ വിവരം ട്രഷറിയെ അറിയിക്കാൻ ധനവകുപ്പിനെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.
2) പുതിയ മാർഗ്ഗരേഖയിൽ "ബാക്ക് എൻഡഡ്" എന്ന വാക്ക് ഒഴിവാക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.32 മങ്കട ഗ്രാമപഞ്ചായത്ത്

**ബഹു. മങ്കട എം.എൽ.എയുടെ 13.01.2022 ലെ കത്തും മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.01.2022 ലെ കത്തും മങ്കട ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.12.2021 ലെ 1(3)-ാം നമ്പർ തീരുമാനവും (SRG 103/22** – CC/**50**/2022, SRG 79/22)

ജീവിതശൈലീ രോഗങ്ങൾ തടയുന്നതിന്റെ ഭാഗമായി വ്യായാമത്തിനായി ക്ലബ്ബുകൾ മുഖേനയോ ഗുണഭോക്താക്കൾക്ക് നേരിട്ടോ സൈക്കിൾ വാങ്ങി നൽകാൻ പ്രോജക്ട തയ്യാറാക്കുന്നതിന് അനുമതി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു. വ്യായാമത്തിനായി കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതടക്കം മറ്റ് പ്രോജക്ട് ഉൾപ്പെടുത്താൻ മാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ട് എന്ന് യോഗം നിരീക്ഷിച്ചു. ഈ സൗകര്യങ്ങൾ ഒരുക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.33 ഇളംദേശം ബ്ലോക്ക് പഞ്ചായത്ത്

**ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 20.12.2021 ലെ D-25/2021-ാം നമ്പർ കത്തും അനുബന്ധ രേഖകളും ബഹു.പ്രതിപക്ഷ നേതാവിന്റെ ഓഫീസിലെ 22.12.2021 ലെ കുറിപ്പും (SRG 147/22)**

ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള കരകൗശല തൊഴിലാളികൾ, വയറിംഗ്, പ്ലംബിംഗ്, ആശാരി, മേസ്തിരി തുടങ്ങിയവർക്ക് ടൂൾ കിറ്റ് വാങ്ങി നൽകുന്നതിന് 2022-23, 2023-24 വർഷങ്ങളിൽ പ്രോജക്ട തയ്യാറാക്കാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്. ഗ്രാമപഞ്ചായത്തുകൾക്ക് ഫണ്ടിന്റെ കുറവ് ഉള്ളതു കൊണ്ടാണ് ബ്ലോക്ക് പഞ്ചായത്ത് നേരിട്ട പ്രോജക്ട നടപ്പാക്കാനുദ്ദേശിക്കുന്നത്. ബഹു. പ്രതിപക്ഷ നേതാവിന്റെ ഓഫീസിൽ നിന്നുള്ള കുറിപ്പ സഹിതം നൽകിയ ഈ ആവശ്യം യോഗം പരിശോധിച്ചു.

**തീരുമാനം :-** **1)** ഇതിനായി ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയിട്ടില്ല എന്ന് യോഗം നിരീക്ഷിച്ചു. നിലവിലെ മാർഗ്ഗരേഖ പ്രകാരം വ്യക്തിഗത പ്രോജക്ടകളാണെങ്കിൽ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഗ്രൂപ്പ സംരംഭമാണെങ്കിൽ ബ്ലോക്ക് / ജില്ലാപഞ്ചായത്തുകൾക്കും ഇപ്രകാരം പ്രോജക്ട തയ്യാറാക്കാവുന്നതാണ്

അടുത്ത വർഷത്തെ പ്രോജക്ടകൾ പുതിയ മാർഗ്ഗരേഖ പ്രകാരം തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് നൽകാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.34 മുണ്ടേരി ഗ്രാമപഞ്ചായത്ത്

**മുണ്ടേരിഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 25.05.21 ലെ** A2-5078/21-ാം **നമ്പർ കത്തും പഞ്ചായത്ത് ഡയറക്ടറുടെ 30.11.2022 ലെ** PAN / 20909/2018/J1 CDP **നമ്പർ കത്തും 20.01.2022 ലെ** IKM **ടെക്നിക്കൽ ഓഫീസറുടെ ഇ-മെയിൽ സന്ദേശവും (SRG 299/21)**

താഴെപ്പറയുന്ന 2019-20 ലെ 5 പ്രോജക്ടുകൾ 2020-21 ൽ സ്പിൽ ഓവറായി ഉൾപ്പെടുത്താൻ വിട്ടുപോയി. ഇവ ടെണ്ടർ ചെയ്തു കരാറുകാരനുമായി എഗ്രിമെന്റ് വച്ചു. ഇവയും 2020-21 ലെ നാലു പ്രോജക്ടുകളും ഈ വർഷം സ്പിൽഓവർ ആക്കി ഉൾപ്പെടുത്താൻ അനുമതി നൽകണമെന്ന് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടതു പ്രകാരം ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ 14.07.2021 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ചുമതലപ്പെടുത്തിയിരുന്നു. പഞ്ചായത്ത് ഡയറക്ടർ ഇതു സംബന്ധിച്ച റിപ്പോർട്ട് 02.12.21 ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകി. പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് കോഓർഡിനേഷൻ കമ്മിറ്റി ചർച്ച ചെയ്തു. തുടർന്ന് ഇവ സ്പിൽ ഓവറായി ഉൾപ്പെടുത്താൻ യോഗം തീരുമാനിക്കുകയും ആവശ്യമായ ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു.

| ക്രമ നമ്പർ | പദ്ധതിയുടെ നമ്പർ | പ്രോജക്ടിന്റെ പേര് | വർഷം |
|---|---|---|---|
| 1 | 82/20 | പന്ന്യോട്ട് കനാൽ കൊല്ലൻചിറ കണക്ഷൻ റോഡ് ടാറിംഗ് | 2019/20 |
| 2 | 83/20 | ചൂള ഇല്ലത്ത് പോയിൽ അംഗനവാടി റോഡ് ടാറിംഗ് | 2019/20 |
| 3 | 84/20 | ഗോപാലൻ പീടിക മൂച്ചിലോട്ട് വയൽ റോഡ് ടാറിംഗ് | 2019/20 |
| 4 | 229/21 | എഫ്.എച്ച്.സിയിൽ മഴവെള്ള സംഭരണി നിർമ്മിക്കൽ | 2020/21 |
| 5 | 146/21 | ആയുർവേദ ഡിസ്പെൻസറിക്ക് അറ്റകുറ്റപ്പണികൾ | 2020/21 |
| 6 | 246/21 | ടേക്ക് എ ബ്രേക്ക് – പൊതു ശൗചാലയ നിർമ്മാണം | 2020/21 |
| 7 | 248/21 | സ്കൂളുകളിൽ ടോയിലറ്റ് നിർമ്മാണം | 2020/21 |
| 8 | 167/20 | ഇല്ലത്തു പൊയൽ സെന്റർ നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം | 2019/20 |
| 9 | 147/20 | ഓഫീസ് സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഫർണീച്ചർ, ക്യാബിൻ സൗകര്യം | 2019/20 |

എന്നാൽ മുകളിൽ പറഞ്ഞവയിൽ ക്രമ നമ്പർ 1,2,3 (പ്രോ.നം 82/20, 83/20, 84/20) 2019-20 വർഷം വെറ്റിംഗ് ഓഫീസർ അനുമതി നൽകിയില്ലെന്നും പല കാരണങ്ങളാൽ തിരികെ അയച്ചതാണെന്നും ഐ.കെ.എം ഓഫീസിൽ നിന്നറിയി ച്ചിട്ടുണ്ട്. ഈ പ്രോജക്ടിന് വെറ്റിംഗ് ഓഫീസറുടെ അനുമതി നേടിയിട്ടില്ല. ഈ

പ്രോജക്ടുകൾ പൂർത്തിയായിട്ടുണ്ടെന്ന് പഞ്ചായത്തു ഡയറക്ടർ അറിയിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ പ്രോജക്ടുകൾ (ക്രമ നമ്പർ 1,2,3) ഒഴികെ ബാക്കി പ്രോജക്ടുകൾ സ്പിൽ ഓവറായി ഉൾപ്പെടുത്താൻ ഐ.കെ.എം. ക്രമീകരണം ചെയ്തിട്ടുണ്ട്. പ്രോ.നം. 82/20, 83/20, 84/20 എന്നീ പ്രോജക്ടുകൾ സ്പിൽ ഓവർ ആയി ഉൾപ്പെടുത്തേണ്ടതുണ്ടോ എന്ന് ഐ.കെ.എം. ൽ നിന്ന് ആവശ്യപ്പെട്ട പ്രകാരം സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച്.

**തീരുമാനം :-**

1) വെറ്റിംഗ് നടപടി പോലും പൂർത്തിയാക്കാതെ പ്രോജക്ട പൂർത്തീകരിച്ചത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. ഇതിന്മേൽ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

2) പൂർത്തീകരിച്ച പ്രവർത്തി ആയതിനാൽ ഫൈനൽ ബിൽ പ്രകാരമോ വാല്യുവേഷൻ പ്രകാരമോ തുക നൽകാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.35 പാണാവള്ളി ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.01.2022 ലെ കത്തും പാണാവള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04.01.2022 ലെ 123/2021-ാം നമ്പർ കത്തും (SRG 81/22 – CC/11/22)**

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 ൽ പച്ചക്കറിതൈ വികസനം (ചട്ടിയിൽ), പച്ചക്കറി കൃഷി വികസനം എന്നീ പ്രോജക്ടുകൾ നടപ്പാക്കിയിരുന്നു. ഇവ **Vegitable** and Fruit Promotion Council Kerala (VFPCK) ൽ നിന്നാണ് വാങ്ങിയത്. ഇതിന്റെ ഗുണഭോക്തൃ വിഹിതമായ 3,52,500/- രൂപ, ഗ്രാമപഞ്ചായത്തിൽ അടച്ചുവെങ്കിലും 2020-21 ൽ VFPCK-ക്ക് തുക കൈമാറിയിരുന്നില്ല. ഈ തുക VFPCK ലേക്ക് അടയ്ക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.36 ഒഴൂർ ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 12.01.2022 ലെ കത്തും ഒഴൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.12.2021 ലെ 1(4)-ാം നമ്പർ തീരുമാനവും (SRG 87/22 – CC/713/21)**

***പ്രോ.നം: 121/22*** ***അടങ്കൽ - 1,62,000/- രൂപ (സി.എഫ്.സി റൈഡ് ഗ്രാന്റ്)***

***പേര് :- വാർഡുകളിൽ നിന്ന് ശേഖരിച്ച പാഴ് വസ്തുക്കൾ എം.സി.എഫിൽ എത്തിക്കാൻ വണ്ടി വാടക.***

ഹരിതകർമ്മസേന മുഖേന മാലിന്യം ശേഖരിക്കാൻ വാഹനം വാടകയ്ക്ക് എടുത്തിരുന്നു. എന്നാൽ ക്വട്ടേഷൻ ക്ഷണിക്കാതെയാണ് വാഹനം വാടകയ്ക്ക് എടുത്തത്.

വാഹനത്തിന്റെ വാടക കുടിശ്ശിക 1,02,310/- രൂപയുണ്ട്. ഈ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** **1)** ക്വട്ടേഷൻ വിളിക്കാതെ വാഹനം വാടകയ്ക്കെടുത്തത് വീഴ്ചയാണ് എന്ന് യോഗം വിലയിരുത്തി. ഇത് പരിശോധിച്ച് ബന്ധപ്പെട്ടവരുടെ പേരിൽ ഉചിതമായ നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതല പ്പെടുത്തി.

**2)** വാടകകുടിശ്ശികയായ തുക നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി / ഡബ്ളിയു.എം) വകുപ്പ്**

**4.37 രായമംഗലം ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.10.2022 ലെ കത്തും അനുബന്ധ രേഖകളും (SRG 159/22 – CC/159/2021)**

***പ്രോ.നം: 380/21*** ***അടങ്കൽ - 23,00,000/- രൂപ (തനത്ഫണ്ട്)***

***പേര് :- പഞ്ചായത്ത് ഓഫീസ് നവീകരണം – രണ്ടാം ഘട്ടം***

പഞ്ചായത്ത് ഓഫീസിന്റെ നവീകരണ പ്രവർത്തനങ്ങൾ **ARTCO** മുഖേനയാണ് നടത്തിയത്. ഓഫീസ് നവീകരണത്തിന്റെ ഭാഗമായി ഓഫീസ് മേശകളും കസേരകളും വാങ്ങുന്നതോടൊപ്പം ഓഫീസ് മോടിപിടിപ്പിക്കുന്നതിനുള്ള സിവിൽ വർക്കുകൾ, കർട്ടനുകൾ, ടോയിലറ്റ്, റൂം പാർട്ടീഷൻ, പെയിന്റിംഗ്, സി.സി.റ്റി.വി ക്രമീകരിക്കൽ, റ്റി.വി, ഇലക്ട്രിക്കൽ പ്ലംബിംഗ് വർക്കുകൾ, നെയിം ബോർഡു സ്ഥാപിക്കൽ എന്നീ പ്രവർത്തികളും ചെയ്തു. വ്യത്യസ്തതരത്തിലുള്ള വാങ്ങലുകൾ, നിർമ്മാണ പ്രവർത്തികൾ എന്നിവ ഉള്ളതിനാലാണ് **ARTCO** യെ ഈ ജോലി ഏല്പിച്ചത്. എന്നാൽ അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുമ്പോൾ നടത്തേണ്ട ബിഡ്ഡിംഗ് ഇവിടെ ചെയ്തില്ല. അതിനാൽ പ്രവർത്തിയുടെ ബിൽ തുക (22,98,373/-രൂപ) നൽകിയിട്ടില്ല. അതിനാൽ ഈ നടപടിക്ക് സാധൂകരണം നൽകി ബിൽ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** **1)** ഫർണിഷിംഗ് ജോലികൾക്കുള്ള അക്രഡിറ്റഡ് ഏജൻസി യായി മാത്രമാണ് **ARTCO** – യെ അംഗീകരിച്ചിട്ടുള്ളത് എന്നും ഫർണിഷിംഗ് മാത്രമാണെങ്കിലും ബിഡ്ഡിംഗ് നടത്തേണ്ടതായിരുന്നു എന്ന് യോഗം വിലയിരുത്തി. ബിഡ്ഡിംഗ് കൂടാതെ പ്രവർത്തികൾ ഏല്പിച്ചത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണെന്നും യോഗം വിലയിരുത്തി. ഇത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കാൻ പഞ്ചായത്തു ഡയറക്ടറെ ചുമതലപ്പെടുത്തി.

**2)** നിർമ്മാണ പ്രവർത്തി പൂർത്തിയായ സാഹചര്യത്തിൽ ബിൽ തുക നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

### 4.38 കുഴിമണ്ണ ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.01.2022 ലെ കത്തും കുഴിമണ്ണ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.01.2022 ലെ B2-5418/2018-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG 84/22 – CC/26/2022)**

*പ്രോ.നം: 193/2016* *അടങ്കൽ - 40,000/- രൂപ (തനത് ഫണ്ട്)*

***പേര് :- പറക്കാട്ട് അങ്ങാടിയിൽ സോളാർ ലൈറ്റ്***

കുഴിമണ്ണ ഗ്രാമപഞ്ചായത്ത് 18-ാം വാർഡിൽ പറക്കാട്ട് അങ്ങാടിയിൽ സോളാർ ലൈറ്റ് സ്ഥാപിക്കാൻ 2015-16 ൽ പ്രോജക്ട് ഏറ്റെടുക്കുകയും പൂർത്തീകരിക്കുകയും ചെയ്തു. **KREWS** മുഖേനയാണ് പ്രവർത്തി ചെയ്തത്. ബിൽ തുകയായ 35,457/- രൂപ ഇതുവരെ നൽകിയിട്ടില്ല. 2016-17 ൽ ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്തിയില്ല. തുടർന്നുള്ള വർഷവും സ്പിൽഓവറായി ഉൾപ്പെടുത്തിയില്ല. ബിൽതുകയായ 35,457/- രൂപ **KREWS** – ന് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-**

1) ഇത്രയും കാലതാമസം വരുത്തിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. എന്ന് യോഗം വിലയിരുത്തി. ഈ രീതിയിൽ കാലതാമസം വരുത്തരുതെന്ന് നിർദ്ദേശം നൽകുന്നു. കർശന നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

2) തുക നൽകാൻ പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

### 4.39 നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.01.2022 ലെ കത്തും നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 17.12.2021 ലെ 2(1)-ാം നമ്പർ തീരുമാനവും (SRG 86/22 – CC/6/2022)**

നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് മാലിന്യ സംസ്കരണത്തിനുവേണ്ടി ചുങ്കത്തറയിൽ വാങ്ങിയ സ്ഥലത്ത് വൈദ്യുതി കണക്ഷനുവേണ്ടി 2017-18ൽ പ്രോജക്ട് തയ്യാറാക്കിയിരുന്നു. ഇതിനായി 19,23,943/- രൂപ (വികസനഫണ്ട് ജനറൽ) **KSEB** യിൽ ഡെപ്പോസിറ്റ് ചെയ്തു. എന്നാൽ ഇതിന് ഫോറസ്റ്റ് വകുപ്പിൽ നിന്നും അനുമതിക്ക് തടസ്സം നേരിട്ടു. കൂടാതെ പ്രദേശവാ സികളും എതിർത്തു. അതിനാൽ പദ്ധതി നടപ്പായില്ല. ഈ തുക കെ.എസ്.ഇ.ബിയിൽ നിന്നു തിരികെ വാങ്ങി സ്ട്രീറ്റ് ലൈൻ വലിക്കാനും നിലാവ് പദ്ധതിയിൽ ലൈറ്റിടാനും റോഡിന്റെ ഇരുവശവും സംസ്ഥാനാതിർത്തി വരെ പൂച്ചെടികൾ വച്ചു പിടിപ്പിക്കാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** 1) സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കുന്നതും നിലാവ് പദ്ധതിയും ഗ്രാമപഞ്ചായത്തിന്റെ ചുമതല ആണെങ്കിലും കെ.എസ്.ഇ .ബിയിൽ ഡിപ്പോസിറ്റ് ചെയ്ത തുക ആയതിനാൽ പ്രത്യേകാനുമതി നൽകുന്നു. പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് നൽകണം.

2) പൂച്ചെടി വയ്ക്കുന്നതു സംബന്ധിച്ച് ആവശ്യം യോഗം പരിഗണിക്കുന്നില്ല.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.40 കുളക്കട ഗ്രാമപഞ്ചായത്ത്**

**കുളക്കട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.01.2022 ലെ** K3-457/21-**ാം നമ്പർ കത്തും കുളക്കട ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.11.2021 ലെ 4(1), 4(2)-ാം നമ്പരായുള്ള തീരുമാനങ്ങളും (SRG 119/22)**

കുളക്കട ഗ്രാമപഞ്ചായത്തിലെ പുത്തൂർ മാർക്കറ്റിന്റെ നവീകരണത്തിനായി കിഫ്ബിയിൽ നിന്ന് 2,55,29,473/- രൂപ അനുവദിച്ചിട്ടുണ്ട്. നിലവിൽ മാർക്കറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്തുള്ള കെട്ടിടങ്ങൾ പൊളിച്ചു മാറ്റി ഇവിടെ പുതിയ കെട്ടിടം പണിയാനാണുദ്ദേശിക്കുന്നത്. ഇവിടെ ഇപ്പോഴുള്ള കച്ചവടക്കാരെ താല്ക്കാലിക ഷെഡ്ഡുകളിലേക്ക് മാറ്റണം. ഇങ്ങനെ ഷെഡ്ഡു പണിയാൻ ജി.വർഗ്ഗീസ്, പുത്തൂർ എന്ന വ്യക്തിയുടെ 6 ആർ 88 ച.മി സ്ഥലം പ്രതിമാസം 2000/- രൂപ വാടകയ്ക്ക് കണ്ടെത്തി കരാറിലേർപ്പെട്ടിട്ടുണ്ട്. ഇവിടെ താല്ക്കാലിക ഷെഡ്ഡു പണിയാൻ 10.00 ലക്ഷം രൂപ തനതു ഫണ്ട് വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. പിന്നീട് പുതിയ കെട്ടിടം പണിതതിനുശേഷം ഈ ഷെഡ്ഡുകൾ പൊളിച്ചു മാറ്റുമ്പോൾ ഗ്രാമപഞ്ചായത്തിനു നഷ്ടമുണ്ടാകും. അതിനാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് ഷെഡ്ഡു പണിയാൻ തീരുമാനിച്ചിരിക്കുന്നത്. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** താൽക്കാലിക ഷെഡ് പണിയുന്നതിനുള്ള ചെലവ് പരമാവധി കുറയ്ക്കണമെന്ന നിർദ്ദേശത്തോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.41 സമഗ്രശിക്ഷാ, കേരളം**

**സമഗ്രശിക്ഷാ, കേരള** (SSK)**സ്റ്റേറ്റ് പ്രോജക്ട ഡയറക്ടറുടെ 31.01.2022 ലെ** F1-259/2022/SSK **നമ്പർ കത്ത് (SRG 158/22)**

സമഗ്രശിക്ഷാ, കേരളം പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽ നിന്നും 2021-22 വർഷം വകയിരുത്തി നൽകിയ തുക ആകെ 49,288.10 ലക്ഷം രൂപയാണ്. ഇതിന്റെ സംസ്ഥാന വിഹിതമായ 40 ശതമാനം തുക 19715.24

ലക്ഷം രൂപ ലഭ്യമാക്കേണ്ടത് തദ്ദേശഭരണസ്ഥാപനങ്ങളാണ്. 28.01.2022 വരെ ഇതിൽ 8770.033 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്. (ലഭിക്കേണ്ട തുകയുടെ 44.48 ശതമാനം) ഇനി ലഭിക്കേണ്ടത് 10945.21 ലക്ഷം രൂപയാണ്. സാമ്പത്തിക വർഷം അവസാനിക്കാറായ ഘട്ടത്തിൽ ഈ തുക ലഭിക്കാതെ സമഗ്രശിക്ഷാ കേരളയുടെ തുടർ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടു പോകാൻ ബുദ്ധിമുട്ടാണ്. അതിനാൽ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട 10945.21 ലക്ഷം രൂപ ലഭ്യമാക്കാൻ നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** തദ്ദേശഭരണസ്ഥാപനങ്ങൾ സമഗ്രശിക്ഷാ, കേരളം-ന് നൽകുന്ന തുകയുടെ വിനിയോഗം സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനത്തെ അറിയിക്കാറില്ല എന്ന് യോഗം വിലയിരുത്തി. എസ്.എസ്.കെ പദ്ധതി പ്രകാരം ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ എന്താണെന്ന് അതതു തദ്ദേശഭരണസ്ഥാപനങ്ങളെ അറിയിക്കണം. എസ്.എസ്.കെ വിഹിതവും തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുന്നത് സംബന്ധിച്ച് Utilisation Certificate എസ്.എസ്.കെ-യിൽ നിന്നു നല്കണം. കുടിശ്ശികയുള്ള എസ്.എസ്.കെ വിഹിതം അതതു തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകണം. ഇതു സംബന്ധിച്ച് അതതു വകുപ്പ് മേധാവികൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കത്തയയ്ക്കണം. ഓരോ തദ്ദേശഭരണസ്ഥാപനവും ഈ വർഷം ഇനി നൽകേണ്ട വിഹിതം ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് (പഞ്ചായത്ത് ഡയറക്ടർ, നഗകാര്യ ഡയറക്ടർ) എസ്.എസ്.കെ. പ്രോജക്ട് ഡയറക്ടർ നൽകണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.42 ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്

**കാസർകോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.01.2022 ലെ കത്തും അനുബന്ധ രേഖകളും (SRG 89/22 – CC/39/2022)**

***പ്രോ.നം: 164/22*** ***അടങ്കൽ - 17,00,000/- രൂപ***

***(അവാർഡു തുക – 15,00,000/- രൂപ***

***തനതു ഫണ്ട് – 2,00,000/- രൂപ)***

***പേര് :- ഗ്രാമപഞ്ചായത്തിലേക്ക് ആംബുലൻസ് വാങ്ങൽ***

ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന് ആംബുലൻസ് വാങ്ങുന്നതിന് പ്രോജക്ട് ഈ വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് 2018-19 ൽ ആർദ്രം

കേരളം പുരസ്കാരമായി 10.00 ലക്ഷം രൂപ ലഭിച്ചു. 2014-15, 2015-16, 2016-17 വർഷം ആരോഗ്യ കേരളം പുരസ്കാരത്തിൽ ലഭിച്ച അവാർഡു തുകയിൽ 5.00 ലക്ഷം രൂപ ബാക്കിയുണ്ട്. ഇതിനോടൊപ്പം തനതുഫണ്ടിൽ നിന്ന് 2.00 ലക്ഷം രൂപ കൂടി വകയിരുത്തിയാണ് ആംബുലൻസ് വാങ്ങാൻ വിഹിതം കണ്ടെത്തുന്നത്. ഇതനുസരിച്ച് ആംബുലൻസ് വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഒപ്പം ആവർത്തന ചെലവ് (ഡ്രൈവറുടെ വേതനം, ഇന്ധന ചെലവ്, മെയിന്റനൻസ്) ആംബുലൻസിന്റെ വരുമാനത്തിൽ നിന്നും ചെലവഴിക്കുന്നതിനും അധിക തുക ആവശ്യമായി വന്നാൽ തനതുഫണ്ടിൽ നിന്ന് ചെലവഴിക്കാനും അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം:-** ആവർത്തന ചെലവ് ആംബുലൻസിന്റെ വരുമാനത്തിൽ നിന്നു തന്നെ കണ്ടെത്തേണ്ടതാണ്. ഒഴിച്ചുകൂടാൻ വയ്യാത്ത സാഹചര്യത്തിൽ മാത്രമേ തനതുഫണ്ടുപയോഗിക്കാവൂ.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.43 കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

### കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് (ലഭിച്ചത് 08.01.2022) (SRG 118/22)

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ ജന്റർ റിസോഴ്സ് സെന്റർ തുടങ്ങാൻ 2018-19 ൽ പ്രോജക്ട് തയ്യാറാക്കിയിരുന്നു. ജില്ലാ പഞ്ചായത്ത് വിഹിതമായി 2.00 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 2.50 ലക്ഷം രൂപയുമാണ് (വികസനഫണ്ട്) വകയിരുത്തിയിരുന്നത്. പ്രവർത്തി കേരള സ്റ്റേറ്റ് ഇൻഡസ്ട്രീസ് എന്റർപ്രൈസസ് (KSIE) മുഖേനയാണ് നടപ്പാക്കിയത്. ജില്ലാ പഞ്ചായത്ത് വിഹിതമായ 2.00 ലക്ഷം രൂപ 2018-19 ൽ തന്നെ ചെലവഴിച്ചു. ബ്ലോക്കു പഞ്ചായത്തു വിഹിതത്തിൽ നിന്ന് 58,368/- രൂപ 2019-20 ൽ ചെലവഴിച്ചു. ജന്റർ റിസോഴ്സ് സെന്റർ ബ്ലോക്കു പഞ്ചായത്തിന്റെ ചുമതല അല്ല എന്ന് ചൂണ്ടികാണിച്ച് കൊണ്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം ഓഡിറ്റ് കുറിപ്പ് നൽകിയിട്ടുണ്ട്. അതിനാൽ ബാക്കി തുക **KSIE**ക്ക് നൽകിയിട്ടില്ല. ഓഡിറ്റ് തടസ്സം നീക്കി ബാക്കി പണം **KSIE**ക്ക് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-**

1) ഓഡിറ്റ് കുറിപ്പ് സംബന്ധിച്ച് തുടർ നടപടിക്കായി വകുപ്പ്തലത്തിൽ നൽകേണ്ടതാണ്. ഓഡിറ്റ് തടസ്സം സംബന്ധിച്ച വിഷയം യോഗം പരിഗണിച്ചില്ല.
2) എന്നാൽ വനിതാ ക്ഷേമത്തിനു വേണ്ടിയുള്ള ഒരു പരിപാടി ആയിരുന്നു ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയതെന്നതു കൂടി പരിഗണിച്ച് ചെയ്ത പ്രവർത്തി ചുമതലയിൽ വരില്ല എന്നത് ഇളവു നൽകി സാധൂകരണം നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

4.44 **വെമ്പായം ഗ്രാമപഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.01.2022 ലെ കത്തുകളും (2 എണ്ണം) ലക്ഷ്മി.വി.ശിവൻ, ലക്ഷ്മിനിവാസ് എന്ന ആളുടെ 19.7.2021 ലെ കത്തും വെമ്പായം ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 04.01.22 ലെ** A3-7481/20-ാം **നമ്പർ കത്തും (SRG 125/22** – CC /75/22)

കുമാരി ലക്ഷ്മി വി. ശിവൻ, ലക്ഷ്മി നിവാസ്, മയിലാടുംമുകൾ എന്ന ആൾ 85 ശതമാനം മൾട്ടിപ്പിൾ ഡിസബിലിറ്റിയുള്ള പൊതു വിഭാഗത്തിൽപ്പെടുന്ന പ്ലസ് വൺ വിദ്യാർത്ഥിനി ആണ്. ഈ വിദ്യാർത്ഥിനി വീടിനോടനുബന്ധിച്ച് പഠനമുറി നിർമ്മിച്ചു നൽകണമെന്ന് ഗ്രാമപഞ്ചായത്തിന് അപേക്ഷ നൽകിയിട്ടുണ്ട്. കുമാരി ലക്ഷ്മിയുടെ ശാരീരികാവസ്ഥയ്ക്ക് അനുയോജ്യമായ സൗകര്യം താമസിക്കുന്ന വീടിന് ഇല്ല എന്ന് ചൂണ്ടികാണിച്ച് പഠന മുറിയ്ക്കായി ധനസഹായം നൽകണമെന്ന് ബഹു. മുഖ്യമന്ത്രിക്കും അപേക്ഷ നൽകിയിട്ടുണ്ട്. ഇവർക്ക് പഠനമുറി നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** ഇവർ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലാണ് എന്നതിനാലും 85 ശതമാനം മൾട്ടിപ്പിൾ ഡിസബിലിറ്റിയുള്ള വിദ്യാർത്ഥിനി ആയതിനാലും പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.45 **പടിഞ്ഞാറെത്തറ ഗ്രാമപഞ്ചായത്ത്**

**പടിഞ്ഞാറെത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും പടിഞ്ഞാറെത്തറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18.01.2022 ലെ 1/5-ാം നമ്പർ തീരുമാനവും (SRG 157/22)**

*പ്രോ.നം: 213/22* *അടങ്കൽ - 11,35,000/- രൂപ*
*(സി.എഫ്.സി . അടിസ്ഥാന വിഹിതം)*

***പേര് :- ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ***

ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ലോ മാസ്റ്റ് സ്ഥാപിക്കുന്നതിന് നടപ്പുവർഷം പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡുമായി കരാറിലേർപ്പെട്ടു പ്രവർത്തി നടപ്പാക്കി. യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസിനെ തെരഞ്ഞെടുത്തത് ടെണ്ടർ നടപടിയിലൂടെയല്ല. ഒപ്പം സെക്യൂരിറ്റി ഡെപ്പോസിറ്റും സ്ഥാപനം നൽകിയിട്ടില്ല എന്നറിയിച്ചിരിക്കുന്നു. യുണൈറ്റഡ് ഇലക്ട്രിക്കൽസിനെ പ്രവർത്തി ഏല്പിച്ചതിനു സാധൂകരണം നൽകി ബിൽതുകയായ 11,20,000/- രൂപ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:- 1)** യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് പി.എം.സി മാത്രമാണ്. അതിനാൽ പ്രവർത്തി നേരിട്ട് ഏല്പിച്ചത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. മാനദണ്ഡ

പ്രകാരം സെക്യൂരിറ്റി ഡിപ്പോസിറ്റ് അടയ്ക്കേണ്ടത് പ്രവർത്തി ചെയ്യുന്ന കരാറുകാരൻ ആണ്. (പി.എം.സി മാനദണ്ഡപ്രകാരം കണ്ടെത്തുന്ന കരാറുകാരൻ) ഈ വീഴ്ചകൾ വരുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ ഉചിതമായ നടപടി സ്വീകരിക്കാൻ പഞ്ചായത്തു ഡയറക്ടറെ ചുമതലപ്പെടുത്തി.

2) പ്രവർത്തി പൂർത്തീകരിച്ചതിനാൽ സാധൂകരണം നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.46 മലപ്പുറം ജില്ലാ പഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.01.2022 ലെ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 27.10.21 ലെ 10(8)-ാം നമ്പർ തീരുമാനവും (SRG 83/22 – CC 35/22)**

താഴെപ്പറയുന്ന അഞ്ച് കുടിവെള്ള ശുചിത്വ പദ്ധതികൾ 2020-21 ൽ ഏറ്റെടുക്കുകയും ഈ വർഷം സ്പിൽ ഓവറായി തുടരുകയും ചെയ്യുന്നു. ഇത് സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ (SEUF) മുഖേനയാണ് നിർവ്വഹണം നടത്തിയത്.

സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ (SEUF) ഏജൻസിക്ക് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ ശുദ്ധജല ശുചിത്വ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് നൽകിയിരുന്ന അക്രഡിറ്റേഷൻ കാലാവധി ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് – എൽ.ഐ.ഡി & ഇ.ഡബ്ളിയുവിന്റെ 24.09.21 ലെ DB1-4887/2012/CE/LID & EW നമ്പർ സർക്കുലർ പ്രകാരം അവസാനിച്ചു എന്നറിയിച്ചിട്ടുണ്ട്. അതിനാൽ ജില്ലാ പഞ്ചായത്തിന്റെ ഈ പദ്ധതികളുടെ നിർവ്വഹണം തടസ്സപ്പെട്ടിരിക്കുകയാണ്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | തുക (രൂ) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | 444/21 | ആതവനാട് പൗൾട്രിഫാമിൽ മഴവെള്ള സംഭരണി നിർമ്മാണം | 20,00,000/- | ഫൈനൽ ബിൽ സമർപ്പിച്ചിട്ടുണ്ട് – തുക അനുവദിച്ചിട്ടില്ല |
| 2 | 487/21 | ഉച്ചക്കുളം സംരക്ഷണം – മൂത്തേടം | 1,38,00,000/- | പ്രവൃത്തി പൂർത്തീകരിച്ചു. പാർട്ട് ബിൽ അനുവദിച്ചിട്ടുണ്ട്. |
| 3 | 888/22 | ഏനാഞ്ചീരികുളം റിപ്പയർ | 10,00,000/- | പാർട്ട് ബിൽ സമർപ്പിച്ചിട്ടുണ്ട് |
| 4 | 988/22 | എരണിക്കുളം ഇംപ്രൂവ്മെന്റ് – നന്നമ്പ്ര | 10,00,000/- | പാർട്ട് ബിൽ സമർപ്പിച്ചിട്ടുണ്ട് |
| 5 | 1093/22 | വട്ടപ്പറമ്പ് തോട്ടിലാക്കൽ കുണ്ട് തോട് ഇരിമ്പിളിയം | 85,00,000/- | 50% പൂർത്തീകരിച്ചിട്ടുണ്ട്. |

ഈ പദ്ധതികളുടെ നിർവ്വഹണം ആരംഭിക്കുന്ന സമയത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ശുദ്ധജല ശുചിത്വ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ (**SEUF**) ഏജൻസിക്ക് അംഗീകാരം ഉണ്ടായിരുന്നതാണെന്നും ചീഫ് എഞ്ചിനീയറുടെ 24.09.2021 ലെ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ ശുദ്ധജല പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് **SEUF** നുള്ള അക്രഡിറ്റേഷൻ കാലാവധി അവസാനിച്ചിട്ടുള്ളതാണെന്നും ജില്ലാ പഞ്ചായത്ത് ചൂണ്ടികാണിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ആരംഭിച്ച പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനും പൂർത്തീകരിച്ച പ്രവൃത്തിക്ക് ആനുപാതികമായി തുക അനുവദിക്കുന്നതിനും നിലവിൽ കരാറിൽ ഏർപ്പെട്ടിട്ടുള്ള പ്രവൃത്തികൾ ആരംഭിയ്ക്കുന്നതിനും സർക്കാർ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** അക്രഡിറ്റേഷൻ ഉണ്ട് എന്ന ഉത്തമവിശ്വാസത്തിൽ ഏല്പിച്ച പ്രവർത്തി ആയതിനാൽ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ പൂർത്തീകരിച്ച പ്രവർത്തികളുടെ ബിൽ തുക നൽകാനും ഇനി ചെയ്യാനുള്ള പ്രവർത്തികൾ പൂർത്തിയാക്കാനും അനുമതി നൽകുന്നു. എന്നാൽ SEUF നെ തെരഞ്ഞെടുത്തത് മാനദണ്ഡം പാലിച്ചാണ് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.47 കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.01.2022 ലെ കത്തും കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 27.04.2021 ലെ കത്തും അനുബന്ധരേഖകളും (SRG 91/22 – CC / 12/2022)**

***പ്രോ.നം:*** *179/22*

***അടങ്കൽ - 8,00,000/- രൂപ***
***(സി.എഫ്.സി . റ്റൈഡ് ഗ്രാന്റ്)***

***പേര് :- കൊവിഡ് പ്രതിരോധം – മെഡിക്കൽ കോളേജിന് വെയ്സ്റ്റ് ഡിസ്പോസൽ പിക്കപ്പ് വാൻ.***

കോഴിക്കോട് മെഡിക്കൽ കോളേജിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് നിലവിലുള്ള ഓട്ടോറിക്ഷ വളരെ പഴക്കം ചെന്നതാണ്. മെഡിക്കൽ കോളേജ് എച്ച്.ഡി.സി യും കൂടി ആവശ്യപ്പെട്ടതനുസരിച്ച് മെഡിക്കൽ കോളേജിലെ മാലിന്യം നീക്കം ചെയ്യുന്നതിനായി ഒരു പുതിയ വാഹനം വാങ്ങി നൽകാനായി പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** മാലിന്യം നീക്കം ചെയ്യാനായതിനാൽ പ്രത്യേക അനുമതി നൽകുന്നു. ഇതിനായി പ്രത്യേകമായി രൂപകല്പന ചെയ്ത വാഹനമാകണമെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.48 വയനാട് ജില്ലാ പഞ്ചായത്ത്

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.01.2022 ലെ കത്തും വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 22.12.21 ലെ കത്തും (SRG 97/22 – CC / 697/2021)**

*പ്രോ.നം: 535/22* — *അടങ്കൽ - 10,00,000/- രൂപ ( വികസനഫണ്ട് ജനറൽ)*

***പേര് :- കീരിമുള പാലം നിർമ്മാണം – മേപ്പാടി, മുട്ടിൽ ഗ്രാമപഞ്ചായത്ത്***

മേപ്പാടി, മുട്ടിൽ ഗ്രാമ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനായി നടപ്പാലം നിർമ്മിക്കാനാണ് പ്രോജക്ട്. നടപ്പാലത്തിന്റെ ഒരു പ്രവേശന മാർഗ്ഗം മുട്ടിൽ ഗ്രാമപഞ്ചായത്തിലും മറുഭാഗം മേപ്പാടി ഗ്രാമപഞ്ചായത്തിലുമാണ്. അതിനാൽ രണ്ടു ഗ്രാമപഞ്ചായത്തുകളും ഈ പ്രോജക്ട് ഏറ്റെടുത്തിട്ടില്ല. നടപ്പാലത്തിലേക്കുള്ള നടപ്പാതക്ക് 15 മീറ്റർ നീളവും 1 മീറ്റർ വീതിയുമാണുള്ളത്. വീതി കുറഞ്ഞ വഴി ആയതിനാലാണ് നടപ്പാലം നിർമ്മിക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.49 കവിയൂർ ഗ്രാമപഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.01.2022 ലെ കത്തും കവിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.01.2022 ലെ C3-217/21-ാം നമ്പർ കത്തും (SRG 98/22 – CC / 43/2022)**

*പ്രോ.നം: 157/22* — *അടങ്കൽ - 4,09,672/- രൂപ ( സി.എഫ്.സി റൈഡ് ഗ്രാന്റ്)*

***പേര് :- കവിയൂർ ക്ഷേത്രം പൊതുകുളം നവീകരിക്കൽ***

കവിയൂർ ക്ഷേത്രം പൊതുകുളം തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ളതാണ്. ക്ഷേത്രമതിൽകെട്ടിനുപുറത്ത് പൊതു റോഡിന്റെ സമീപത്താണ് കുളം. ക്ഷേത്രത്തിന്റെ ദൈനംദിന ആവശ്യത്തിനുപയോഗിക്കാത്തതും ജാതിമത ഭേദമന്യേ പൊതുജനങ്ങൾ ഉപയോഗിച്ചുവരുന്നതുമാണ് ഈ കുളം. ഇതിന്റെ നവീകരണത്തിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** പൊതുജനങ്ങൾ ഉപയോഗിക്കുന്നതും പ്രദേശത്തെ ജലസ്രോതസ്സ് സംരക്ഷിക്കുന്നതിനു സഹായകരവുമായതിനാൽ അനുമതി നൽകുന്നു. എന്നാൽ പൊതുജനങ്ങൾക്ക് ഈ കുളം ഉപയോഗിക്കാൻ അനുവദിക്കുമെന്ന് ക്ഷേത്ര ഭാരവാഹികൾ തദ്ദേശഭരണസ്ഥാപനവുമായി കരാറിലേർപ്പെടേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

4.50 എറണാകുളം ജില്ലാ പഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.02.2022 ലെ കത്തും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 03.02.2022 ലെ** DP7-2601/21-ാം **നമ്പർ കത്തും ഉള്ളടക്കം ചെയ്തിരിക്കുന്ന റിപ്പോർട്ടും അനുബന്ധരേഖകളും (SRG 159/22 – CC /** 362/**2021)**

*പ്രോ.നം: 510/22* *അടങ്കൽ - 10,00,000/- രൂപ*
*( വികസനഫണ്ട് ജനറൽ)*

***പേര് :- മാരിവില്ല് – ട്രാൻസ് ജെന്റേഴ്സ് തൊഴിൽ പരിശീലന പദ്ധതി.***

ട്രാൻസ് ജെന്റർ വ്യക്തികൾക്കായി തൊഴിൽ പരിശീലനത്തിനുള്ള പ്രോജക്ട് ഈ വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യുവജനക്ഷേമ ബോർഡിനു കീഴിൽ ജില്ലയിൽ ട്രാൻസ്ജെന്റർ ക്ലബ്ബ് രൂപീകരിച്ചിട്ടുണ്ട്. ട്രാൻസ്ജെന്ററിനു താല്പര്യമുള്ളതും അനുയോജ്യവുമായ ബ്രൈഡൽ മേക്കപ്പ്, സിനിമ, നാടക അഭിനയം എന്നിവയിൽ പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത്. കേരളത്തിലെ പ്രശസ്തരായ സിനിമാ സംവിധായകർ, മേക്കപ്പ് ആർട്ടിസ്റ്റുകൾ, പ്രമുഖരായ ഷെഫുകൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്താനും ലക്ഷ്യമിടുന്നുണ്ട്. ഇതിന്റെ ഏകോപന ചുമതല യുവജനക്ഷേമ ബോർഡിനാണ്. യുവജനക്ഷേമ ബോർഡ് എറണാകുളം ജില്ല കോ-ഓർഡിനേറ്ററുമായി നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ സാമൂഹ്യനീതി ഓഫീസർ കരാറിൽ ഏർപ്പെട്ട് തുക യുവജനക്ഷേമ ബോർഡിനു കൈമാറാൻ ഉദ്ദേശിക്കുന്നു. ട്രാൻസ്ജെന്റർ ക്ലബ്ബ് വഴി പദ്ധതി നടപ്പാക്കുന്ന ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം:-**

1) ട്രാൻസ്ജെന്ററിനു വേണ്ടിയുള്ള പരിശിലനമായതിനാൽ അനുമതി നൽകുന്നു.
2) എന്നാൽ യുവജനക്ഷേമ ബോർഡിനു തുക കൈമാറുന്നതിനു പകരം ആവശ്യമായ തുക ജില്ലാ സാമൂഹ്യ നീതി ഓഫീസർ തന്നെ ചെലവഴിച്ചു കൊണ്ട് യുവജനക്ഷേമ ബോർഡ് / ട്രാൻസ്ജെന്റർ ക്ലബ്ബ് വഴി നടപ്പാക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.51 **ഉറവൂർ ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.01.2022 ലെ കത്ത് (SRG 128/22 – CC /** 29/**2022)**

*പ്രോ.നം: 156/22* *അടങ്കൽ - 1,00,000/- രൂപ*
*( എസ്.സി.പി – 88,000/- രൂപ*
*തനതു ഫണ്ട് 12,000/- രൂപ)*

***പേര് – കരീത്തറ കോളനി നടപ്പാലം – വാർഡ് 11***

കരീത്തറ കോളനി നടപ്പാല നിർമ്മാണം സ്പിൽ ഓവർ ആയി ഈ വർഷം തുടരുന്ന പ്രോജക്ടാണ്. വേലിയേറ്റവും കനത്ത മഴയും മൂലം കോൺക്രീറ്റ് പാലം നിർമ്മാണം നീണ്ടു പോയി. നിലവിലുണ്ടായിരുന്ന പാലം തകർന്നു. തുടർന്ന് പാലത്തിന്റെ അക്കരെയുള്ളവർ ഒറ്റപ്പെട്ടു. ഈ അടിയന്തിരസാഹചര്യം വന്നപ്പോൾ നിലവിലെ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് ആങ്കിൾ അയൺ, **RHS, GI** ഷീറ്റ് എന്നിവ ഉപയോഗിച്ച് പാലം നിർമ്മിച്ചു. യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്ത ഈ പ്രവർത്തിക്ക് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** അടിയന്തിര സാഹചര്യത്തിലെടുത്ത നടപടി ആയതിനാൽ സാധൂകരണം നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.52 **തിരുവനന്തപുരം കോർപ്പറേഷൻ**

**നഗരകാര്യ ഡയറക്ടറുടെ 03.01.2022 ലെ DC4-3535/19-ാം നമ്പർ കത്ത്, തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയുടെ 17.09.2021 ലെ** J1/27518/21-**ാം നമ്പർ കത്ത് തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പിന്റെ 20.08.2020 ലെ** DC3/193/2019/**തദ്ദേശസ്വയംഭരണ വകുപ്പ് നമ്പർ കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.02.2019 ലെ യോഗതീരുമാനം (ഖണ്ഡിക 4.32 (ii)** & **(iii)**) **(SRG 63/22)**

തിരുവനന്തപുരം കോർപ്പറേഷന്റെ കീഴിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്.

i. **റിപ്രോഗ്രാഫിക് സെന്റർ - പാളയം**

ഈ സ്ഥാപനത്തിൽ എല്ലാവിധ പ്രിന്റിംഗ് അനുബന്ധ പ്രവൃത്തികളും നടത്തുന്നു. സർക്കാർ, മറ്റ് സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ എന്നിവയുടെ പ്രിന്റിംഗ്, അനുബന്ധ പ്രവർത്തികൾ എന്നിവ ടെണ്ടർ കൂടാതെ ഈ സ്ഥാപനത്തെ ഏല്പിക്കാൻ അനുമതി ആവശ്യപ്പെട്ടിരുന്നു. ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.02.2019 ലെ യോഗത്തിൽ പരിഗണിച്ചു. ഇതിന്മേൽ സ്റ്റോർ പർച്ചേസ് വകുപ്പിന്റെ കൂടി അഭിപ്രായം ആരാഞ്ഞ് പരിഗണനയ്ക്കായി സമർപ്പിക്കാൻ നഗരകാര്യ ഡയറക്ടറെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ചുമതലപ്പെടുത്തിയിരുന്നു.

സ്റ്റോർ പർച്ചേസ് വകുപ്പിന്റെ അഭിപ്രായം സഹിതം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. "ഈ സെന്ററിന് സർക്കാർ വകുപ്പുകൾ / സ്ഥാപനങ്ങളുടെ പ്രിന്റിംഗ് അനുബന്ധ പ്രവർത്തികൾ ടെണ്ടർ കൂടാതെ നൽകുന്ന കാര്യത്തിൽ സ്റ്റോർ പർച്ചേസ് വകുപ്പാണ് സ്റ്റോർ പർച്ചേസ് മാന്വലിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കേണ്ടത്. ഈ സ്ഥാപനം ഏതു ഗണത്തിലാണ് ഉൾപ്പെടുന്നത് (സ്റ്റേറ്റ് ഗവൺമെന്റ്സ്ഥാപനം, പൊതുമേഖലാ സ്ഥാപനം തുടങ്ങിയവ), പ്രവർത്തനം തുടങ്ങിയിട്ട് എത്രവർഷമായി, പ്രധാന പ്രവർത്തികൾ എന്തെല്ലാം, ഇതുവരെ ഏറ്റെടുത്തിട്ടുള്ള

പ്രവർത്തികൾ എന്തെല്ലാം, സർക്കാർ പ്രവർത്തികൾ കാലതാമസം കൂടാതെ നടത്താനുള്ള അടിസ്ഥാന സൗകര്യമുണ്ടോ എന്നതുൾപ്പെടെയുള്ള വിവരങ്ങൾ പരിശോധനക്ക് ആവശ്യമാണ്. ഇത് ബഹു മന്ത്രിതല ശുപാർശയോടെ ലഭ്യമാകുന്ന മുറയ്ക്കേ സ്റ്റോർ പർച്ചേസ് വകുപ്പിന് നടപടി സ്വീകരിക്കാൻ കഴിയു" എന്നറിയിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച് തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി കുറിപ്പ നൽകിയിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷൻ അടക്കം മറ്റു തദ്ദേശഭരണസ്ഥാപനങ്ങൾ, സർക്കാർ / അർദ്ധസർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അച്ചടി ജോലികൾ ടെണ്ടർ കൂടാതെ ഈ സ്ഥാപനത്തെ ഏല്പിക്കുന്നതിന് അനുമതി നൽകണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം:-** കോഓർഡിനേഷൻ കമ്മിറ്റി തത്വത്തിൽ അംഗീകാരം നൽകുന്നു. സ്റ്റോർ പർച്ചേസ് വകുപ്പ് നിർദ്ദേശിച്ച പ്രകാരം വിശദാംശങ്ങൾ നഗരകാര്യ ഡയറക്ടർ നൽകണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2) നഗരകാര്യ ഡയറക്ടർ**

ii. **കണ്ണമ്മൂല വനിതാ ഐ.റ്റി.പാർക്ക്**

ഇവിടെ വിവിധ ഡേറ്റാ എൻട്രി വർക്കുകളും പ്രോജക്ടുകളും പരിശീലന പരിപാടികളും നടത്തുന്നു. കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നതിനുവേണ്ടി ജനകീയാസൂത്രണം / കുടുംബശ്രീ തുടങ്ങിയ മേഖലകളിൽ ഉൾപ്പെട്ട ഡേറ്റാ എൻട്രി വർക്കുകൾ ഈ സ്ഥാപനം വഴി ടെണ്ടർ നടപടി കൂടാതെ നടത്താൻ അനുമതി നൽകണമെന്ന ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.02.2019 ലെ യോഗത്തിൽ ചർച്ച ചെയ്തു. ഇതിന്മേൽ സ്റ്റോർ പർച്ചേസ് വകുപ്പിന്റെ അഭിപ്രായം കൂടി ആരാഞ്ഞ് പരിഗണനയ്ക്കായി സമർപ്പിക്കാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി യിരുന്നു.

ഡേറ്റാ എൻട്രി പ്രവർത്തികൾ സ്റ്റോർ പർച്ചേസ് മാന്വലിന്റെ പരിധിയിൽ വരാത്തതിനാൽ ഈ വിഷയത്തിൽ സ്റ്റോർ പർച്ചേസ് വകുപ്പിന് പ്രത്യേക അഭിപ്രായ ങ്ങളൊന്നും ഇല്ല എന്ന് സ്റ്റോർ പർച്ചേസ് വകുപ്പ് അറിയിച്ചിട്ടുണ്ട്.

**തീരുമാനം:-** ഈ ആവശ്യത്തിന്മേൽ നഗരകാര്യ ഡയറക്ടറും കോർപ്പറേഷൻ സെക്രട്ടറിയും റിപ്പോർട്ടുകളൊന്നും പ്രത്യേകമായി നൽകിയിട്ടില്ല. ഈ സെന്ററിന്റെ ഇപ്പോഴത്തെ അവസ്ഥ, സെന്ററിന്റെ നടത്തിപ്പ് ചുമതല ആർക്കാണ് തുടങ്ങിയ വിശദാംശം സഹിതം നഗരകാര്യ ഡയറക്ടർ പരിശോധിച്ച് നൽകണം. ഇതു നൽകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.53 പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.01.2022-ലെ കത്ത് (SRG/ 133/22 - CC/78/22)**

*പ്രോ.നം. 10/22* *അടങ്കൽ 1,00,000/- രൂപ*
*(വികസന ഫണ്ട് - ജനറൽ - 50,000/- രൂപ*
*തനത് ഫണ്ട് - 50,000/- രൂപ )*

***പേര്:- പള്ളിയോടങ്ങൾക്ക് ഗ്രാന്റ്***

ആറന്മുള വള്ളംകളിയിൽ പങ്കെടുക്കുന്ന പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിനു വേണ്ടിയുള്ള ഈ പ്രോജക്ടിന് അനുമതി നല്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** **1)** പള്ളിയോടങ്ങൾക്ക് വികസനഫണ്ടുപയോഗിച്ച് ഗ്രാന്റ് കൊടുക്കാവുന്നതല്ല. എന്നാൽ തനത് ഫണ്ട് ഉപയോഗിക്കാവുന്നതാണ്. മറ്റ് തദ്ദേശഭരണസ്ഥാപനങ്ങൾ ഈ വർഷം ഗ്രാന്റ് നൽകിയ പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകാവുന്നതല്ല.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.54 കുട്ടിക്കൽ ഗ്രാമപഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.01.2022-ലെ കത്തും കുട്ടിക്കൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.09.2021-ലെ 1(8)-ാം നമ്പർ തീരുമാനവും (SRG/ 132/22 - CC/714/22)**

*പ്രോ.നം. 115/21* *അടങ്കൽ 70,000/- രൂപ*
*(എസ്.സി.പി)*

***പേര്:- മെഡിക്കൽ ക്യാമ്പും ഉപകരണ വിതരണവും***

അഞ്ച് പട്ടികജാതി സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പ് കഴിഞ്ഞ വർഷം നടത്തി. സി.എച്ച്.സിയിലെ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നിർവഹണം നടത്തിയ ഈ പ്രോജക്ട് കൊവിഡ് കാലഘട്ടത്തിലാണ് നടത്തിയത്. 70,000 രൂപ ചെലവഴിച്ചു. മാർഗരേഖ പ്രകാരം പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മാത്രമാണ് മെഡിക്കൽ ക്യാമ്പ് നടത്താവൂ എന്നതിനാൽ സർക്കാരിന്റെ പ്രത്യേക അനുമതി വേണമെന്ന് ചൂണ്ടിക്കാണിച്ച് ഇതിന്മേൽ ഓഡിറ്റ് കുറിപ്പുണ്ട്. നിർവഹണ ഉദ്യോഗസ്ഥനായ ഡോക്ടർ പെട്ടെന്ന് മരണപ്പെട്ടുപോയി. ഈ സാഹചര്യത്തിൽ പ്രത്യേക പരിഗണന നൽകി സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** പ്രത്യേകമായി പരിഗണിച്ച് അനുമതി നൽകുന്നു. എന്നാൽ ഓഡിറ്റ് കുറിപ്പ് വകുപ്പ് തലത്തിൽ പരിഗണിച്ച് തീർപ്പാക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (എ.ബി) വകുപ്പ്**

**4.55 ഇടുക്കി ജില്ലാ പഞ്ചായത്ത്**

**ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 31.12.2021-ലെ കത്ത് (SRG/ 162/22)**

ഇടുക്കി ജില്ലയിൽ പീരുമേട്, വണ്ടിപ്പെരിയാർ, മൂന്നാർ, പള്ളിവാസൽ, ദേവികുളം, ഉപ്പുതറ തുടങ്ങിയ പഞ്ചായത്തുകൾ തോട്ടം മേഖലയിലാണ്. ഈ പ്രദേശങ്ങളിൽ അങ്കണവാടികൾ, പകൽവീട്, സാംസ്കാരിക നിലയങ്ങൾ അടക്കമുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭൂമി സറണ്ടർ ചെയ്ത് കിട്ടാൻ ബുദ്ധിമുട്ടാണ്. അതിനാൽ തോട്ടം മേഖലകളിൽ ഉടമകളുടെ സമ്മതപത്രം/NOCയുടെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** ഇങ്ങനെ നിർമ്മിക്കുന്ന കെട്ടിടം എല്ലാകാലത്തും തദ്ദേശഭരണസ്ഥാപനത്തിന്റെ ആവശ്യത്തിനു മാത്രമേ ഉപയോഗിക്കു എന്നും ഇതു പൊളിച്ചു കളയുകയില്ലെന്നും എസ്റ്റേറ്റ് ഉടമ കരാറിലേർപ്പെടണമെന്ന നിബന്ധന യോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.56 ആലപ്പുഴ നഗരസഭ**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.01.2022-ലെ കത്തും ആലപ്പുഴ മുനിസിപ്പൽ സെക്രട്ടറിയുടെ 13.01.2022-ലെ കുറിപ്പും (SRG/ 131/22 - CC/653/22)**

*പ്രോ.നം. 524/22* *അടങ്കൽ 23,90,000/- രൂപ (CFC Basic Grant))*

***പേര്:- ABC ജില്ലാ പഞ്ചായത്തിന് തുക നൽകൽ***

എ.ബി.സി. പദ്ധതിക്കായി 23.90 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിനു കൈമാറാനായി പ്രോജക്ട് ഈ വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബഹു. കേരള ഹൈക്കോടതിയുടെ 11.08.2021-ലെ **WP(C)1328-A1-2021** ഉത്തരവ് പ്രകാരം പ്രോജക്ട് നടപ്പാക്കാൻ തടസ്സമുണ്ടെന്ന് അറിയിച്ചിരിക്കുന്നു. എ.ബി.സി. പദ്ധതി നടപ്പാക്കുന്നതിന് അനിമൽ വെൽഫെയർ ബോർഡിന്റെ അംഗീകാരം ഇല്ലാത്തതിനാൽ കുടുംബശ്രീ മിഷന് തുക കൈമാറുന്നതിന് ബുദ്ധിമുട്ടുണ്ട്. ഇത് സംബന്ധിച്ച് വ്യക്തത വരുത്തണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** ഇതു സംബന്ധിച്ച് ബഹു. ഹൈക്കോടതിയിലെ കേസു കൂടി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെ ടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**

**4.57 കൊച്ചി കോർപ്പറേഷൻ**

**മേയേഴ്സ് കൗൺസിൽ പ്രസിഡന്റിന്റെ 05.02.2022-ഡലെ CCPC 16/000843/21-ാം നമ്പർ കത്ത്. (SRG/ 163/22 )**

കൊച്ചി കോർപ്പറേഷൻ വിദ്യാർത്ഥികൾക്കും സർക്കാർ സ്കൂളുകളിലേയ്ക്കും ലാപ് ടോപ് വാങ്ങുന്നതിന് നാല് പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. **CPRCS** മുഖേന ലാപ് ടോപ് വാങ്ങാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ **CPRCS** ൽ ലാപ് ടോപ് ലഭ്യമല്ല. ജെം/ഇ-ടെണ്ടർ മുഖേന ലാപ് ടോപ് വാങ്ങുന്നതിന് ഇപ്പോൾ വില നിശ്ചയിച്ചിട്ടില്ല. വില നിശ്ചയിച്ച് നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** പൊതു തീരുമാനം ഖണ്ഡിക 3.7 ബാധകമാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.58 കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത്**

**കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് (ലഭിച്ചത് 07.02.2022 (SRG/166/22 )**

***പ്രോ.നം. 97/22*** ***അടങ്കൽ 5,00,000/- രൂപ (വികസനഫണ്ട് – ജനറൽ))***

***പേര്:- കാടകം വന സത്യാഗ്രഹ സ്ക്വയർ***

കാസർഗോഡ് ജില്ലയുടെ കിഴക്കൻ അതിർത്തി ഗ്രാമമായ കാടകത്ത് നടന്ന വനസത്യാഗ്രഹ സമരത്തിന്റെ സ്മരണ നിലനിർത്തുന്നതിന് സ്മാരകമായി "കാടകം വന സത്യാഗ്രഹ സ്ക്വയർ" നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഇതോടൊപ്പം കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് അങ്കണത്തിൽ കാടകം വന സത്യാഗ്രഹവുമായി ബന്ധപ്പെട്ട ചുമർ ചിത്രങ്ങളും ചുമർ ശില്പങ്ങളും നിർമ്മിക്കുന്നുണ്ട്. വനനിയമത്തിലെ ജനവിരുദ്ധ നയങ്ങൾക്കെതിരെയും ബ്രിട്ടീഷ് ഭരണത്തിനെതിരെയുമായിരുന്നു സമരം. സ്മാരകം നിർമ്മിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.59 കുളക്കട ഗ്രാമപഞ്ചായത്ത്**

**കുളക്കടഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.02.2022 ലെ K3-457/22-ാം നമ്പർ കത്ത് (SRG 166/22)**

ലൈഫ് ഗുണഭോക്താക്കൾക്ക് ഫ്ലാറ്റ് നിർമ്മിക്കുന്നതിന് 2020-21 ൽ കുളക്കട ഗ്രാമപഞ്ചായത്ത് സ്ഥലം വാങ്ങിയിരുന്നു. 49,72,000/- രൂപ ചെലവഴിച്ച് 67 ആർ 10. ച.മി ഭൂമിയാണ് വാങ്ങിയത്. കേരള സംസ്ഥാന ഹൗസിംഗ് ബോർഡു തയ്യാറാക്കിയ എസ്റ്റിമേറ്റു പ്രകാരം 8.448 കോടി രൂപയാണ് ആവശ്യമായ തുക. ഇത് കൂടുതലാ യതിനാൽ ഫ്ലാറ്റ് നിർമ്മിക്കുന്നതിനു പകരം ലൈഫ് മിഷൻ മാനദണ്ഡപ്രകാരം

വീട്ടനിർമ്മിച്ച നൽകാൻ തീരുമാനിച്ചു. അതിനാൽ ഫ്ലാറ്റ് നിർമ്മിക്കുന്നതിനായി വാങ്ങിയ വസ്തുവിൽ നിന്നും 3 സെന്റ് വീതം ലൈഫ് ഗുണഭോക്താക്കൾക്ക് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നൽകുന്നു. ലൈഫ് മൂന്നാംഘട്ടത്തിലെ ഗുണഭോക്താക്കൾക്ക് തന്നെയാകണം ആദ്യം സ്ഥലം നൽകുന്നതെന്നും അവർക്ക് വീടു വച്ചു നൽകാൻ മുൻഗണന നൽകണമെന്നും നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.60 മലപ്പുറം ജില്ലാ പഞ്ചായത്ത്

### ബഹു മങ്കട എം.എൽ.എ യുടെ 08.02.2022 ലെ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 30.11.2021 ലെ P4-1137/9-◌ാ◌ം നമ്പർ കത്തും (SRG 168/22)

മലപ്പുറം ജില്ലയുടെ വിവിധ ഭാഗങ്ങളിലുള്ള നെൽവയലുകളിലേക്ക് കൊയ്ത്തുമെതി യന്ത്രങ്ങൾ എത്തിക്കുന്നതിനും തിരികെ കൊണ്ടു വരുന്നതിനും ലോറി വാടകയ്ക്ക് എടുത്താണ് ഉപയോഗിക്കുന്നത്. ഇതിനുപകരം കൊയ്ത്തുമെതിയന്ത്രം പാടത്തേക്ക് കൊണ്ടുപോകുന്നതിനും തിരികെ കൊണ്ടുവരുന്നതിനും ഒരു ലോറി വാങ്ങുന്നതിന് ജില്ലാ പഞ്ചായത്ത് ഉദ്ദേശിക്കുന്നു. ഇതിനായി 25.00 ലക്ഷം രൂപ തനതുഫണ്ടിൽ വകയിരുത്താൻ ജില്ലാ പഞ്ചായത്തു ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. ഇതനുസരിച്ച് ലോറി വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.61 തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം

### തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 10.1.22 ലെ DB1/228/22/CE/LID & EW നമ്പർ കത്ത് (SRG 170/22)

ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് ഒരു ക്ലർക്കിന്റെ സേവനം ലഭ്യമാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും ഗ്രാമപഞ്ചായത്ത് ഓഫീസുകളിലെ ജോലിഭാരം കാരണം ചുരുക്കം ചില അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഓഫീസുകളിൽ മാത്രമാണ് ക്ലർക്കുമാരെ ഗ്രാമപഞ്ചായത്തിൽ നിന്ന് നൽകിയിട്ടുള്ളൂ. ക്ലാർക്കുമാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നത് സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ആയതിന് വിമുഖത കാണിക്കുന്നുണ്ട്.

ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഓഫീസിലേക്ക് ഒരു ക്ലറിക്കൽ തസ്തിക സ്ഥിരമായി അനുവദിച്ച് നൽകുന്നതിനോ

ദിവസവേതനാടിസ്ഥാനത്തിൽ ഒരു ക്ലർക്കിനെ നിയമിച്ച് വേതനം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകുന്നതിനോ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് ഗ്രാമപഞ്ചായത്തിൽ നിന്നു ക്ലാർക്കുമാരെ നൽകിയിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ഒരു ക്ലർക്കിനെ നിയമിക്കാവുന്നതാണ്. ഇതിനായി തനതുഫണ്ടുപയോഗിക്കേണ്ടതാണ് (പൊതു വിഷയം ഖണ്ഡിക 3.15).

**നടപടി:- തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

## 4.62 കെ.എസ്.ആർ.റ്റി.സി

**കെ.എസ്.ആർ.റ്റി.സി നടപ്പാക്കുന്ന ഗ്രാമവണ്ടി പദ്ധതി സംബന്ധിച്ച് ബഹു. തദ്ദേശസ്വയംഭരണ–എക്സൈസ് വകുപ്പ് മന്ത്രിയും ബഹു. ഗതാഗത വകുപ്പ മന്ത്രിയുമായി 10.01.2022 ൽ നടന്ന യോഗത്തിന്റെ മിനിറ്റ്സും KSRTC MD യുടെ 11.10.2021 ലെ TR1/601615/2021-ാം നമ്പർ കുറിപ്പും (SRG 172/22 – LSGD – DC2/222/2021-LSGD).**

കെ.എസ്.ആർ.റ്റി.സി തദ്ദേശഭരണസ്ഥാപനങ്ങളുമായി ചേർന്ന് 'ഗ്രാമവണ്ടി' എന്ന പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നു. ഗ്രാമപ്രദേശങ്ങളിലേയ്ക്കും സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന മേഖലകളിലേക്കും പൊതു ഗതാഗതം ലഭ്യമാക്കുന്നതിനാണ് പദ്ധതി. ഇതിന് തദ്ദേശഭരണസ്ഥാപനങ്ങൾ വഹിക്കേണ്ട താഴെപ്പറയുന്ന ചുമതലകൾ നടപ്പാക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

1) ഗ്രാമവണ്ടി സർവ്വീസിന് ആവശ്യമായ ഡീസൽ ചെലവിന് തനതുഫണ്ടും വികസനഫണ്ടും ഉപയോഗിക്കാൻ അനുമതി നൽകണം. മലയോര ട്രൈബൽ മേഖലയിൽ ഏർപ്പെടുത്തുന്ന ഗ്രാമവണ്ടിയുടെ ചെലവ് തദ്ദേശഭരണസ്ഥാപനങ്ങളുടെ റ്റി.എസ്.പി, എസ്.സി.പി വിഹിതത്തിൽ നിന്ന് ചെലവഴിക്കുന്നതിനു നിർദ്ദേശം നൽകണം.
2) പൊതുജനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സംഭാവനകളും പരസ്യങ്ങളും സ്വീകരിച്ച് സ്പോൺസർഷിപ്പ് വ്യവസ്ഥയിൽ ആവശ്യമായ തുക കണ്ടെത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് നിർദ്ദേശം നൽകണം.
3) ഒന്നിലധികം തദ്ദേശഭരണസ്ഥാപനങ്ങൾ ചേർന്ന് പദ്ധതികൾ നടത്താൻ ജില്ലാ പഞ്ചായത്തിനെ ചുമതലപ്പെടുത്തണം.
4) കെ.എസ്.ആർ.റ്റി.സി സ്റ്റേ ബസുകൾക്കാവശ്യമായ പാർക്കിംഗ്, ജീവനക്കാർക്കുള്ള സ്റ്റേ സൗകര്യം എന്നിവ സൗജന്യമായി ക്രമീകരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണം.

**തീരുമാനം:-** ഗ്രാമവണ്ടി സർവ്വീസിന് പ്രദേശത്തെ ആവശ്യകത കൂടി പരിശോധിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ടുകളിൽ ഓടുന്ന ബസുകൾക്ക് തനതു ഫണ്ട് / സംഭാവന ഉപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് യഥേഷ്ടാനുമതി നൽകുന്നു. ഇതിനായി റ്റി.എസ്.പി, എസ്.സി.പി വിഹിതമടക്കമുള്ള വികസന ഫണ്ട് ഉപയോഗിക്കാവുന്നതല്ല. മുകളിൽ ക്രമ നമ്പർ 2 സംബന്ധിച്ച് ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകൾക്ക് തീരുമാനമെടുക്കാവുന്നതാണ്. ക്രമ നമ്പർ 3 സംബന്ധിച്ച് പിന്നീട് ആവശ്യമനുസരിച്ച് പരിഗണിക്കുന്നതാണ്. സ്റ്റേ ബസുകളിലെ ജീവനക്കാർക്ക് സൗകര്യം ഒരുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ സാധിക്കാവുന്ന സഹായം ചെയ്തു നൽകണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.63 കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ (KSSM)

**കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ അസിസ്റ്റന്റ് ഡയറക്ടറുടെ 05.02.2022 ലെ കുറിപ്പും അനുബന്ധമായി ചേർത്തിരിക്കുന്ന വിശദാംശങ്ങളും. (SRG 173/22)**

കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ ആരോഗ്യചികിത്സാ രംഗത്ത് വിവിധ പരിപാടികൾ നടപ്പാക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് നൽകുന്നതിന് ബഡ്ജറ്റ് പ്രകാരമുള്ള തുക അപര്യാപ്തമാണ്. 2013 ലെ 1209/2013/ തസ്വഭവ ഉത്തരവു പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ, ബ്ലോക്ക് പഞ്ചായത്ത് / മുനിസിപ്പാലിറ്റികൾക്ക് 10.00 ലക്ഷം രൂപ വീതം, ജില്ലാ പഞ്ചായത്ത് / കോർപ്പറേഷനുകൾക്ക് 25.00 ലക്ഷം രൂപ എന്നീ ക്രമത്തിൽ ഓരോ വർഷവും **KSSM** ന് സംഭാവനയായി നൽകാൻ യഥേഷ്ട അനുമതി നൽകിയിരുന്നു. ഈ ഉത്തരവു പ്രകാരം 2013-14 വർഷവും തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലും തുക നൽകാനാണ് അനുമതി നൽകിയിരുന്നത്. 2013 – ലെ മുകളിൽ പറഞ്ഞ ഉത്തരവ് പുതുക്കി തുടർന്നും ഈ നിരക്കിൽ നൽകുവാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** ധനസഹായം സ്വീകരിക്കുന്ന അർഹതപ്പെട്ട രോഗികളുള്ള നഗരസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും രോഗികളുടെ എണ്ണത്തിന്റെയും ആവശ്യത്തിന്റെയും അടിസ്ഥാനത്തിൽ KSSM ന് തുക നൽകാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന വിഹിതം അതതു തദ്ദേശഭരണസ്ഥാപനങ്ങളിലെ രോഗികൾക്ക് കിട്ടുന്നുണ്ട് എന്നുറപ്പുവരുത്തണം.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

### 4.64 കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.02.2022 ലെ കത്തും കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.01.2022 ലെ കത്തും 18.12.2021 ലെ CC യോഗ തീരുമാനവും (SRG 174/22** – CC/74/2022)

*പ്രോ.നം: 176/22* *അടങ്കൽ - 14,95,000/- രൂപ*
*( മെയിന്റനൻസ് ഗ്രാന്റ് - റോഡ്)*

***പേര് – ശബരിറെയിൽവേ സമാന്തര പാതകൾ മെയിന്റനൻസ്***

കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ രണ്ടാം വാർഡിൽ ചെങ്ങൽ വട്ടത്തറ പ്രദേശത്ത് ശബരി റെയിലിന്റെ രണ്ടു സമാന്തര പാത റയിൽവേ നിർമ്മിച്ചു നൽകിയിരുന്നു. ഇതിന് അറ്റകുറ്റപ്പണി നടത്തേണ്ടതുണ്ട്. ഇതിന്റെ റിപ്പയർ ചെയ്യാൻ റെയിൽവേ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അനുമതി നൽകിയിട്ടുണ്ട്. ഇത് മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉയോഗിച്ച് റിപ്പയർ ചെയ്യാൻ അനുമതി നൽകണമെന്ന ഗ്രാമപഞ്ചായത്തിന്റെ ആവശ്യം 18.12.2021 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ചർച്ച ചെയ്തു. ഗ്രാമപഞ്ചായത്തിന്റെ ആസ്തി അല്ലാത്തതിനാൽ ഇതിന് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ലെന്നും രണ്ടു പാതകൾക്കായി പ്രത്യേക എസ്റ്റിമേറ്റ് തയ്യാറാക്കി അനുവദനീയമായ വികസനഫണ്ടോ തനതുഫണ്ടോ ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കാനും യോഗം നിർദ്ദേശിച്ചു. തനതുഫണ്ടും വികസന ഫണ്ടും കണ്ടെത്താൻ പ്രയാസമായതിനാൽ ഈ തീരുമാനം പുനഃപരിശോധിക്കണമെന്നും മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിക്കാൻ പ്രത്യേകാനുമതി നൽകുന്നു. എന്നാൽ രണ്ടു പാതകൾക്കായി പ്രത്യേക എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

### 4.65 മലപ്പുറം ജില്ലാ പഞ്ചായത്ത്

**ബഹു.രാജ്യസഭാ എം.പി ശ്രീ അബ്ദുൾ വഹാബിന്റെ 08.02.2022 ലെ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 1(26)-ാം നമ്പർ കത്തും (SRG ----/22)**

നിലമ്പൂർ നഗരസഭാ പരിധിയിൽ "സ്കൂൾ ഓഫ് ഹിയറിംഗ് ഇംപയേർഡ്" എന്ന സ്ഥാപനം പ്രവർത്തിക്കുന്നു. ഏറനാട് ചാരിറ്റബിൾ ട്രസ്റ്റിന് കീഴിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ 102 വിദ്യാർത്ഥികൾ ഉണ്ട്. 2005 ൽ ഈ സ്ഥാപനത്തിന് എയ്ഡഡ് പദവി ലഭിച്ചു. ജില്ലയിലെ ഗ്രാമപഞ്ചായത്തു പ്രദേശത്തെ സ്കൂളിലെ കുട്ടികളും ഇവിടെ പഠിക്കുന്നുണ്ട്. 50-ഓളം കുട്ടികൾ വാടകയ്ക്ക് എടുത്തിട്ടുള്ള കെട്ടിടത്തിലാണ് താമസിച്ചുവരുന്നത്. ഇവർക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും 70.00 ലക്ഷം രൂപ വകയിരുത്തി ഒരു ഹോസ്റ്ററൽ നിർമ്മിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** എയ്ഡഡ് സ്ഥാപനത്തിന് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾ ധനസഹായം നൽകാവുന്ന തല്ല. അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

### 4.66 മലപ്പുറം ജില്ലാ പഞ്ചായത്ത്

**ബഹു.രാജ്യസഭാ എം.പി ശ്രീ അബ്ദുൾ വഹാബിന്റെ 08.02.2022 ലെ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 22.11.2021 ലെ** G2-4800/15-ാം **നമ്പർ കത്തും (SRG 176/22)**

അവയവം മാറ്റി വച്ചവർക്ക് ധനസഹായം നൽകുന്നതിന് മലപ്പുറം ജില്ലാപഞ്ചായത്തിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. കരൾ, കിഡ്നി, ഹൃദയ സംബന്ധമായ രോഗങ്ങൾ ഉള്ളവർക്ക് അവയവം മാറ്റി വയ്ക്കേണ്ടി വരും. ഇത്തരം രോഗികളിൽ 1.00 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളവർക്ക് ഒരു ലക്ഷം രൂപ ധനസഹായം നൽകാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി പ്രോജക്ട് തയ്യാറാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** അവയവം മാറ്റി വച്ചവർക്ക് **Kerala Social Security Mission** ധനസഹായം നൽകുന്നുണ്ട്. **KSSM** ധനസഹായം നൽകുന്ന സാഹചര്യത്തിൽ അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

യോഗം വൈകിട്ട് 7.00 മണിക്ക് അവസാനിച്ചു.

**അനുബന്ധം**

**<u>യോഗത്തിൽ പങ്കെടുത്തവർ</u>**

1. ബഹു. തദ്ദേശസ്വയംഭരണ – എക്സൈസ് വകുപ്പ് മന്ത്രി
2. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3. മെമ്പർ, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
4. പ്രിൻസിപ്പൽ സെക്രട്ടറി (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ്
5. അഡീഷണൽ ചീഫ് സെക്രട്ടറി , പ്ലാനിംഗ് ആന്റ് എക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ് (പ്രതിനിധി)
6. പ്രിൻസിപ്പൽ സെക്രട്ടറി, ഫിനാൻസ് (പ്രതിനിധി)
7. ഡയറക്ടർ, പഞ്ചായത്ത് വകുപ്പ് (പ്രതിനിധി)
8. ഡയറക്ടർ, നഗരകാര്യ വകുപ്പ്
9. ഗ്രാമവികസന കമ്മീഷണർ
10. ഡയറക്ടർ ജനറൽ, കില
11. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ (പ്രതിനിധി)
12. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
13. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ (പ്രതിനിധി)
14. മിഷൻ ഡയറക്ടർ, MGNREGS (പ്രതിനിധി)
15. ഡയറക്ടർ, ശുചിത്വമിഷൻ (പ്രതിനിധി)
16. മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
17. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
18. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് (പ്രതിനിധി)
19. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് (പ്രതിനിധി)
20. ഡയറക്ടർ, ആരോഗ്യവകുപ്പ്
21. ഡയറക്ടർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് (പ്രതിനിധി)
22. എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ
23. പ്രോജക്ട് ഡയറക്ടർ, സമഗ്രശിക്ഷാ കേരളം
24. മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി (പ്രതിനിധി)
25. ഡയറക്ടർ, ഐ.റ്റി.മിഷൻ (പ്രതിനിധി)
26. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി (പ്രതിനിധി)
27. മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.റ്റി.സി (പ്രതിനിധി)
28. മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (പ്രതിനിധി)